**സീൻ–1**

**റബ്ബർ തോട്ടം**

**Night/Ext**

ദൂരക്കാഴ്ചയിൽ മിന്നാമിനുങ്ങിനെ തോന്നിപ്പി ക്കുന്ന രീതിയിൽ വെളിച്ചങ്ങൾ കാണുന്നു. റബ്ബർ വെട്ടുന്നതിന്റെയും പാൽ കിനിഞ്ഞു ഒഴുകുന്നതിന്റെയും അടുത്ത ദൃശ്യം.

- Cut to-

**സീൻ–1A**

## ഫോറസ്റ്റ് വാച്ചറുടെ വീട്

**Night/Ext**

കുത്തനെ താഴോട്ടു നടയുള്ള വീട്ടിൽ നിന്നും ഒരു മനുഷ്യൻ ഇറങ്ങിപ്പോകുന്നു. ഒറ്റ നോട്ടത്തിൽ വിഡ്ഢി എന്ന് തോന്നിപ്പിക്കുന്നയാൾ.
യൂണിഫോം കൊണ്ട് ഫോറസ്റ്റ് വാച്ചർ ആണെന്ന് വ്യക്തം. അയാൾ പോകുമ്പോൾ ആ വീടിന്റെ നാലുപാളി വാതിലിന്റെ മുകളിലെ പാളി തുറന്ന് അകത്തേക്ക് കവച്ചു കടക്കുന്ന കാലൻ വർക്കി അകത്തു തടിച്ചിയായ ഒരു സ്ത്രീ ചിരിച്ചു കൊണ്ട് നില്പ്പുണ്ട്.

- Cut to-

**സീൻ–1B**

**റബ്ബർതോട്ടം**

**Night/Ext**

റബർ വെട്ടുന്ന സോഫിയെ കാണിക്കുന്നു. അതിലുള്ള അവളുടെ പാടവം പ്രവർത്തികളിൽ കാണാം. നെറ്റിയിൽ ലൈറ്റുണ്ട്. ഒട്ടുപാൽ പെറുക്കി പിന്നേ പോകുന്ന ആന്റണി. അവളുടെ പിൻഭാഗത്താണ് അവന്റെ നോട്ടം.

- Cut to-

**സീൻ–1 C**

## നാടിന്റെ വിവിധ ദൃശ്യങ്ങൾ

**Day/Ext**

ദൂരെ കാട്, മല, പുഴ, ഒരു പറമ്പിൽ നാട്ടിയിരിക്കുന്ന കുരിശ്. പുലർച്ചെ കടകൾ തുറക്കാത്ത കവല. ഒരു ബോർഡ് കാണിക്കുന്നു. അതിൽ 'അന്നമ്മ മലഞ്ചരക്ക്' എന്ന് മുകളിലും താഴെ 'വ്യാപാരം' എന്നും അതിന്റെ താഴെ 'പാൽ സംഭരണം' എന്നും എഴുതിയിരിക്കുന്നു. നീലക്കളർ ഡ്രമ്മുകളിൽ നിറച്ചു വെച്ചിരിക്കുന്ന റബ്ബർ പാൽ, ഉണങ്ങാൻ ഇട്ടിരിക്കുന്ന ജാതിക്കായും പത്രിയും.

ഒരു കാട് പിടിച്ചു കിടക്കുന്ന കിണറ്റിലേക്ക് ആരും കാണാതെ പതുങ്ങി വന്നു അറവു വേസ്റ്റ് കൊണ്ടിടുന്ന ആന്റണി.

- Cut to-

## സീൻ–1D

## ഇറച്ചിക്കട

**Night/Ext**

ഇറച്ചി തൂക്കുന്ന കൊളുത്തിൽ തൂങ്ങി ബലം ഉറപ്പു വരുത്തുന്ന ആന്റണി. ആന്റണി ഇറച്ചിത്തുണ്ടം കമ്പിയിൽ തൂക്കുന്നു.
ഭായി തടിയിൽ പറ്റിപ്പിടിച്ചിരിക്കുന്ന ഉണങ്ങിയ മാംസ അവശിഷ്ടങ്ങൾ ചുരണ്ടിക്കളയുന്നു.
ആന്റണിയെ അസൂയയോടെ ഭായ് നോക്കുന്നു.
ത്രാസ്സ് ക്ലീൻ ചെയ്യുന്നു.
ഇറച്ചിക്കടയിൽ രണ്ടു മൂന്നു പേർ ഇറച്ചി വാങ്ങിക്കാൻ നില്ക്കുന്നു. അതിൽ ഒരു പ്രമാണിയുണ്ട്.

പ്രമാണി: ഞാനേ ഇറച്ചി തിന്നുന്നോണ്ടേലേ വർക്കിച്ചന്റെ കടേന്നു മേടിച്ചതേ ഒള്ളൂ. ഇതേ ഇറച്ചിയാ അല്ലാതെ റാന്നി വെട്ടുപോലെ കരളും മാങ്ങായും ചെത്തിയിട്ടതല്ല.

അയാൾ വർക്കിയുടെ നേരെ കൂടു നിവർത്തിക്കാണിക്കുന്നു.

പ്രമാണി: ഇത്തിരി കൂടെ..ഇത്തിരി കൂടെ...

രണ്ടു നെയ്തുണ്ടമെടുത്തു കൂട്ടിനകത്തേക്ക് എറിയുന്ന വർക്കി നിവർത്തിയ കൂടു അങ്ങനെ തന്നെ പിടിച്ചു

പ്രമാണി: കൊറച്ചു എല്ലുടെ...കപ്പയ്ക്കാ...

വർക്കിയുടെ മുഖത്തു സന്തോഷമുണ്ടെങ്കിലും ദേഷ്യം നടിച്ചു കുറച്ചു എല്ലുടെ അതിലേക്കിടുന്നു. എല്ലിൽ നിന്നും ഇറച്ചി വേർപെടുത്താൻ ശ്രമിക്കുന്ന ഭായിയെ തിരിഞ്ഞു നിന്ന്

വർക്കി: എടാ നാറി...നീ ചെരയ്ക്കുവാണോ...? ചെരണ്ടുവാണോ..?

ഫോറസ്റ്റ് വാച്ചർ യുണിഫോമിൽ വലിയൊരു എമർജൻസി ലൈറ്റുമായി ഉറക്കച്ചടവോടെ നിൽക്കുന്നു. ഒരു തേക്കിലയിൽ അയാൾക്ക് നല്ല ഇറച്ചിയും കരളും ചെത്തിയെടുത്തു പൊതിഞ്ഞു സ്നേഹത്തോടെ കൊടുക്കുന്ന വർക്കി . വാച്ചറുടെ മുഖത്തും ഭാര്യയുടെത് പോലെ ഒരു ശൃംഗാര ചിരിയുണ്ട്.

- Cut to-

**സീൻ-1 E**

**പള്ളി**

**Night/Ext**

പ്രമാണി പള്ളിയുടെ മുന്നിൽ

പ്രമാണി : ശ്ശൊ...കുർബാന

അയാൾ ഒരു മരത്തിൽ ഇറച്ചിക്കൂട് തൂക്കുന്നു.
അതിപ്പോൾ ഒരു ക്രൂശിത രൂപം പോലെ.

- Cut to-

പള്ളിയിലെ തിരുരൂപം കാഴ്ചയിൽ. കുർബാന
കഴിഞ്ഞു ആളുകൾ ഇറങ്ങിപ്പോകുന്ന സമയത്ത്
അച്ചൻ പള്ളി വസതിയിലേക്ക് കയറിപ്പോകു
മ്പോൾ തേക്കില കൊണ്ടുള്ള ഇറച്ചിപ്പൊതിയും
മറുകയ്യിൽ ഒരു കറുത്ത കൂടുമായി ആന്റണി.
അവനെ കണ്ടു അച്ചന്റെ മുഖം തെളിയുന്നു.

ആന്റണി : കൊറക് തന്നെയാണച്ചോ...

അച്ചൻ(ഗൌരവത്തിൽ) : ആ കൊറവോന്നുമില്ലല്ലോ...?

ഇത് പറഞ്ഞു ആന്റണിയുടെ കയ്യിലെ കവറിലേക്ക്
പ്രതീക്ഷയോടെ നോക്കുന്നു.

ആന്റണി : സിസ്റ്റർമാരുടെ മഠത്തിലെക്കാ അച്ചോ...

ശബ്ദം താഴ്ത്തി ആന്റണി : നാക്കൊക്കെ വെട്ടി അരിഞ്ഞതാ...

അച്ചൻ ശൃംഗാര ഭാവത്തിൽ മൂളുന്നു. : ഉം....

- Cut to-

**സീൻ–1F**

**റോഡ്**

**Day/Ext**

സൈക്കിളിൽ അവിടിവിടെ തൂക്കിയ ഇറച്ചിക്കൂടുകളുമായി കയറ്റം ഉന്തി കയറ്റുന്ന ആന്റണി. അവന്റെ എതിർവശത്ത് കൂടി ഇറക്കം ഇറങ്ങി വരുന്ന ദൈവസഹായം ഓട്ടോ. അതിൽ ഒരു പോത്ത് നിൽക്കുന്നു.

- Cut to-

## സീൻ–1G

## റോഡ്/വീടുകൾ

**Day/Ext**

ഓടുന്ന സൈക്കിളിൽ നിന്ന് പെഡലിൽ ചവുട്ടി ഇറങ്ങുന്ന ആന്റണി. ഒരു അമ്മച്ചി കയ്യിൽ ചട്ടിയുമായി വന്നു ആഹ്ലാദത്തോടെ ഇറച്ചി വാങ്ങിക്കുന്നു. ട്രേയിൽ റബ്ബർപാൽ ഉറച്ചത് അടുക്കിയതുമായി താങ്ങാൻ ബുദ്ധിമുട്ടി നടന്നു പോകുന്ന ഒരാൾ. സ്റ്റാന്റ് തട്ടി സൈക്കിൾ വെയ്ക്കുന്ന ആന്റണിയുടെ കാൽ.
തുളസിത്തറയുള്ള മുറ്റത്തേക്കു ഇറച്ചിപ്പൊതിയുമായി കയറുന്ന ആന്റണി. ഇറയത്തു ചാരുകസേരയിൽ കുറി തൊട്ടിരിക്കുന്ന ആൾ എഴുന്നേറ്റു.

അയാൾ : ച്ഛായ്, ഹെന്താത് ? അപ്പുറത്തൂടി വന്നോളൂ, ചായ്പ്പിൽ വെച്ചോളൂ.

ആന്റണിയുടെ സൈക്കിൾ മണി അടിച്ചു തിരികെ പോകുന്ന ദൃശ്യം. അപ്പോൾ അയാൾ അടുക്കള ഭാഗത്തേക്ക് തിരിഞ്ഞു മന്ദഹാസത്തോടെ

അയാൾ : അല്പം തേങ്ങാപ്പാൽ ചേർത്തു വെച്ചോളൂ.
അയാൾ വെള്ളമിറക്കുന്നു.

- Cut to-

**സീൻ–I H**

## സോഫിയുടെ വീട്

**Day/Ext**

വീടിന്റെ തിണ്ണയിലിരുന്നു കപ്പ നുറുക്കുന്ന സോഫി.

ആന്റണി താമസിക്കുന്ന റബർ പുരയുടെ വാതിലിൽ കൈപിടിച്ചു കൗതുകത്തോടെ നോക്കുന്നു. അത് മനസ്സിലായ സോഫി നിലത്തു നിന്ന് വലിയൊരു കപ്പയെടുത്തു കുത്തനെ പിടിച്ച് നിഷ്കരുണം മൂന്നായി വെട്ടുന്നു.

ആന്റണി പെട്ടെന്ന് മുഖം തിരിക്കുന്നു. തിണ്ണയി ലേക്ക് കയ്യിലൊരു വടവുമായി വരുന്ന കാലൻ വർക്കി സോഫിയെ ഒന്ന് നോക്കി അകത്തേക്ക് കയറിപ്പോകുന്നു.

സോഫി: എന്നാ ഇച്ചായാ...? ചെണ്ടയോ...? കൊഴയോ..?

റബ്ബർ പുരയിൽ നില്ക്കുന്ന ആന്റണി.

ആന്റണി: ഒരു കോപ്പിലെ ആങ്ങളേം പെങ്ങളും.

- Cut to-

**സീൻ–11**

**ആന്റണിയുടെ വീട്**

**Day/Int**

മണ്ണെണ്ണ സ്റ്റൗവ് അടിച്ചു കത്തിക്കുന്ന ആന്റണി. കലത്തിലേക്ക് അരിയിട്ട ശേഷം അവൻ പുറത്തേക്ക്.

- Cut to-

**സീൻ–1J**

## സോഫിയുടെ വീട്

**Night/Ext**

ഇരുട്ടിൽ ഒരു ഈർക്കിലിൽ പകുതിയോളം ഇടത്തരം പുഴ മത്സ്യങ്ങളുമായി വരുന്ന ആന്റണി. സോഫിയുടെ മുറിയിലെ വെളിച്ചം കണ്ടു അവൻ ജനൽ വഴി നോക്കുന്നു. പ്രണയഭാവം നടിച്ചു മുന്നോട്ടു വന്നു സമർത്ഥമായി ജനലുവഴി മീൻ കോർമ്പൽ സോഫി കൈക്കലാക്കുന്നു.
മുറിയിലെ ലൈറ്റ് ഓഫ് ആയി.

- Cut to-

**സീൻ–1K**

**ആന്റണിയുടെ മുറി**

**Night/Int**

സ്വന്തം മുറിയിൽ കഞ്ഞിയിൽ ഉപ്പുമാത്രം ഇട്ടു കഴിക്കുന്ന ആന്റണി.

- Cut to-

**സീൻ–1L**

**പറമ്പ്/തോട്**

**Night/Ext**

കയ്യിൽ ഒരു ചളുങ്ങിയ അലുമിനിയ കുടവുമായി പൂർണ്ണ നിലാവത്ത് ആ നാട്ടിലെ പറമ്പുകളും തോടുകളും കയറി ഇറങ്ങുന്ന ആന്റണി.
എല്ലാം പെട്ടെന്ന് മിന്നി മായുകയാണ്.
ഒടുവിൽ നല്ല നീരൊഴുക്കുള്ള തോട്ടിൽ ഇറങ്ങി താൻ വെച്ച ഒറ്റാൽ പരിശോധിക്കുന്ന ആന്റണി.
അതിലൊന്നുമില്ലെന്നു മനസ്സിലായ ആന്റണി അതെടുത്ത് കേടുപാടുകൾ നോക്കുന്നത് പോലെ അതിലൂടെ ആകാശത്തേക്ക് നോക്കുന്നു.
മേഘങ്ങൾക്കിടയിൽ ചന്ദ്രൻ ഉദിച്ചു വരുന്നു.

- Cut to-

**പുലർച്ചെ/ഇരുട്ട്/Ext**

ഒരു അമ്മിക്കല്ലിൽ കത്തി രാകുന്നു. ഇറച്ചിക്കടയിലെ മഞ്ഞവെളിച്ചത്തിൽ കത്തിയുടെ മൂർച്ചയുള്ള ഭാഗം തിളങ്ങുന്നു.

- Cut to-

**സീൻ–1 M**

**Night/Int**

രാകുന്ന ശബ്ദത്തിനൊപ്പിച്ചെന്ന വണ്ണം, മരണാസന്നനായി ശ്വാസം വലിക്കുന്ന ഒരു വൃദ്ധൻ.
തല മൂടിപ്പുതച്ചു ഉറങ്ങുകയാണെന്ന മട്ടിൽ മൊബൈലിൽ മെസ്സേജ് നോക്കുന്ന പെൺകുട്ടി.
ഉറങ്ങുന്ന ഒരു പൂച്ച.
പുസ്തകം നെഞ്ചിൽ വെച്ചു ഉറങ്ങുന്ന നക്സൽ പ്രഭാകരൻ.
മുറിയിൽ ബൾബു പ്രകാശിക്കുന്നുണ്ട്.

ഒരു വീടിന്റെ സൺഷേഡിൽ കൂടി കൈ കുത്തി പമ്മി എത്തുന്ന പെശകൻ ശങ്കു. അയാൾ സൺഷേഡിൽ കൂടി മുറിയ്ക്കുള്ളിലേക്ക് ഒളിഞ്ഞു നോക്കാൻ ശ്രമിക്കുന്നു.
വെന്റിലേഷനിലൂടെ വരുന്ന വെളിച്ചത്തിൽ അയാളുടെ മുഖം വ്യക്തമാണ്.

- Cut to-

**സീൻ–2**

**ഇറച്ചിക്കട**

**Night/Int**

കശാപ്പു ചെയ്യാനുള്ള ഒരുക്കങ്ങൾ.
ബലം പരിശോധിക്കുന്ന കൂടം.
പോത്തിനടുത്തെക്ക് നീങ്ങുന്നു.
മങ്ങിയ വെളിച്ചത്തിൽ വലിയ പോത്ത്.
മൃഗത്തിന്റെ മുക്ര, വലിയുന്ന കയർ.
തെറിച്ചു വീഴുന്ന നനഞ്ഞ മണ്ണ്.
ഇപ്പോൾ കത്തി രാകുന്ന രീതിയ്ക്ക് എന്തോ
സംശയം വരുന്നത് പോലെ താളത്തിനു
വ്യത്യാസം വരുന്നു.
പറിയാൻ പോകുന്ന ഒരു കുറ്റി.
കത്തി രാകൽ നിൽക്കുന്നു.
കുറ്റി പറിഞ്ഞു മണ്ണോടെ സ്ക്രീനിൽ ഇടിക്കുന്നു.

ഇരുട്ട്.
ബഹളങ്ങളും ആക്രോശങ്ങളും.

: പണി കിട്ടിയെടാ, പിടിച്ചു കെട്ടടാ...

കൂടെ ഹിന്ദിയിലും ആക്രോശം.

- Cut to-

**സീൻ–3**

**ഒരു പറമ്പ്**

**Night/Ext**

ഒരു പറമ്പിൽ മൂടിപ്പുതച്ചിരുന്നു തീ കായുന്ന രണ്ടു പേർ. പെട്ടെന്ന് മൃഗത്തിന്റെ മുക്രയും കുളമ്പടി ശബ്ദവും. അവർ തിരിഞ്ഞു നോക്കുന്നു, അവരുടെ മുഖത്തു പരിഭ്രമം. പക്ഷെ പ്രതികരിക്കാൻ കഴിയും മുമ്പ് അവർക്കിടയിലൂടെ തീ തട്ടിത്തെറുപ്പിച്ചു പാഞ്ഞു പോകുന്ന മൃഗത്തിന്റെ കാലുകൾ. പിന്നോട്ട് മറിഞ്ഞു വീഴുന്ന അവർ.
ഇരുട്ടിൽ അന്തരീക്ഷത്തിൽ പറന്നു കളിയ്ക്കുന്ന തീപ്പൊരികൾ.

ടൈറ്റിൽ കാണിക്കുന്നു.

അന്തരീക്ഷത്തിൽ തീപ്പൊരികൾ.
പശ്ചാത്തലത്തിൽ കുളമ്പടി ശബ്ദവും,
ബഹളങ്ങളും മുക്രയും. ടൈറ്റിൽ
അവസാനിക്കുമ്പോൾ സമീപത്തെ
കച്ചിത്തുറുവിലേക്ക് തീ പടരുന്നു.
ബഹളങ്ങൾ വലിയ നിലവിളിയായി മാറുന്നു.

- Cut to-

**സീൻ–3 A**

**വീട്**

**Night/Ext**

ബഹളങ്ങൾ കേട്ട് സൺഷേഡിൽ
കിടന്നു ഉറങ്ങിപ്പോയ പെശകൻ ശങ്കു
ചാടിയെഴുന്നേൽക്കുന്നു. ആ ആയത്തിൽ തന്നെ
താഴേക്കു വലിയ ശബ്ദത്തോടെ മറിഞ്ഞു വീഴുന്നു.
ശങ്കുവിന്റെ മുഖത്തു തീവെട്ടം മിന്നുന്നു.

- Cut to-

**സീൻ–4**

## നക്സൽ പ്രഭാകരന്റെ വീട്

**Night/Ext**

മുറിയിൽ വെളിച്ചമുണ്ട്. ആരുടെയോ ശക്തമായ മുട്ടിൽ വാതിൽ വിറയ്ക്കുന്നു.
കണ്ണ് തുറന്നു നക്സൽ പ്രഭാകരൻ ചാടിയെഴു ന്നേറ്റു പേടിച്ചു കട്ടിലിൽ കുത്തിയിരിക്കുന്നു. വാതിലിൽ മുട്ടുന്ന ശബ്ദം കൂടുന്നു. വെട്ടുകല്ലിൽ പണിത തേക്കാത്ത ഭിത്തിയിൽ പിടിപ്പിച്ച വാതിൽ പറിഞ്ഞു പോകുമെന്ന് തോന്നും. അപ്പോൾ പ്രഭാകരൻ പമ്മി വന്നു വാതിൽ അല്പം തുറന്നു. മുറിയിൽ നിന്ന് വീഴുന്ന വെളിച്ചത്തിൽ കാലൻ വർക്കിയുടെ മുഖം. അയാളുടെ മുഖത്തു പരിഭ്രാന്തിയും കിതപ്പും.
ആളെത്തിരിച്ചറിഞ്ഞ പ്രഭാകരൻ വാതിൽ മുഴുവൻ തുറന്ന് ധൈര്യവാനെപ്പോലെ ചങ്കു വിരിയ്ക്കുന്നു.

പ്രഭാകരൻ : ആഹാ വർക്കിച്ചനാരുന്നോ ?

- Cut to-

**സീൻ–5**

## പുറത്തെ പറമ്പ്

**Night/Ext**

നേരം പുലർന്നുവരുന്നു.
കാടുപോലെ തോന്നുന്ന പറമ്പിലൂടെ നടപ്പും ഓട്ടവുമല്ലാതെ വേഗത്തിൽ കാലൻ വർക്കിയുടെ കാലുകൾ. അയാൾ ധൃതിയിൽ നീങ്ങുകയാണ്. അയാളുടെ നീളൻ കാലുകൾ പോലെ ചില മരങ്ങളുടെ നീളൻ നിഴലുകൾ. വേഗത്തിൽ നടന്ന് അയാൾക്ക് ഒപ്പമെത്താൻ ശ്രമിക്കുന്ന പ്രഭാകരൻ. പ്രഭാകരന്റെ കൈയ്യിൽ നീളമുള്ള ബാറ്ററി ടോർച്ചും തലയിൽ വട്ടക്കെട്ടുമുണ്ട്. പ്രഭാകരൻ ഇടയ്ക്കിടെ ടോർച്ച് നാലുപാടും മിന്നിക്കുന്നുണ്ട്.

പ്രഭാകരൻ : പേടിക്കേണ്ട വർക്കിച്ചാ പാലായീന്നും പൂഞ്ഞാറീന്നും കുടിയേറിയവരാ. രായ്ക്ക രാമാനം അവനെ പിടിച്ചുകെട്ടി കശാപ്പുചെയ്യും.

അതിന് മറുപടിയൊന്നും പറയാതെ അവരുടെ നടപ്പ് തുടരുന്നു. അഞ്ചാറു ചുവടുകൾക്ക് ശേഷം പ്രഭാകരന്റെ ശബ്ദത്തിന്റെ രീതിമാറുന്നു.
ആദ്യം പറഞ്ഞ ആത്മവിശ്വാസം ഒന്നു കുറഞ്ഞ പോലെ വർക്കിക്കൊപ്പം പാടുപെട്ട് ഓടിയെത്തിക്കൊണ്ട്.

പ്രഭാകരൻ : അല്ലാ, വർക്കിച്ചന്റപ്പന്റെ മത്തമാപ്ല, ഇതുപോലൊരെണ്ണം കയറുപൊട്ടിച്ച് കാട്ടീ കേറിയപ്പഴല്ലേ .... കിണറ്റി വീണ്...

വർക്കി അതിഷ്ടപ്പെടാതെ ക്രൂദ്ധനായി
പ്രഭാകരനെ ഒന്ന് നോക്കുന്നു.
വർക്കിയുടെ ദേഷ്യം പിടിച്ച കണ്ണുകൾ.

- Cut to-

**സീൻ–6**

**പറമ്പ്**

**Night/Ext**

കത്തുന്ന കച്ചിത്തുറു. അത് ആളിപ്പടരുകയാണ്. അപ്പോൾ ഒരു പുരുഷന്റെ ഭയപ്പെടുത്തുന്ന ഒച്ച.

അയാൾ : തീ.......തീ........തീയേ.............തീയേ.........

വെള്ളമൊഴിച്ചു കെടുത്താൻ ശ്രമിക്കുന്ന പുരുഷനും 16 വയസ്സു തോന്നുന്ന ആൺകുട്ടിയും. ഒരു കിണറ്റിൽ നിന്ന് ആയാസപ്പെട്ട് വെള്ളം വലിച്ചു കയറ്റുന്ന വൃദ്ധ.
അപ്പോൾ ഉറക്കത്തിൽ ഞെട്ടിയുണർന്ന് വരുന്നതു പോലെ ഓടി വരുന്ന യുവതി, എല്ലാവരും വലിയ ഒച്ചയെടുക്കുന്നുണ്ട്. സമീപത്തെ മരത്തിലേക്കും തൊഴുത്തിലേക്കുമൊക്കെ തീ പടരുമോ എന്ന ആശങ്ക അവർക്ക് ഉണ്ടെന്ന് തോന്നും.

ഓടിയെത്തുന്ന യുവതിയോടായി

വൃദ്ധ : മണ്ണുവാരിയെറിയടീ... മുടിവാരിക്കെട്ടടീ...

യുവതി വേഗത്തിൽ മുടി വട്ടത്തിൽ വാരിക്കെട്ടുകയാണ്, ഒപ്പം അവൾ കിണറിനരികത്തേക്ക് വേഗത്തിൽ എത്തുന്നു.
വൃദ്ധ ഒരു മുന്നറിയിപ്പുപോലെ യുവതിയോട് ഒച്ചതാഴ്ത്തി

വൃദ്ധ : ശ്.........ശ്...... പെശകൻ പെശകൻ ശങ്കു...

പെട്ടെന്ന് യുവതി ഇരുകൈകളും കൊണ്ട് മാറ് മറയ്ക്കുന്നു തീകെടുത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കെ അങ്ങോട്ട് വരുന്ന ശങ്കു തീ ഒട്ടും പേടിയില്ലാത്തപോലെ തുറുവിന്റെ വളരെ അടുത്തേക്ക് നടന്നു ചെല്ലുന്നു.
അത് കാണുന്ന യുവതിയുടെയും വൃദ്ധയുടെയും മുഖത്ത് അങ്കലാപ്പ്.
പെശകൻ ശങ്കു ഒരു കൂസലുമില്ലാതെ കത്തുന്ന തുറുവിൽ നിന്ന് ഒരു വൈക്കോൽ കഷ്ണമെടുത്ത് ബീഡിക്ക് തീ കൊളുത്തുന്നു.
ഒരു പുക ആഞ്ഞ് വലിച്ച് പുറത്തേക്ക് വിട്ടുകൊണ്ട് തിരിഞ്ഞ് വന്ന് അതോടെന്നില്ലാതെ ദേഷ്യത്തിൽ.

ശങ്കു : എന്നാ കോപ്പിലെ എടപാടാ ഇവിടെ നടക്കുന്നേ.

കിണറ്റിനരികിൽ നിൽക്കുന്ന വൃദ്ധയെയും
യുവതി യേയും നോക്കി വീണ്ടും

ശങ്കു : പാവത്തുങ്ങൾക്ക് ഇവിടെ ജീവിക്കണ്ടേ.

യുവതി മാറിലെ കൈ അയയ്ക്കുന്നു.
എല്ലാവരും പ്രതീക്ഷയോടെ ശങ്കുവിനെ നോക്കുന്നു. അയാളുടെ ചുണ്ടിലെ ബീഡിയുടെ തീ മിന്നുന്നു.

- Cut to-

**സീൻ–7**

**റോഡ്**

**Night/Ext**

പുലർകാലത്തിന്റെ മങ്ങിയ വെളിച്ചം. റോഡിൽ ചിതറിക്കിടക്കുന്ന അലൂമിനിയം പാൽകുറ്റിയും രണ്ട് തൂക്കുപാത്രങ്ങളും. പാൽ ഒഴുകി പരന്നു കിടക്കുന്നു. അതു കണ്ട് അന്തിച്ചുനിൽക്കുന്ന വർക്കിയും പ്രഭാകരനും. ഇതുകണ്ടിട്ട് അബോധ പൂർവ്വമായി തലയിലെ വട്ടക്കെട്ട് അഴിച്ച് കുടയുന്നു. പാൽക്കുറ്റി നേരെയാക്കാനായി ഒന്നു മുന്നോട്ടാഞ്ഞ പ്രഭാകരനെ വർക്കി തടയുന്നു. അവർ കരുതലോടെ ചുറ്റും നോക്കാൻ തുടങ്ങുമ്പോൾ അപ്രതീക്ഷിതമായി പിന്നിൽ നിന്ന് ഒരു വലിയ ശബ്ദം.

ഞെട്ടിത്തിരിഞ്ഞ് പ്രഭാകരനും വർക്കിയും നോക്കുമ്പോൾ പിന്നിലുള്ള പാൽസൊസൈറ്റിയുടെ ഷട്ടർ തുറന്നതാണ്. അത് പകുതി തുറന്ന് ഒരാൾ പിടിച്ചിരിക്കുകയാണ്. അകത്തുനിന്ന് കുനിഞ്ഞ് പുറത്തേക്കു നോക്കുന്ന ഒരു സ്ത്രീ അടക്കം അഞ്ചുപേർ. അവരുടെ പരിഭ്രമിച്ച മുഖങ്ങൾ.

മുറിയിൽ പാൽ അളക്കുന്ന പാത്രങ്ങൾ മറ്റൊരു പാൽകുറ്റി, മേശ എന്നിവയുണ്ട്. പാൽ സൊസൈറ്റിക്കുള്ളിൽ നിന്ന് മൂന്നുപേർ കോപത്തോടെ ചാടി വെളിയിലിറങ്ങി വർക്കിക്കുനേരെ ചീറിയടുക്കുന്നു. അതിലൊരാൾ വിളിച്ച മുട്ടൻതെറി ഷട്ടർ ബാക്കി പൊങ്ങുമ്പോൾ ആ ശബ്ദത്തിൽ മുങ്ങിച്ചേരുന്നു. തെറിവിളിക്കുന്ന ഒരു മുഖം. അയാൾ ചീത്ത വിളി തുടരുകയാണ്.

അയാൾ : കന്നുകാലിക്ക് തീറ്റേം
വെള്ളോം കൊടുക്കണടോ അല്ലാതെ
ചാരായോം കേറ്റി കണ്ടടം നെരങ്ങാൻ പോയാ
ഇങ്ങനെയിരിക്കും.

ആദ്യം ഒന്ന് പകച്ച വർക്കി അതേ ദേഷ്യത്തോടെ അയാളോട് തിരിച്ചടിച്ചു. (ആഗ്യംകാട്ടി) (ഈ സംഭാഷണം ഉം ശബ്ദത്തിലാണ് പറയണ്ടത്)

വർക്കി : എനിക്ക് തന്നെ ഞണ്ണാനല്ല
അല്ലാ, ഞായറാഴ്ച വീട്ടിക്കൊണ്ടുപോയി
ഒലത്തിയതിന്റെ കാശ് വെച്ചിട്ട് പറയടാ...

ഇതിനിടയിൽ മറ്റൊരാൾ ദേഷ്യത്തിൽ മുന്നോട്ട് വന്ന്

മറ്റൊരാൾ : താനൊണ്ടാക്കിയേനേ.
ഒരു മിനിറ്റ് മാറീരുന്നേ ഇവിടെ പന്തലിട്ട് ഒലത്തിയേനേ.

പിന്നിൽ നിന്നവരും മുന്നോട്ടുവരുന്നുണ്ട്.
ഈ സമയം ഇടയ്ക്കു കയറി കൈപ്പൊക്കി
എല്ലാവരേയും തടഞ്ഞ് കൊണ്ട്

പ്രഭാകരൻ : ചുമ്മായിരി, ചുമ്മായിരി...

(അയാൾ ടോർച്ച് തെളിച്ചുകൊണ്ടാണ് തടയുന്ന ആംഗ്യം കാണിക്കുന്നത് )

പ്രഭാകരൻ : ഒന്നാമതിവിടെ വാലേ തീപിടിച്ചിരിക്കുവാ.

ഇതും പറഞ്ഞ് തിരിയുമ്പോൾ അയാളുടെ കൈയ്യിലെ ടോർച്ചിന്റെ വെളിച്ചം വർക്കിയുടെ മുഖത്തടിയുന്നു.
വർക്കി (കൂടുതൽ ദേഷ്യത്തിൽ)

വർക്കി : മുഖത്ത് ടോർച്ചടിക്കുന്നോടാ നാറീ......

അപ്പോൾ അവിടെയുണ്ടായിരുന്ന നാട്ടുകാരുടെ കൂടെ ചേരുന്നതായി നടിച്ചുകൊണ്ട് വർക്കിയോട്

പ്രഭാകരൻ : എന്നിട്ട് ആന്റണിയെവിടെ .......

- Cut to-

**സീൻ–8**

**പറമ്പ്**

**Night/Ext**

പഴകിയ വേലിപ്പത്തലുകൾ തെറിക്കുന്നു.
ആ വേലി ചവിട്ടിത്തെറിപ്പിച്ച് ആന്റണി മുന്നോട്ട് കുതിക്കുകയാണ്.
മുട്ടിൽ ചോരപൊടിഞ്ഞ പാട് കാണാം.
കൈയ്യില്ലാത്ത മുഷിഞ്ഞ വെള്ള ബനിയനും, കൈലിയുമാണ് വേഷം.

ഇപ്പോൾ ഏതോമരത്തിന്റെ വേരിൽ കൈകുത്തി വെട്ടുവഴിയിലേക്ക് ചാടുന്ന ആന്റണി.
മണ്ണിൽ മുട്ടുകുത്തി വീഴുന്ന അവൻ പെട്ടെന്ന് മുറിവിലെ മണ്ണ് തട്ടിക്കളഞ്ഞ ശേഷം വീണ്ടും ഓടുന്നു.

ഒരു പാറക്കല്ലിൽ നിന്ന് മറ്റൊരു പാറയിലേക്ക് കവച്ചു ചാടുന്ന ആന്റണി. ആ പാറയിടുക്കിൽ താഴെ വെളിക്കിറങ്ങാൻ ബീഡികത്തിച്ചിരിക്കുന്ന ഒരാൾ.
അയാളുടെ തലയ്ക്ക് മുകളിലൂടെ ഒരു പക്ഷി പോകുന്നതു പോലെ ആന്റണി ചാടിപ്പോകുന്നത് അയാൾ അമ്പരപ്പോടെ നോക്കിയിരിക്കുന്നു.

- Cut to-

**സീൻ–9**

**പറമ്പ്**

**Day/Ext**

പ്രഭാതവെയിൽ തെരുവപുല്ല് വളർന്നു നിൽക്കുന്ന പറമ്പിന് അരികിൽ
ഇറക്കത്തിലേക്കുള്ള പൂഴി റോഡ്.
ചെളിക്കിടെ കൂടി തെന്നിത്തെന്നി വരുന്ന പഴയ മൊട്ടോർ സൈക്കിളിൽ രണ്ടുപേർ.
പിന്നിലിരിക്കുന്ന സണ്ണി ആ റോഡിൽ നടക്കുന്ന ചെറിയ ആൾക്കൂട്ടത്തിന്റെ ബഹളം കണ്ടുള്ള അങ്കലാപ്പ് അവരുടെ മുഖത്തുണ്ട്.
ബൈക്കും പരിഭ്രമിച്ച പോലെയാണ് വരവ്.
അവിടെ ഒരു ബഹളം നടക്കുകയാണ്.
കാലൻ വർക്കിയും പ്രഭാകരനും ചിലനാട്ടുകാരും അടങ്ങുന്ന സംഘത്തിന് മുന്നിൽ
പെശകൻ ശങ്കുവിന്റെ പ്രകടനം.
ഒരു കൈയ്യിൽ കൊച്ചു പിച്ചാത്തിയുമായി ശക്തിയിൽ ആംഗ്യം കാണിച്ചാണ് ശങ്കുവിന്റെ സംസാരം.

ശങ്കു : ചുണ്ണാമ്പു തേച്ചപോലെ മുണ്ടും പൊക്കി എങ്ങോട്ടാടാ.

കൊച്ചു പിച്ചാത്തിയിരിക്കുന്ന കൈയ്യുയർത്തി വലിയ ശബ്ദത്തോടെ വീണ്ടും ശങ്കു.

ശങ്കു : അവൻ പറന്നടാ.

ഈ സമയം കൈയ്യിലെ പിച്ചാത്തി തൊട്ടടുത്തുള്ള തകരബോർഡിൽ തട്ടിത്തെറിയുന്നു.
ദേഷ്യത്തോടെ ശങ്കു നോക്കുമ്പോൾ ശക്തി പുരുഷ സ്വയം സഹായസംഘം എന്ന ബോർഡു കണ്ട് കലി കയറി അത് അയാൾ ചവിട്ടി ഒടിക്കുന്നു.

ഈ സമയം നിലത്തു കിടക്കുന്ന പിച്ചാത്തി സണ്ണി ഭവ്യതയോടെ ശങ്കുവിന് എടുത്ത് കൊടുക്കുന്നു.
ശങ്കു തട്ടിപ്പറിയ്ക്കുന്നതുപോലെ അത് വാങ്ങി.

ഈ സമയം ചെരിവിലൂടെ ഓടിയെത്തിയ ആന്റണി വെട്ടുവഴിയിലേക്ക് ചാടി കാലൻ വർക്കിയോട് എന്തോ പറയാൻ ഓങ്ങുന്നു.
പക്ഷേ ശങ്കുവിന്റെ പ്രകടനത്തിന്റെ ബാക്കി പോലെ വർക്കി ആന്റണിക്കിട്ട് ഒറ്റയടി.

അടിക്കൊണ്ട് വേച്ച് നിർത്തിയിരിക്കുന്ന ബൈക്കി നടുത്തേക്ക് വീഴുന്ന ആന്റണി.
പ്രഭാകരൻ വർക്കിയെ വട്ടം കയറിപ്പിടിക്കുന്നു.
ആന്റണി അടി കാര്യമാക്കാതെ ചാടിയെണീറ്റ്

ആന്റണി : അവൻ കോട്ടപ്പാറ കേറ്റത്തിലാ മാച്ചാത്തിക്കാരുടെ റബ്ബർ പുരേം തകർത്ത് തീറുകനം പോക്കാ.

വിരൽ ഞൊടിച്ച് മറ്റൊരാൾ : എന്നാ മിനിറ്റു വെച്ചവൻ കാട്ടീകേറും.

എല്ലാവരും കുതിക്കാൻ ഒരുങ്ങവേ പിച്ചാത്തി യുടെ മുന ചൂണ്ടി ആൾക്കാരെ ശങ്കു രണ്ടായി തിരിക്കുന്നു. മൂളി മൂളിക്കൊണ്ടാണ് അയാൾ തിരക്കുന്നത്. പെശകൻ തന്റെ പിന്നാലെ വരാൻ ആംഗ്യം കാണിയ്ക്കുന്നു. എല്ലാവരും അയാൾക്ക് പിന്നാലെ നീങ്ങാൻ തുടങ്ങുമ്പോൾ കുറച്ചു പേരോടായി

പെശകൻ : ഉം. ഉം. നിങ്ങളതിലേ.

തിരിഞ്ഞുപോകുന്ന ആ ഗ്രൂപ്പിലേക്ക് ആന്റണി യും പോകുന്നു. അവന്റെ മുഖത്ത് ശങ്കുവിനോടു ള്ള ഇഷ്ടക്കേട് പ്രകടം.

സണ്ണി പെശകന്റെ ഗ്രൂപ്പിന്റെ പിന്നാലെ ഓടുന്നു, ബൈക്ക് സ്റ്റാർട്ട് ചെയ്യുന്നു. അതിന്റെ പിന്നിൽ കാലൻ വർക്കി സ്ത്രീകളിരിക്കുന്നതുപോലെ വശം ചെരിഞ്ഞിരിക്കുന്നു.
ബൈക്കിന്റെ പുകക്കുഴലുകൾ പുക വമിക്കുന്നു.

- Cut to-

**സീൻ–10**

## പോളിന്റെ പറമ്പ്

**Day/Ext**

കള്ള് ചെത്തുന്ന പനയിൽ കെട്ടിവെച്ചിരിക്കുന്ന മുളയേണിയിൽ ധൃതിയോടെ കയറിപ്പോകുന്ന കാൽപ്പാദങ്ങൾ.
വേഗത്തിൽ കയറുന്ന അയാളുടെ മുഖം.
പനയിൽ നിന്ന് താഴേയ്ക്കുള്ള കാഴ്ചയിൽ പോളിന്റെ വിശാലമായ പറമ്പ്.
ആ പറമ്പിൽ ഒരു യുദ്ധസ്ഥലത്ത് എന്ന പോലെ കരുതലോടെ പമ്മിപമ്മി നീങ്ങുന്ന ആളുകൾ.
പെശകൻ ശങ്കു, സണ്ണി തുടങ്ങി പത്തോളം പേരുണ്ട്. വാഴ, ചേന, പടർന്ന പച്ചക്കറി പന്തലുകൾ, കാടുപോലെ വളർന്ന പുല്ലുകൾ അങ്ങനെ സമൃദ്ധമായ പച്ചപ്പുള്ള പറമ്പാണത്.
എന്നാൽ ചതഞ്ഞും ഒടിഞ്ഞും കിടക്കുന്ന സസ്യങ്ങളും,
ഇളകിക്കിടക്കുന്ന മണ്ണും അവർ ഭയാശങ്കയോടെ കാണുന്നു.

ഒരു ശബ്ദവുമില്ലാത്ത അന്തരീക്ഷത്തിൽ ഘടികാരത്തിന്റെ ടക് ടക് ശബ്ദം പോലെ കേട്ട് പനയിൽ പകുതിനിൽക്കുന്ന ആൾ ചുറ്റും ഭീതിയോടെ നോക്കുന്നു.
ഒന്നും മനസിലാക്കാതെ മുകളിലേക്ക് നോക്കുമ്പോൾ പനം കുലയിൽ കെട്ടിവെച്ചിരിക്കുന്ന കുടം നിറഞ്ഞ കള്ള് ഓരോ തുള്ളിയായി നിലത്തെ കരിയിലയിൽ വീഴുന്ന ശബ്ദമാണ്.
കള്ള് തുള്ളിതുള്ളിയായി വീഴുന്നു.

കാഴ്ചയിപ്പോൾ ഒരു മൺകുടത്തിൽ ഗോമൂത്രം വന്ന് നിറയുകയാണ്. പശുവിന്റെ പിന്നിലായി നിലത്ത് കുത്തിയിരിക്കുന്ന പോൾ പുതിയ മൺകുടത്തിൽ ഗോമൂത്രം തീർത്ഥംപോലെ ശേഖരിക്കുകയാണ്. മെലിഞ്ഞ് പശു അതിലും മെലിഞ്ഞ പോൾ. ഒരു ഖദർ മുണ്ടാണ് അയാളുടെ വേഷം. ഭീതിയോടെ പറമ്പിൽ അവിടവിടായി പമ്മി നിൽക്കുന്നവർ. ഒരാളുടെ കാല് ഏതോ ചെടിയിൽ തട്ടി വല്ലാതെ ചൊറിയുന്നു.
കാല് വേഗത്തിൽ മാന്തി ക്കൊണ്ട്

അയാൾ : മണ്ട് ഇതെന്താ കാടു വളർത്തുവാണോ ?

സമീപത്തുള്ള മറ്റൊരാൾ (പുഛത്തോടെ)

മറ്റൊരാൾ : പ്രകൃതിയാ പ്രകൃതി,

അതുപറഞ്ഞയാൾ മുഖത്ത് തട്ടിയ വാഴയില ദേഷ്യത്തിൽ ഒടിക്കുന്നു.

മുറ്റത്ത് കുടവുമായി നിൽക്കുന്ന പോൾ പറമ്പിലുള്ളവരെ കണ്ട് അവരോടായി

പോൾ : ആ....ആ....ആ... പയ്യെ പയ്യെ മുത്തങ്ങാ പുല്ലും തൊട്ടാവാടീം ഒന്നും ചവിട്ടിക്കളയല്ല്. എല്ലാം ഔഷധാ.

പോളിന്റെ പശു അമറുന്ന കാഴ്ച പോളിന്റെ മുറ്റത്ത് എത്തിനിൽക്കുന്ന പെശകൻ ശങ്കുവിനോട് മറുപടി പോലെ

പോൾ : നിങ്ങളതിനെ അതിന്റെ വഴിക്ക് വിട്ടേക്കൂ. എല്ലാ ജീവികളും ഭൂമിയുടെ അവകാശികളാണ്. ആ പാവം കാട്ടിലോ മേട്ടിലോ എവിടെയെങ്കിലും പോയി ജീവിക്കട്ടെ.

(ദേഷ്യത്തോടെ)പെശകൻ ശങ്കു: പിന്നേ, മനുഷ്യനിവിടെ തുണീം കോണാനുമില്ലാതെ ഓടിക്കൊണ്ടിരിക്കുവാ.

കൈക്കൊണ്ട് ആംഗ്യം കാണിച്ചുകൊണ്ട്

പെശകൻ ശങ്കു : എന്നാ ആ പുണ്ടമോനേ അങ്ങോട്ടെടുത്ത് വെയ്.

പോളിന്റെ മുഖത്ത് ഈർഷ്യമുണ്ടെങ്കിലും ശാന്തതയോടെ കൈയ്യുയർത്തി ആ വാക്കുകൾ തടയുന്നതുപോലെ ആംഗ്യം കാട്ടി

പോൾ : ശങ്കു, മോശം വാക്കുകൾ ഉപയോഗിക്കാതിരിക്കൂ. അത് അന്തരീക്ഷത്തെപ്പോലും പങ്കിലമാക്കും.

ഈ മനുഷ്യൻ എന്തൊരു ജീവിയെന്ന മട്ടിൽ പെശകൻ ശങ്കുവും കൂട്ടരും മുഖത്തോട് മുഖം നോക്കുന്നു. പെട്ടെന്ന് പിന്നിൽ പറമ്പിൽ വലിയ ശബ്ദം, എല്ലാവരും ഭീതിയോടെ നോക്കുമ്പോൾ നിരനിരയായി നട്ടിരിക്കുന്ന വലിയ വാഴകൾ ഒന്നൊന്നായി വേഗത്തിൽ മറിഞ്ഞു വീഴുന്നു.

പച്ചക്കറി പന്തലുകൾ തകർത്തെറിഞ്ഞ് ഒരു ഇരുണ്ടരൂപം പോലെ മൃഗം പാഞ്ഞു പോകുന്ന കാഴ്ച. അമ്പരപ്പോടെ നോക്കുന്ന പോളിന്റെ മുഖം ക്രൂദ്ധമാകുന്നു. താഴത്തെ പറമ്പിലേക്ക് എടുത്ത് ചാടി അങ്ങോട്ട് ഓടുന്നതിനിടെ

പോൾ (അലറിക്കൊണ്ട് ) : എടാ.......

(ആ വലിയ തെറി mute ചെയ്യപ്പെടുന്നു).

തെറിയുടെ അസഹ്യതയിൽ ഇരുചെവികളിലും വിരലുകൾ തിരുകിനിൽക്കുന്ന ശങ്കു.

ചിതറിയോടുന്ന കാലുകൾ ഏതോ പറമ്പിൽ കൂടി നാലുപാടും ഭയന്നോടുന്ന ആളുകളാണ്. അവരുടെ ഓട്ടത്തിൽ ചവുട്ടിമെതിക്കപ്പെടുന്ന കാച്ചിലും, ചേനയും, ചേമ്പും അടങ്ങുന്ന വിളകൾ. വിളകൾ ചാഞ്ഞും ചിതറിയും കിടക്കുന്ന പറമ്പിന്റെ ദൃശ്യം.

- Cut to-

**സീൻ–11**

## സബ് ഇൻസ്പെക്ടറുടെ വീട്

**Day/Int**

സ്ഥലം സബ്ഇൻസ്പെക്ടറുടെ ക്വാർട്ടേഴ്സിനകം. നിലത്ത് പൊട്ടിക്കിടക്കുന്ന ഫ്ളവർവെയ്സും കുറച്ച് വെള്ളക്കടലാസുകളും, എസ്.ഐയും ഭാര്യയും പൊരിഞ്ഞ വഴക്കിലാണ്. എസ്.ഐ കരിത്തേപ്പു പെട്ടികൊണ്ട് യൂണിഫോം ഷർട്ട് വേഗത്തിൽ ഇസ്തിരിയിടുകയാണ്. അയാൾ യൂണിഫോം പാന്റും, വെള്ള ബെനിയനും ധരിച്ചിട്ടുണ്ട്. ഭാര്യ ത്രീഫോർത്തും, ടീഷർട്ടുമിട്ട സ്റ്റൈലിഷായ പെണ്ണാണ്.

ഇസ്തിരിയിട്ടുകൊണ്ട്

സബ് ഇൻസ്പെക്ടർ : എന്നാ അങ്ങോട്ട് വീട്ടിപ്പോടീ... ഒരപ്പനും മോളും...

മൊബൈൽ ചാർജ്ജിന്റെ പിൻ സോക്കറ്റിൽ കുത്തികയറ്റാൻ ശ്രമിച്ച് പരാജയപ്പെടുന്നതിനെ ഭാര്യ

(സോക്കറ്റ് റൗണ്ടാണ് പിൻ ചതുരത്തിലാണ്)

ഭാര്യ : പിന്നേ, കെട്ടി ഒരാഴ്ച ആയേ ഉള്ളൂ അപ്പനും കൊഴപ്പം, എനിക്കും കൊഴപ്പം എന്തൊക്കെ ലാത്തിയായിരുന്നു. A nice honeymoon trip sun bath, steam bath..... ഇപ്പൊ ഹണിയും ഇല്ല മൂണും ഇല്ല, മൂഡും ഇല്ല....

ഇതിനിടയിൽ സോക്കറ്റിൽ പിൻ ഇടിച്ചു കയറ്റാൻ അവൾ ശ്രമിച്ച് ഒന്നുകൂടി പരാജയപ്പെടുന്നു. അവളുടെ ശകാരം കേട്ട് എസ്.ഐ രൗദ്രഭാവത്തോടെ നോക്കുമ്പോൾ കലിതുള്ളി നിൽക്കുന്ന ഭാര്യ.

മുടി അഴിഞ്ഞ് കിടക്കുന്നു.

അവരുടെ പരസ്പരമുള്ള ദേഷ്യത്തിലുള്ള നോട്ടത്തിനിടയിൽ കാഴ്ച മുറിയിലെ കോളിംഗ് ബെൽ മുഴങ്ങുന്നു.

- cut to -

**ക്വാർട്ടേഴ്സ് – തിണ്ണ**

യൂണിഫോമിന്റെ ബട്ടൻസ് ഇട്ട് കൊണ്ട് അതേ ദേഷ്യത്തിൽ എസ്.ഐ (പോളിനോട്)

എസ്.ഐ : ആരുടെയെങ്കിലും കൈയ്യിൽ ലൈസൻസുള്ള തോക്കുണ്ടെങ്കിൽ വെടിവെച്ച് കൊല്ലടോ.

(അതു പറയുമ്പോൾ എസ്.ഐയുടെ കൈ അകത്തേക്ക് ഭാര്യയുടെ നേരെ ചൂണ്ടുന്നതു പോലെ)
പോൾ ശാന്തനായി അത് കേൾക്കുകയാണ്. വെള്ള ഖദർ മുണ്ടും, ഷർട്ടുമാണ് വേഷം. പഴയ ഒരു ചണമോ, വാഴനാരോ കൊണ്ടുണ്ടാക്കിയ ബാഗ് അയാളുടെ കക്ഷത്തിലുണ്ട്.

ഷർട്ട് ഇൻചെയ്യാൻ ശ്രമിച്ച് വേഗത്തിൽ സ്റ്റെപ്പുകൾ ഇറങ്ങി മിറ്റത്തെത്തുന്ന എസ്.ഐ. തിരിഞ്ഞ് നിന്ന് പോളിനോടായി.

എസ്.ഐ : പിന്നെ, ഞാനൊന്നു മറിഞ്ഞിട്ടുമില്ല, കേട്ടിട്ടുമില്ല.

- Cut to-

**സീൻ–12**

**പറമ്പ്, പള്ളി**

**Day/Ext**

ആന്റണിക്കും മറ്റ് രണ്ടുപേരും പോത്തിനെ പിൻതുടരുന്ന വേഗത്തിൽ ഒരു പറമ്പിലേക്ക് ഓടിയെത്തുന്നു. അവിടെ ഒരാൾ കയർ കുടുക്കിൽ വലിഞ്ഞ് വേഗത്തിൽ നിലത്ത് ഉരഞ്ഞ് നീങ്ങുന്നു.
അവൻ കുരുക്കിട്ടെങ്കിലും പോത്ത് വലിച്ചുകൊണ്ട് ഓടി. രക്ഷപ്പെട്ടത് സൂചന.

ദേഹത്ത് ചോരപൊടിഞ്ഞ അവനുമായി പറമ്പിലേക്ക് കുതിച്ചെത്തുമ്പോൾ ചെറിയ റബ്ബർ തൈകൾ ഒടിഞ്ഞും ചിതറിയും കിടക്കുന്നു. അപ്പോൾ കടന്നുപോയ പോത്തിന്റെ കാറ്റ് കൊണ്ട് ചില റബ്ബർ തൈകൾ ഇളകുന്നുണ്ട്. പറമ്പിനോട് ചേർന്ന പള്ളി ചുറ്റി ആൾക്കാർ ഓടിവരുന്നത് കാണാം. ബഹളം വെച്ചുകൊണ്ടാണ് അവരുടെ വരവ്.

ദേഹം ഉരഞ്ഞയാൾ പൊടിഞ്ഞ രക്തവും മണ്ണും വിരൽകൊണ്ട് തുടച്ചെറിഞ്ഞു. പള്ളിപ്പറമ്പിലേക്ക് ഓടിയെത്തുന്നത് അച്ചനും നാലഞ്ച് ഇടവകക്കാരുമാണ്. ഇടവകക്കാരിൽ ഒരാളെ കണ്ടാൽ പ്രമാണിയാണെന്ന് അറിയാം.
കട്ടിമീശയുള്ള അജാനുബാഹുവായ പ്രമാണി വളരെ ദേഷ്യത്തിലാണ് ആന്റണിയുടെ നേരെ ആക്രോശിക്കുന്നത്.

പ്രമാണി: എടാ വഴീക്കെടന്ന് ചത്ത നിന്റെ തന്ത ഒണ്ടാക്കിയതല്ല ഈ പള്ളിപ്പറമ്പ്.

നിലത്ത് കൈ തൊട്ട്

പ്രമാണി: ദേ .... ഇവിടം വരെ കാടാരുന്നു.

പട്ടി മൂത്രം ഒഴിക്കുന്നത് പോലെ ഒരു കാൽ പൊക്കി കാണിച്ച് നെഞ്ചത്തടിച്ച്

പ്രമാണി: ഇങ്ങനെ നിന്ന് കടുവാ മുള്ളുന്ന കാട് എന്റെപ്പൻ കൊച്ചൗത മാപ്ല ഫോറസ്റ്റുകാരെ അന്തസ്സായി വെട്ടിച്ച് പള്ളിക്ക് മൊതല് കൂട്ടിയതാ.

ആന്റണിയുടെ നിർവികാരമായ മുഖം.

- Cut to-

ദേഷ്യം പിടിച്ച അച്ചന്റെ മുഖം. തകർന്നു കിടക്കുന്ന പള്ളിപ്പറമ്പിൽ ആന്റണിയോട് തട്ടിക്കയറുകയാണ്. കൈക്കൊണ്ട് ഊക്കോടെ ഒരാംഗ്യം കാണിച്ച്

അച്ചൻ : പഞ്ചായത്തീ പരാതികൊടുത്ത് ഞാനിന്ന് തന്നെ ഈ കാലന്റെ കട പൂട്ടിക്കും.

ഈ സമയം തന്നെ പള്ളിപ്പറമ്പിലേക്ക് പാഞ്ഞ് വന്നു നിൽക്കുന്ന പൊലീസ് ജീപ്പ്. എസ്.ഐ. ചാടിയിറങ്ങുന്നു. രണ്ട് പൊലീസുകാർ ജീപ്പിലുണ്ട്. ദേഷ്യം പിടിച്ച് നില്ക്കുന്ന അച്ചൻ അതേ ആവേശത്തിൽ എസ്. ഐയോട്

(കളിയാക്കുന്ന പോലെ) അച്ചൻ : ഇതിനെയൊന്നും വെടിവെച്ചുകൊല്ലാൻ നിയമമൊന്നുമില്ലേ ........... സാറേ ?

ഗൗരവം വിടാതെതന്നെ എസ്.ഐ താഴ്മയായി പറയുന്നു.

എസ്.ഐ : അച്ചോ. കാര്യം കൊല്ലാൻ കൊണ്ടുവന്നതാണേലും ഗവൺമെന്റ് ഇടപെട്ട് വെടിവെയ്ക്കണെ ഒരുപാട് വകുപ്പുകൾ ഉണ്ട്. തഹസിൽദാർ ഓർഡർ ഇടണം. മൃഗഡോക്ടറെ വരുത്തണം. അങ്ങനെ...... അങ്ങനെ....

അതുപറഞ്ഞ് തീരുന്നതിന് മുമ്പ് ദേഷ്യത്തോടെ

പ്രമാണി : അപ്പോ ചുരുക്കത്തീ ഒരാഴ്ച പിടിക്കും.... ഓ... അപ്പോ ഞങ്ങള് പിടിച്ചോളാം.

ഇതിനിടയിൽ എസ്.ഐയ്ക്ക് ഫോൺ വരുന്നു. ഭാര്യയാണ്.

എസ്.ഐ : ഉണ്ണാനോ.....
(ദേഷ്യത്തിൽ) ഞാനിപ്പോ ഉണ്ണാനല്ല വരുന്നേ.....

എസ്.ഐ ഫോൺ പെട്ടന്ന് കട്ട് ചെയ്ത് അതേ ദേഷ്യത്തിൽ പ്രമാണി പറഞ്ഞതിന് മറുപടി പറയുന്നു.

എസ്.ഐ : പിടിക്കുന്നതൊക്കെ കൊള്ളാം കാട്ടുപോത്താണ്, തെളിഞ്ഞാ കളി മാറും.

ശൗര്യം കുറഞ്ഞ പ്രമാണി അടക്കിപിടിച്ച സ്വരത്തിൽ ആരോടെന്നില്ലാതെ

പ്രമാണി : മനുഷ്യനിവിടെ പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയായി.

- Cut to-

**സീൻ–13**

**റോഡ്**

**Day/Ext**

ഗ്രാമീണ റോഡ്. വീതികുറഞ്ഞ ആ റോഡിലൂടെ ഓട്ടോറിക്ഷ കടന്നുപോകുന്ന വിദൂര ദൃശ്യം. ഓട്ടോറിക്ഷയുടെ മുകളിൽ കെട്ടിയിരിക്കുന്ന കോളാമ്പിയിൽ നിന്നും അനൗൺസ്മെന്റ് കേട്ടു തുടങ്ങുന്നു. ഘന ഗംഭീരമായ ശബ്ദത്തിൽ സാഹിത്യ ഭാഷയിലാണ് അനൗൺസ്മെന്റ്.

അനൗൺസ്മെന്റ് : പ്രിയപ്പെട്ട നാട്ടുകാരെ ഒരിടഞ്ഞ പോത്ത് നമ്മുടെ നാടിന്റെ സമാധാനാന്തരീക്ഷത്തെ തകർത്തെറിഞ്ഞു കൊണ്ടിരിക്കുകയാണ്. സ്ത്രീകളും കുട്ടികളും പുറത്തിറങ്ങാതെ സൂക്ഷിക്കുക.

പെട്ടിക്കടയിലും കടവരാന്തയിലും ഇരുന്ന് കൗതുകത്തോടെ ഓട്ടോറിക്ഷയെ നോക്കുന്ന വൃദ്ധർ.

അനൗൺസ്മെന്റ് : വൃദ്ധജനങ്ങൾ വെളിക്കിറങ്ങാനായി ഒറ്റയ്ക്ക് പറമ്പുകളിലേക്ക് പോകാതിരിക്കുക.

ഈ സമയം ബീഡികത്തിച്ച ഒരു വൃദ്ധൻ വലിക്കാതെ ബീഡി നിലത്തേക്ക് കളയുന്നു.

- Cut to-

**സീൻ–14**

**പറമ്പ്**

**Day/Ext**

വെളിം പറമ്പിൽ കളിക്കുന്ന പത്തു വയസോളം പ്രായം തോന്നിക്കുന്ന കുട്ടികൾ. അതിലൊരു കുട്ടി നാലുകാലിൽ നിന്ന് കന്നുകാലി കരയുന്നത് പോലെ 'മാ'.........എന്ന് കരഞ്ഞ് കളിക്കുകയാണ്. അവന്റെ നിക്കറിന്റെ പിന്നിൽ ഒരു ഓലക്കഷ്ണം വാല്പോലെ കുത്തി വെച്ചിട്ടുണ്ട്. പെട്ടന്ന് അവന്റെ കുണ്ടിക്ക് അടി വീഴുന്നു.
മുതിർന്ന ഒരാൾ ആ കുട്ടികളെ തല്ലിയും ശാസിച്ചും ഓടിക്കുകയാണ്.

- Cut to-

**സീൻ–14A**

**വീട്**

**Day/Ext**

ഏതോ വീടിന്റെ വാതിലുകളും ജനലുകളും അടയുന്നു.

- Cut to-

**സീൻ–14B**

**Day/Ext**

ഏതൊ ഒരു വൃദ്ധ പറമ്പിൽ പായയിൽ ഉണക്കാ നിട്ടിരിന്ന ഇലുമ്പം പുളി പായോടുകൂടി വാരി ധൃതിയിൽ എങ്ങോട്ടോ ഓടുന്നു.

- Cut to-

**സീൻ–14C**

**വീട്**

**Day/Int**

മുറ്റത്ത് പിച്ചനടക്കുന്ന ഒരു കുട്ടിയെയും എടുത്ത് ഒരു യുവതി പരിഭ്രമത്തോടെ വീടിനുള്ളിലേക്ക് ഓടിക്കയറുന്നു.

പിന്നാലെ ഓടിക്കയറുന്ന തടിമാടനായ ഭർത്താവ് പേടിയോടെ കതക് ഉള്ളിൽ നിന്ന് കുറ്റിയിടുന്നു. ഭാര്യ പുച്ഛത്തോടെ അയാളെ നോക്കുന്നു.

- Cut to-

## സീൻ–15

## ഈറ്റക്കാട്

**Day/Ext**

പകൽ ഇളകുന്ന ഒരു ഈറ്റക്കാട്. ആന്റണിയും മറ്റൊരാളും ഈറ്റക്കമ്പുകൾ വെട്ടുകയാണ്. തൊട്ടു താഴെ നിലത്തിരുന്ന് ഈറ്റയുടെ ചീളുകളിട്ട് കൂടത്തിന്റെ കൈയുറപ്പിക്കുന്ന മറ്റൊരാൾ, എല്ലാപ്പണികളും വളരെ ധൃതിയിലാണ്.

**കൂടം ഉറപ്പിക്കുന്നയാൾ:** നീ അവൾടെ പിറകെ മണത്ത് നടന്നു കാണും. ഇപ്പ നാട്ടുകാർക്ക് കെടക്കാൻ മേലാതായി.

**മറ്റേയാൾ:** എന്നാടാ അവള് കെട്ടാച്ചരക്ക് ആയിട്ട് നിൽക്കുന്നേ..? ഒമ്പതാം ക്ലാസ്സീ പഠിക്കുമ്പോ ഡ്രിൽ സാറിന്റെ കൂടെ ...ഡിങ്ക് ..ഡിങ്കാ... നല്ല മുറ്റാ....

ആന്റണിയുടെ മുഖത്തു ഇഷ്ടക്കേട്. അത് മനസ്സിലായെന്ന വണ്ണം

**കൂടം ഉറപ്പിക്കുന്ന ആൾ:** അവൻ മറിയണേലേ നിറുകം തലയ്ക്ക് അടിക്കണം.

ഈറ്റക്കമ്പ് കൂർപ്പിക്കുന്ന ആന്റണി അതിന് മറുപടിയായി

**ആന്റണി:** പാങ്ങിന് കിട്ടിയാ ചമ്മാചിമ്മാ പറഞ്ഞ് നിൽക്കരുത്. ചങ്കീ കേറ്റണം.

ഈ സമയം ദൂരെയെവിടെ നിന്നോ നേർത്ത് കേൾക്കുന്ന അനൗൺസ്മെന്റ്

**അനൗൺസ്മെന്റ്:** കുട്ടികളെ സൂക്ഷിക്കുക പ്രിയപ്പെട്ട നാട്ടുകാരേ

കൂടത്തിൽ ചീള് അടിക്കുന്നത് ശരിയാകുന്നില്ല. കൂടം ഉറപ്പിച്ചുകൊണ്ടിരുന്ന ആൾ (ആത്മവിശ്വാസകുറവ് പോലെ)

**കൂടം ഉറപ്പിക്കുന്ന ആൾ:** ഇനിയിപ്പോ കുട്ടച്ചനെ എറക്കേണ്ടി വരുമെന്നാ തോന്നുന്നേ.

ഈറ്റ വെട്ടുന്ന മറ്റേയാൾ അത് തലയാട്ടി ശരി വെയ്ക്കുന്നു.
അപ്പോൾ രൗദ്രഭാവത്തോടെ ആന്റണി കൈയ്യിൽ ഈറ്റക്കമ്പുമായി ഒരു വേട്ടക്കാരനെ പോലെ മുന്നോട്ട് വന്ന് അതു പറഞ്ഞവന്റെ മടിക്കുത്തിൽ കുത്തിപ്പിടിച്ച് അവനെ ഉലയ്ക്കുന്നു.

**ആന്റണി:** ആ മലങ്കാളേടെ കാര്യം മിണ്ടിപ്പോകരുത്.

ആന്റണിയുടെ പിടിയിൽ അയാൾ ഉലയുകയാണ്

- Cut to-

**സീൻ–16**

## കുര്യച്ചന്റെ വീട്

**Day/Int**

ഒരു അരകല്ലിൽ ഉണക്കമീൻ അമ്മിക്കല്ല് വെച്ച് ചതയ്ക്കുന്ന ദൃശ്യം. മധ്യവയസ്ക്കയായ വീട്ടമ്മ. കുര്യച്ചന്റെ ഭാര്യയാണ്. വീടിന്റെ അടുക്കള വശത്തെ തുറന്ന സ്ഥലമാണ്. മുൻവശത്ത് എവിടെയോ ഉള്ള കുര്യച്ചന്റെ വർത്തമാനം ഇവിടെ കേൾക്കാം. അയാൾ പറയുന്നതിനോടുള്ള അസ്വാരസ്യം ഭാര്യയുടെ മീൻ ചതയ്ക്കലിലുണ്ട്.

കുര്യച്ചന്റെ ശബ്ദം മാത്രം : കോട്ടയംകാരാ ഉണ്ടേം പിടീം കിട്ടിയാ വിടത്തില്ല.

- Cut to-

**സീൻ–17**

## കുര്യച്ചന്റെ വീട്

**Day/Int**

കുര്യച്ചന്റെ വീടിന്റെ തിണ്ണ. ഇടത്തരം നല്ല വീടാണ്. കുര്യച്ചൻ സംസാരിക്കുകയാണ്. ഉയരവും കുടവയറുള്ള മധ്യവയസ്ക്കനാണ് അയാൾ. ഒരു ടർക്കിതോർത്ത് എപ്പോഴും തോളിലുണ്ട്. പിന്നിലെ അഴിക്ക് അപ്പുറമുള്ള മുറിയിൽ കുര്യച്ചന്റെ മകൾ ചിരിച്ചു കളിച്ച് സെൽഫോണുമായി ഉലാത്തുന്നത് കാണാം. കുര്യച്ചന്റെ മുന്നിലെ കസേരയിൽ ഭക്ഷണം പാകം ചെയ്യാൻ വന്ന പ്രായം ചെന്ന കോക്കി ഇരിരുപ്പുണ്ട്.
അയാളുടെ കൈയ്യിൽ കുറിപ്പെഴുതാൻ ഒരു കടലാസ്സു കഷ്ണവും പെൻസിലുമുണ്ട്.

കുര്യച്ചൻ : അതാ പറഞ്ഞെ എടങ്ങഴി അരി കൂടുതലിട്ടോ വെറുതെ കിട്ടിയാ വെറകു പെരേം തിന്നുന്ന കുട്ടരാ.

കോക്കി : അതെന്നാ കുര്യച്ചാ അപ്പം കരേലൊന്നും വിളിയില്ലേ?

വിരൽ ഞൊടിച്ച് നാട്ടുകാരെ കളിയാക്കുന്ന പോലെ കാണിച്ച്

കുര്യച്ചൻ : ഉം ......
എന്നിട്ടു വേണം ഒത്തുകല്യാണം മൊത്തം നാറാൻ. ഞാനേ ആദ്യമായിട്ട് റബ്ബർ തൈയ്യും കൊണ്ട് വന്നപ്പം റബ്ബർ പാല്, കുടിച്ച് ജീവിക്കാൻ പറ്റുവോ എന്ന് ചോദിച്ച നാറികളാ.

കോക്കിയുടെ അടുത്തേക്ക് ദേഷ്യത്തിൽ അടുത്ത് വന്ന് വീണ്ടും

കുര്യച്ചൻ : പിന്നെയ് കല്യാണമായിക്കോട്ടെ നെരത്തി ഊട്ടിച്ചേക്കാം.

ഇതിനിടയിൽ ഫോണിൽ ചിരിച്ച് സംസാരിക്കുന്ന മകളെ കുര്യച്ചൻ കലിയോടെ നോക്കുന്നു. അപ്പോൾ കോക്കി

കോക്കി : അപ്പോ കാര്യത്തിലേക്ക് വാ...

ടർക്കി ഇടത്തേ തോളിൽ നിന്ന് എടുത്ത് കുടഞ്ഞ് വലത്തേ തോളിലിട്ട് മകളിൽ നിന്ന് നോട്ടം പിൻവലിച്ച് എന്തോ മറന്നപോലെ (കടുപ്പിച്ച്)

കുര്യച്ചൻ : ബ്രാണ്ടി രാവിലെ വരും.. പിന്നെ കുറിച്ചോ ..... എഴുപത് കള്ളപ്പം.

കുര്യച്ചന്റെ ശബ്ദം മാത്രം കേൾക്കാം. ഭക്ഷണത്തെ ഓർത്ത് ശബ്ദം അൽപം കൂടി മധുരമാകുന്നു. അയാളുടെ വിവരണം പോലെ ഓരോ വിഭവങ്ങളും ദൃശ്യങ്ങളായി എത്തുന്നു. ആഹാരങ്ങളുടെ കാഴ്ച.

കുര്യച്ചന്റെ ശബ്ദം: ഇച്ചിരി പുഴുക്കലരിയും കൂടി ചേർത്തരച്ച് ചുടുവാണേ തൂവെള്ള അപ്പത്തിൽ നല്ല മൊരുമൊരാന്ന്...
അതിന്റെ മുകളിലോട്ട് കൊഴുത്ത പോത്തും ചാറ് അങ്ങ് പെരണ്ട് കെടക്കണം.
പിന്നേയ് ലൂക്കാച്ചാ. ഒണ്ടാക്കി വെച്ചേക്കുന്ന ആ മീൻകറിയേ ഒന്ന്
പൊക്കി നോക്കിയേക്കണം
അവന്റെ മണത്തിലറിയാം ആ എരുവും, ഉപ്പും, പുളീം.

(മീൻചട്ടിയുടെ അടപ്പ് ആരോ തുറക്കുന്നു. മീൻകറി)

ദൃശ്യത്തിൽ കോക്കിയും കുര്യച്ചനും

കോക്കി: പുളിശേരി നമ്മക്ക് കൈതച്ചക്കയിട്ട് പിടിപ്പിക്കാം.

അൽപ്പം ദേഷ്യത്തോടെ കുര്യച്ചൻ: ചക്ക ....... പുളിശേരീന്നേ നല്ല കൊച്ചു ചേമ്പും വിത്ത് എടുത്ത് ഇങ്ങനെ ഈമ്പണം.

എന്നിട്ട് ഈമ്പുന്നതുപോലെ ആംഗ്യം കാണിക്കുന്നു.

കുര്യച്ചൻ: ഉം... ആ അച്ചാറ് പച്ചക്കുരുമുളകിന്റെ ആയിക്കോട്ടെ.
കഴിക്കുമ്പം തലേന്ന് പേൻ പറക്കണം.

ഭാവം മാറ്റി കുര്യച്ചൻ, ഇപ്പോൾ കുര്യച്ചന്റെ ശബ്ദം മാത്രം.

കുര്യച്ചന്റെ ശബ്ദം: ഇനി പോത്ത് ഉലർത്ത് ഇവനാണ് കതിനാ. തേങ്ങാക്കൊത്തു നല്ല അമ്പിളിയമ്മാവൻ പോലെ കിടക്കണം. നെയ്യേ,
നല്ല ചക്കരപ്പാനി പോലെ മെഴുകി മെഴുകി കഷ്ണത്തേലിരിക്കണം.

(ദൃശ്യത്തിൽ പോത്തുലർത്തിയത്)

ഇതു പറയുമ്പോൾ പശ്ചാത്തലത്തിൽ നേർത്ത അനൗൺസ്മെന്റ് കേൾക്കാം.

അനൗൺസ്മെന്റ് : ഒരിടഞ്ഞ പോത്ത് നമ്മുടെ നാടിന്റെ സമാധാന അന്തരീക്ഷത്തെ ....

പുറത്ത് ഒരു ബഹളം കേട്ട് കുര്യച്ചന്റെ മുറ്റത്തേക്ക് ഇറങ്ങി നോക്കുന്നു.
ടൈൽ പാകിയ മുറ്റമാണ്.റബ്ബർ ഷീറ്റുകൾ അയയിൽ ഉണക്കാനിട്ടിട്ടുണ്ട്. മുറ്റത്ത് നിന്ന് പെട്ടന്ന് അയാൾ ഗേറ്റിനടുത്തേക്ക് ചെല്ലുന്നു. അവിടെ റോഡിലൂടെ ഓടിയകലുന്ന ഒരാൾ കൂട്ടം പിന്നാലെ ദൈവസഹായം പെട്ടി ഓട്ടോ. കുര്യച്ചൻ പെട്ടി ഓട്ടോയെ നോക്കി

കുര്യച്ചൻ : ഡാ..........ഡാ...........

പക്ഷേ ആ വിളി കേൾക്കാതെ പെട്ടി ഓട്ടോ പാഞ്ഞുപോയി.
ഇതൊന്നും ശ്രദ്ധിക്കാതെ വടികുത്തി നടന്നുവരുന്ന വൃദ്ധനോട്,
കുര്യച്ചൻ തിരിഞ്ഞ് നിന്ന് പ്രത്യേക ഭാവത്തോടെ

കുര്യച്ചൻ : കാർന്നോരെ ആരുടെ പോത്താ..

കാർന്നോർ : കാലന്റെ...

- Cut to-

**കുര്യച്ചന്റെ വീടിന്റെ ഉമ്മറം**

കോക്കിയോടായി ആശങ്കയോടെ കുര്യച്ചൻ : ഇനി പോത്തെങ്ങാനും കിട്ടീല്ലെങ്കിലോ.

ദേഷ്യത്തിൽ കോക്കി : അതെന്നാ വർത്തമാനാ കുര്യച്ചാ.? പോത്തിറച്ചി ഇല്ലാതെങ്ങനാ അതിന്
ഊ....ഊണെന്നല്ല പറേന്നേ.

- Cut to-

**സീൻ–18**

**കവല**

**Day/Ext**

ഒരു സൈക്കിളിന്റെ താഴെ കെട്ടിയിട്ടിരിക്കുന്ന തകിടിൽ അടിക്കുന്ന മണിനാദം.
വിജനമായ കവലയിലേക്ക് സൈക്കിൾ ചവിട്ടി വരുന്ന ആളുടെ ദൂരെ കാഴ്ച.
വയലറ്റ് നിറത്തിലുള്ള ബോംബെ മിഠായി പായ്ക്കറ്റുകൾ സൈക്കിളിൽ വെച്ചുകെട്ടിയിട്ടുണ്ട്.
സൈക്കിളിന്റെ ഇരുവശത്തുമായി അയാളെയും കവിഞ്ഞ് ആ മിഠായി പായ്ക്കറ്റുകൾ
ഉന്തി നിൽക്കുന്നു.
കവലയിൽ അവിടവിടായി ചിലർ പമ്മിയിരി ക്കുന്നു. കയ്യാലയ്ക്ക് പിന്നിൽ രണ്ട് പേർ പമ്മിയിരിക്കുന്നു.
കവലയിലെ മാടക്കടയ്ക്കുള്ളിൽ കടക്കാരനായ വയസൻ ഒരു പാളിമാത്രം പലക തുറന്ന് തല പുറത്തേക്കിട്ട് നോക്കിയിരുപ്പുണ്ട്. അയാളുടെ മുന്നിൽ മുട്ടകൾ തൂക്കിയിട്ടിരിക്കുന്ന വലക്കൂട്.
ദൃശ്യം കടയ്ക്ക് പിന്നിലേക്ക് മാറുമ്പോൾ അഞ്ചാറു പേർ ഒട്ടിയിരിക്കുന്നത് പോലെ ശ്വാസം വിടാതെ ഒളിപ്പിച്ചിരിപ്പുണ്ട്.
20 വയസോളം പ്രായമുള്ള ചെറുപ്പക്കാരാണത്.
മണിനാദം ആ അന്തരീക്ഷത്തെ കൂടുതൽ ഭീതിദമാക്കുന്നുണ്ട്.

കവലയിലെ ഒരു പലചരക്കു കടയിലെ അരിച്ചാക്കിന് പിന്നിൽ പമ്മിയിരിക്കുന്ന ശനിയാഴ്ച പിരിവുകാരനായ തമിഴൻ.
മുടി എണ്ണ തേച്ച് വലത്തേക്ക് ചീകി ഒതുക്കിയിരി ക്കുന്നു. സാധാരണ ഷർട്ടും പാന്റുമാണ് വേഷം.

തൊട്ടടുത്തുള്ള ത്രാസ് തൂങ്ങി നിൽക്കുന്നതിന് താഴെയുള്ള മേശയ്ക്കടിയിൽ കടക്കാരനും മറഞ്ഞിരിപ്പുണ്ട്.
ശനിയാഴ്ചക്കാരൻ അതിനിടയിലും ഡയറിയുടെ താളുകൾ വേഗത്തിൽ തുപ്പൽ തൊട്ട് മറിച്ച് കടക്കാരനോടായി അടക്കിപ്പിടിച്ച ശബ്ദത്തിൽ പറയുന്നു.

ശനിയാഴ്ചക്കാരൻ : അണ്ണേ കുമളീന്ന് ലോറികേറി വന്നിരിക്ക്.
എങ്കനാളും ഇന്തമാതിരി ശൊന്നാ ...

വിരൽ ചുണ്ടിൽ ചേർത്ത് മിണ്ടരുതെന്ന് ആംഗ്യം
കാണിച്ച് കടക്കാരൻ : എന്നാ അണ്ണാച്ചി പോത്ത് പായുമ്പഴാ പലിശ...

സൈക്കിൾകാരന്റെ സമീപദൃശ്യം മണിയടി ശബ്ദം കേൾക്കാം. പെട്ടന്ന് രക്തസാക്ഷി മണ്ഡപത്തിന് പിന്നിൽ ഒളിച്ചിരിക്കുന്ന ഒരാൾ ബോംബെ മിഠായിക്കാരനെ അപകട സൂചനയോടെ വേഗം മാറാൻ കൈകാണിക്കുന്നു. ഒന്നു പകച്ച് സൈക്കിൾ റോഡിന്റെ വശത്തിട്ട് ഏതോ കടയിലേക്ക് അയാൾ ഓടിക്കയറുന്നു.

- Cut to-

**സീൻ–19**

**കവല**

**Day/Ext**

കവലയിലെ രക്തസാക്ഷി മണ്ഡപത്തിന്റെ അകാശത്തേക്ക് ഉയർന്നു നിൽക്കുന്ന കൊടിമരം വിറയ്ക്കുന്ന കാഴ്ച. അത് മറിയുകയാണ്. രക്തസാക്ഷി മണ്ഡപം ചരിഞ്ഞ് നിലത്ത് കിടന്ന് ഇളകുന്ന കാഴ്ച. ഇതേ സമയം അപ്പുറത്ത് വലിയ ശബ്ദം. നിലത്തു വീഴുന്ന മാടക്കട ചിതറി
തെറിക്കുന്ന പലക, മുട്ട, പഴക്കുല, ഭരണികൾ തുടങ്ങിയവ. കുതിക്കുന്ന പോത്തിന്റെ കാലിന്റെ കാഴ്ച. കവലയുടെ ഒത്ത നടുക്ക് പോത്ത് എത്തി നിൽക്കുന്നു. അതിന്റെ മുക്ര. ഒളിച്ചിരിക്കുന്ന സ്ഥലങ്ങളിൽ നിന്ന് ആരവത്തോടെ പുറത്തേക്ക് ചാടുന്ന നാട്ടുകാർ.
നേരത്തെ കണ്ടതിലും എത്രയോ അധികം ആൾക്കാർ. ചാടിയിറങ്ങുന്നവരിൽ യൂണിഫോമിട്ട് കൈയ്യിൽ കത്തുകളുമായി
ഒരു പോസ്റ്റുമാനുമുണ്ട്. ആന്റണി, പെശകൻ ശങ്കു, കാലൻ വർക്കി തുടങ്ങിയവർ രംഗത്തുണ്ട്.

ഇരുപതോളം പേർ അടങ്ങുന്ന ആൾക്കൂട്ടം കവല യിൽ പോത്തിനെ വളഞ്ഞു. വിറളി പിടിച്ച പോത്തിനെ ചാടിപ്പിടിക്കാൻ ആർക്കും ധൈര്യ മില്ല. എന്നാൽ വിടാനും ഭാവമില്ല പോത്തിന്റെ ചെറിയ ചലനത്തിന് അനുസൃതമായി
ഒരു കബഡികളി പോലെ നാട്ടുകാർ വട്ടത്തിൽ നിന്ന് നീങ്ങുന്നു.

അവരുടെ കാലുകളുടെ ക്രമമില്ലാത്ത ചലനത്തിൽ നിന്ന് അവരുടെ ഭീതി വ്യക്തം ആൾക്കാർ പരസ്പരം പഴിപറയുന്നതും ആക്രോശിക്കുന്ന തും കേൾക്കാം. ഇതിനിടയിൽ തൊട്ടടുത്ത കടയുടെ തിണ്ണയിൽ നിന്ന് എത്തി നോക്കുന്നവ രുടെ ഇടയിൽ അവർക്ക് മുകളിലൂടെ എത്തി നോക്കുന്ന ശനിയാഴ്ചക്കാരൻ അണ്ണാച്ചി.
അണ്ണാച്ചിയുടെ മുന്നിൽ നിന്ന ഒരാൾ പിന്നിലേക്ക് മാറുന്നു. അണ്ണാച്ചി ആ തിരക്കിൽ തിണ്ണയിൽ മുന്നിലെത്തി. പെട്ടന്ന് പിന്നിൽ നിന്ന് നീണ്ടു വരുന്ന ഒരു കൈ അണ്ണാച്ചിയുടെ പിടലിക്ക് പിടിച്ച് മുന്നോട്ട് തള്ളുന്നു. ആൾക്കൂട്ടത്തിന് നടുവിൽ പോത്തിന് മുന്നിലേക്ക് വീഴുന്ന അണ്ണാച്ചി.

പിടഞ്ഞു വീഴുന്ന അണ്ണാച്ചി പോത്തിനെ തൊട്ടു മുന്നിൽ കണ്ട് ഭയന്ന് വിറച്ച് ആൾക്കൂട്ടത്തിന്റെ വലയവും ഭേദിച്ച് നിലവിളിച്ചുകൊണ്ട് ഓടുന്നു. ഓടുന്ന വഴി അണ്ണാച്ചിയുടെ നിലവിളി കവലയിൽ മുഴുങ്ങുന്നു.

അണ്ണാച്ചി : അയ്യാ..................

അതുണ്ടാക്കിയ ബഹളത്തിൽ ആളുകളുടെ വലയം ചിതറുന്നു. കുതിക്കുന്ന പോത്തിന്റെ കാലുകൾ.

- Cut to-

**സീൻ–20**

## സഹകരണബാങ്ക് ക്ലിപ്തം എന്നെഴുതിയ ബാങ്ക്

**Day/Ext**

ബാങ്കിനുള്ളിലേക്ക് ധൃതിയിൽ ഓടിക്കയറുന്ന രണ്ടുമൂന്നു പേർ. തുറന്നടയുന്ന ഗേറ്റ്.

- Cut to-

**സീൻ–20A**

**Day/Ext**

റോഡിലൂടെ വള്ളി അണ്ടർവയറുമിട്ട് ഓടിവരുന്ന കാലൻ വർക്കിയും ചിലരും.

- Cut to-

**സീൻ–21**

**സഹകരണബാങ്ക്**

**Day/Int**

ബാങ്കിനുള്ളിൽ പോത്ത് എല്ലാം കുത്തി മറിക്കുകയാണ്, മേശകൾ മറിക്കുന്നു. പേപ്പറുകൾ ചിതറുന്നു. പോത്തിന്റെ കുളമ്പിനടിയിൽപ്പെട്ട് ചിതറുന്ന പേപ്പറുകളും ഫയലുകളും. തടിയലമാരിയുടെ മുകളിൽ പൊത്തിപ്പിടിച്ചു കിടക്കുന്ന പ്രഭാകരൻ. അയാളുടെ തൊട്ടടുത്തായി കഴുക്കോലിൽ കൈയ്യും കാലും ചുറ്റി ഒരാൾ തൂങ്ങിക്കിടപ്പുണ്ട്.

പോത്ത് ഫയലുകളും പേപ്പറുകളും പറപ്പിക്കുമ്പോൾ പ്രഭാകരന്റെ മനസ്സിൽ തെളിയുന്ന ദൃശ്യം.

- Cut to-

**സീൻ–21 A**

**പ്രഭാകരന്റെ വീട്**

**Day/Int**

പ്രഭാകരന്റെ തേക്കാത്ത വീട്.
അതിന്റെ വാതിലിനോട് ചേർന്ന് ഗൗരവത്തിൽ നിൽക്കുന്ന പ്രഭാകരൻ. മീശ അൽപ്പം മുകളിലേക്ക് ചുരുട്ടിവെച്ചിരിക്കുന്നു. ഷർട്ടിന്റെ ഹാഫ് കൈ വീണ്ടും ചുരുട്ടി മുകളിലേക്ക് വെച്ചിരിക്കുന്നു. കൈ പിന്നിൽ കെട്ടിയിരിക്കുന്നു.

പ്രഭാകരൻ : നക്സൽ പ്രഭാകരനോടാണോ കളി.

എന്നാൽ ഹുങ്കോടെ നക്സൽ പ്രഭാകരന്റെ മുന്നിൽ നിന്ന യുവതി 'ഹും' എന്ന ശബ്ദത്തോടെ ആ ജപ്തി നോട്ടീസ് വീടിന്റെ കതകിൽ ഒട്ടിക്കുന്നു. ജപ്തി നോട്ടീസ് എന്ന് വ്യക്തമായി കാണാം.

- Cut Back-

**സീൻ–21 B**

**ബാങ്ക്**

**Day/Int**

ബാങ്കിനുള്ളിൽ അതേ ജീവനക്കാരി വസ്ത്രങ്ങളുലഞ്ഞ് നിലവിളിച്ചുകൊണ്ട് അങ്ങുമിങ്ങും ഓടി നടക്കുന്ന കാഴ്ച.

അക്രമം തുടരുന്ന പോത്തിന്റെ ദൃശ്യം.

ജീവനക്കാരി സാരി തെറുത്ത് മുട്ടോളം കയറ്റി മേശപ്പുറത്ത് വലിഞ്ഞു കയറുന്നു. മേശപ്പുറത്തെ ഫയലുകളിൽ ചവട്ടിയാണ് യുവതിയുടെ നിൽപ്പ്.

**– Cut to –**

സഹകരണ ബാങ്കിന്റെ മതിലിലേക്ക് പാഞ്ഞെത്തി മതിലിന് ചുറ്റും നിൽക്കുകയും മതിലിൽ കയറി നോക്കുകയും ചെയ്യുന്നവർ.

**– Cut to –**

മേശപ്പുറത്തു നിൽക്കുന്ന ജീവനക്കാരി സുരക്ഷിതയല്ലെന്ന് കണ്ട് നക്സൽ പ്രഭാകരൻ

കൈകൊടുത്ത് മുകളിലേക്ക് കയറ്റാൻ നോക്കുന്നു. യുവതി ജനലിന്റെ അഴികളിൽ ചവിട്ടി അലമാരിയുടെ മുകളിൽ കയറി പ്രഭാകരനോടൊപ്പം ഞെരുങ്ങിയിരിക്കുന്നു.

പോത്ത് കമ്പ്യൂട്ടർ മറിക്കുന്നു. പ്രഭാകരൻ പോത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നത് പോലെ മുഷ്ടി ചുരുട്ടി ആംഗ്യം കാണിക്കുന്നു.

ആന്റണി കയർകുരുക്കുമായി പോത്തിന് നേരെ എറിയുന്നു. ബാങ്കിനുള്ളിലെ പൊക്കമുള്ള കൗണ്ടറിന്റെ മുകളിൽ നിന്നാണ് ആന്റണി കുടുക്കിടാൻ ശ്രമിക്കുന്നത്.

അയാളുടെ വശത്തെ ഭിത്തിയിൽ തറച്ച ബോർഡിൽ "കാലിത്തൊഴുത്ത് നിർമ്മാണം" വായ്പാ പദ്ധതി എന്നെഴുതിയിരിക്കുന്നു.

- Cut to-

**സീൻ–22**

## സഹകരണബാങ്ക് ഗേറ്റ്

**Day/Ext**

കാലൻ വർക്കി ബാങ്കിന് പുറത്ത് ധൃതിയിൽ ഗേറ്റ് അടയ്ക്കുകയാണ്. ഈ സമയം തന്നെ മതിലിൽ കയറി നിന്നവർ ബഹളത്തോടെ പിന്നോട്ട് ചാടുന്നു. മതിലിന്റെ വശത്തു നിന്നവരും പുറകോട്ട് ഓടുന്നു. ഗേറ്റിൽ ആഞ്ഞിടിച്ച മൃഗത്തിന്റെ ശക്തിയിൽ കാലൻ വർക്കി തെറിച്ച് റോഡിൽ വീഴുന്നു. മൃഗത്തിന്റെ കുളമ്പടി ശബ്ദം.

വശത്തേക്ക് ചരിഞ്ഞു വീഴുന്ന ഒരു ഗേറ്റ്. മറ്റേ ഗേറ്റിന്റെ വശം ഉലയുകയാണ്. മൃഗം റോഡിന്റെ മറുവശത്തുള്ള പറമ്പിലേക്ക് രക്ഷപ്പെടുന്ന സൂചന. ഗേറ്റിൽ നിന്നുള്ള കാഴ്ചയിൽ പറമ്പിലെ ഇളകി മറിയുന്ന ചെടികൾ കാണുമ്പോൾ അത് ഓടുന്ന വഴി വ്യക്തം.

- Cut to-

**സീൻ–23**

**കവല**

**Day/Ext**

മുകൾ കാഴ്ചയിൽ കവല തകർന്നു കിടക്കുന്നു. മാടക്കട, രക്തസാക്ഷി മണ്ഡപം, നിലത്തു വീണു കിടക്കുന്ന സൈക്കിളുകളും ഇരുചക്ര വാഹനങ്ങളും, തട്ടിയിട്ട കടകൾ, വഴിയിൽ ചിതറിക്കിടക്കുന്ന സാധനങ്ങൾ.

കവലയിൽ പോൾ നടന്നുവരുന്ന കാഴ്ച. കവല തകർന്നു കിടക്കുന്നതൊന്നും ശ്രദ്ധിക്കാത്ത പോലെ നല്ല വെളുത്ത വേഷം ധരിച്ച് ശാന്തനായി ട്ടാണ് ആ വരവ്.

ചിതറിപ്പോയ ബോംബെ മിഠായിയുടെ പഞ്ഞി പോലെയുള്ള ശകലങ്ങൾ അപ്പൂപ്പൻ താടിപോലെ പറന്നു കളിക്കുകയും പലയിടത്തും പറ്റിപ്പിടിച്ചിരി ക്കുകയുമാണ്. അപ്പോൾ വരുന്ന പ്രൈവറ്റ് ബസിന് കൈകാണിച്ച് പോൾ അതിൽ കയറി പോകുന്നു. ബസ് കടന്നുപോകുമ്പോൾ എതിരെ കയറിവരുന്ന ജീപ്പ്. അതിനുള്ളിൽ നിന്ന് നീട്ടിപ്പിടിച്ച ഗ്ലാസ്സുകളും കുപ്പികളും. പുറത്തേക്ക് കാണാം. കടന്നുപോയ ബസിന്റെ ശബ്ദം മാറുമ്പോൾ ഗ്ലാസും കുപ്പിയും താളത്തിന് അനുസരിച്ച് അനങ്ങുന്നതും അതിനൊപ്പിച്ച പാട്ടും കേൾക്കാം.

: താനാരോ തന്നാരോ താനെന്തൊരു പോത്തനാടോ –

ജീപ്പ് നിറഞ്ഞ് ആളുകളുണ്ട്. രണ്ടുപേർ പിന്നിൽ തൂങ്ങിക്കിടക്കുന്നു.Commander എന്ന ബോർഡ് കാഴ്ചയിൽ, ജീപ്പിൽ നിന്ന് ചാടിയിറങ്ങുന്ന ആളുകൾ അതുകണ്ട നാട്ടുകാരിൽ ഒരാൾ തലയിൽ കൈവച്ച്

നാട്ടുകാരൻ : ഹൊ ! പൂമാലക്കാരും വന്നോ ?

ചാടിയിറങ്ങിയ പൂമാലക്കാർ പത്തോളം പേരുണ്ട്. എല്ലാവരും ഒറ്റനോട്ടത്തിൽ തല്ലിപ്പൊളികളാണെ ന്ന് തോന്നും.
അതിലൊരാൾ മാത്രം ക്ലീൻ ഷേവ് ചെയ്തിരിക്കുന്നു.
നന്നായി തേച്ച വെള്ള ഫുൾകൈയ്യൻ ഷർട്ട് കഫ് ചെയ്തിരിക്കുന്നു. പക്ഷേ കളംകളം ലുങ്കിയാണ്.

ജീപ്പിന്റെ ബോണറ്റിന് മുകളിൽ അതിവേഗം നിരക്കുന്ന പ്ലാസ്റ്റിക് ഗ്ലാസുകൾ. നേരത്തെ കണ്ട കഫ് ചെയ്ത കൈയ്യിൽ നിന്ന് ഓരോ ഗ്ലാസിലും വേഗം വേഗം കുലുക്കി കുലുക്കി മദ്യം ഒഴിക്കുന്നു. അതിൽ നിന്ന് ഒരു ഗ്ലാസ് എടുത്തുകൊണ്ട് ഒരു പൂമാലക്കാരൻ ഒഴിച്ചു കൊടുക്കുന്നവനെ ഉദ്ദേശിച്ച്

ഒരു പൂമാലക്കാരൻ : അപ്പം നീയടിക്കുന്നില്ലേ ?

ഇതുകേട്ട് മറ്റൊരു പൂമാലക്കാരൻ : അവൻ അടിക്കാതെ തന്നെ പൂസാ.

അത് പറയുന്ന സമയം ഒഴിച്ചുകൊടുത്ത പൂമാല ക്കാരൻ ഒരു ഓലപ്പടക്കം സിഗരറ്റ് ലാമ്പിൽ കത്തിച്ച് തൊട്ടടുത്ത പറമ്പിലേക്ക് എറിയുന്നു. അത് അവിടെ വീണ് പൊട്ടുന്ന ശബ്ദം എറിഞ്ഞ ഫുൾക്കൈ ഷർട്ടുകാരൻ.

ഫുൾക്കൈ ഷർട്ടുകാരൻ : കാടെളകട്ടെ എന്നാലെ അവൻ പൊറത്ത് ചാടൂ.

ഈ സമയം കവലയിലെ ഒരു ഭാഗത്ത് വീണു കിടക്കുന്ന രക്തസാക്ഷി മണ്ഡപത്തിനടുത്ത് കൂടി നിൽക്കുന്ന നാലഞ്ച് സഖാക്കൾ അവർ രോക്ഷാകുലരാണ്.

അതിൽ ഒരു സഖാവ് (തട്ടിക്കയറികൊണ്ട് ദേഷ്യത്തിൽ)

ഒരു സഖാവ് : എന്നാ സഖാവേ അങ്ങനൊന്നും വിടാൻ പറ്റത്തില്ല അടിക്കൊടുക്കണ്ട കേസാ.

(അതേ ആവേശത്തിൽ)മറ്റൊരു സഖാവ് : പണ്ടാരാണ്ടേ വെട്ടിക്കൊന്നെന്നും വെടിവെച്ചു കൊന്നെന്നും ഞെളിഞ്ഞിട്ട് കാര്യല്ല.
ഇപ്പം എന്നാ ചെയ്യുന്നതെന്ന് പറ.

പ്രധാന സഖാവായ മധ്യവസ്കൻ കൈകൾ പൊക്കി ശാന്തരാകാൻ ആഹ്വാനം ചെയ്യുകയാണ്

പ്രധാന സഖാവ് : നിർത്ത് നിർത്ത്...എല്ലാരും ഒന്നടങ്ങ് .... നമ്മളി പ്പോൾ ബഹളമുണ്ടാക്കണ്ട സന്ദർഭമല്ല ഇത്.

ആദ്യം പറഞ്ഞയാൾ നിഷേധ സ്വരത്തിൽ : എന്നാ അവന്മാരെപ്പോലെ ഖദറുമിട്ട് കരിക്കും വെള്ളോം കുടിച്ച് സത്യാഗ്രഹമിരിക്കാം.

ഒന്നുകൂടി മുന്നോട്ട് വന്ന്
(പാർട്ടി ക്ലാസ് എടുക്കുന്നത് പോലെ)

പ്രധാന സഖാവ്: അതല്ലാ.... കാരണം ഒന്ന് പോത്തിനെ ആരും മനപൂർവ്വം അഴിച്ചു വിട്ടതല്ല.

ചൂടായ ആദ്യത്തെ സഖാവ് അതിഷ്ടപ്പെടാതെ പരിഹാസ്യ രീതിയിൽ ആംഗ്യം കാട്ടി മൂളുന്നു.

പ്രധാനസഖാവ്: കാരണം രണ്ട്.... വർക്കി നിർണ്ണായക സന്ദർഭങ്ങളിൽ നമുക്ക് വേണ്ട സഹായം ചെയ്തിട്ടുണ്ട്.

അപ്പോൾ പിന്നിൽ നിന്ന് മണ്ടനെന്ന് തോന്നുന്ന ഒരു

സഖാവ്: നേരാ. ഞാനെറച്ചിക്ക് ചെന്നാ വർക്കിച്ചൻ നോക്കി നിർത്താറേയില്ല.

ആ മണ്ടത്തരം കേട്ട് പ്രധാന സഖാവ് അയാളെ രൂക്ഷമായ നോക്കിയ ശേഷം സംഘത്തോടായി പറയുന്നു.

പ്രധാന സഖാവ്: കാരണം മൂന്ന് .......

ആ വാക്കുകൾ പറഞ്ഞു തീരും മുമ്പേ പൂമാലക്കാർ കത്തിച്ചെറിഞ്ഞ പടക്കം പ്രധാന സഖാവിന്റെ കാൽക്കീഴിൽ വീണ് പൊട്ടുന്നു. ഒന്നു ഞെട്ടി മേലോട്ട് ചാടിയ സഖാവ് മുണ്ട് അൽപം മടക്കിപ്പിടിച്ച് ദേഷ്യത്തോടെ പിൻഭാഗം കാണിച്ച് തിരിയാതെ പിന്നിലേക്ക് തന്നെ വേഗത്തിൽ ഓടിയെത്തി പൂമാലക്കാരുടെ സമീപം എത്തുന്നു.

പ്രധാനസഖാവ്: എന്നാ ഇങ്ങോട്ടെറിയടാ.

പൂമാലക്കാർ അത് ഗൗനിക്കുന്നേയില്ല.
പിന്നെയും ബോണറ്റിൽ ഗ്ലാസ് നിരത്തി
വേഗത്തിൽ, മദ്യമൊഴിച്ച് തിരിഞ്ഞ് വന്ന്

പ്രധാന പൂമാലക്കാരൻ: ഇനി പോത്തിനെ ഞങ്ങള് പിടിക്കും...

അപ്പോൾ ബോണറ്റിൽ കൈകുത്തിനിന്ന്

അലസമായി മറ്റൊരു പൂമാലക്കാരൻ: കാട്ടുപോത്തിനെ പിടിക്കുന്ന ഞങ്ങൾക്കാണോ വെട്ടു പോത്തിനെ പേടി ?

തിരിഞ്ഞ് മുണ്ട് മടക്കി കുത്തി കൈ ഞൊടിച്ചു
കൊണ്ട് പ്രധാന സഖാവ്: നിങ്ങള് ഞൊട്ടും.

ഇത് പറഞ്ഞതിൽ കുപിതനായി ഒരു
പൂമാലക്കാരൻ പ്രാധാന സഖാവിന്റെ തൊട്ടടുത്ത്
ചെന്ന് ചങ്കു കൊണ്ട് തള്ളുന്നു.
അപ്പോൾ അവിടേക്ക് ഓടിയെത്തുന്ന മറ്റു
സഖാക്കൾ ഓടി വരുന്നതിൽ നേരത്തെ
ദേഷ്യപ്പെട്ട സഖാവ്: നെരത്തിനെടാ.

അതോടെ പൂമാലക്കാരും മുന്നോട്ടായുന്നു.
കവലയിൽ ഉന്തും തള്ളും.

- Cut to-

**സീൻ–24**

## എസ്.ഐ. യുടെ ഓഫീസ് മുറി

**Day/Int**

മേശയ്ക്ക് അപ്പുറം ഇരുന്ന് എസ്.ഐ.
ലാൻഡ് ഫോണിൽ സംസാരിക്കുകയാണ്.
തൊട്ടടുത്ത് ഏതാനും നാട്ടുകാർ.

ഉദ്വേഗത്തോടെ നിൽപുണ്ട്.
എസ്.ഐ. ഫോണിൽ ഉയർന്ന ഉദ്യോഗസ്ഥനോ
ടാണ് സംസാരിക്കുന്നതെന്ന് വ്യക്തം.
ആദ്യം എസ്.ഐയുടെ ചടുലമായ സാർ
വിളികൾ പിന്നെ അനുസരണയുള്ള സാർ വിളി.
ക്രമേണ ദയനീനമായ സാർ വിളി.
അയാളുടെ സാർ വിളികളിൽ അപ്പുറത്ത്
നിന്നുള്ള സംസാരത്തിന്റെ ഒഴിഞ്ഞുമാറ്റങ്ങളും,
ഉത്തരവാദിത്വമില്ലായ്മയും മനസിലാക്കാം.
എസ്.ഐ. നിരാശയോടെ ഫോൺ വെച്ചതും
ഇത്രയും നേരം ആകാംഷയോടെ മുന്നിൽ നിന്ന
നാലഞ്ച് പേർ ദയനീയമായി എസ്. ഐ. യെ
'സാർ' എന്ന് നീട്ടി വിളിക്കുന്നു.

- Cut to-

**സീൻ–25**

**കവല**

**Day/Ext**

കവലയിലെ ഒരു ഭാഗത്ത് ഒരു ചായക്കടയുടെ തിണ്ണയിൽ പരിക്കുകളോടെ കാലൻ വർക്കി നിലത്ത് കുത്തിയിരിക്കുന്നു.
ചുറ്റും കുറച്ചാളുകൾ അവിടവിടായി നിൽക്കുന്നു.
ഏതോ മധ്യവയസ്കയായ സ്ത്രീ ഒരു മൊന്തയിൽ കൊടുക്കുന്ന വെള്ളം വർക്കി ചുണ്ടിൽ തൊടാതെ കുടിക്കുന്നു.
ക്ഷുഭിതനായി കൂടി നിൽക്കുന്നതിൽ

ഒരാൾ : പോത്തിനെ നോക്കാതെ മൂക്കറ്റം കേറ്റീട്ട് വേലിചാടാൻ പോയാ ഇങ്ങനെയിരിക്കും.

വാച്ചർ : ഹാ...ഈ സമയത്താണോ..?

വർക്കി തല പൊക്കി ദയനീയമായി അയാളെ നോക്കുന്നു.

ഈ സമയം ദൈവസഹായം പെട്ടി ഓട്ടോ 'ഭായ്' ഇരപ്പിച്ച് മുന്നോട്ട് കൊണ്ടുവരുന്നു.

(ആശുപത്രി പോകുന്നതിനെ സൂചിപ്പിച്ച്)

ക്ഷുഭിതനായ ആൾ വീണ്ടും : വേണങ്കിപോയി ടി.ടി എട്.

തിരിച്ച് മൊന്തവാങ്ങുന്നതിനിടയിൽ ആ സ്ത്രീ : ശരിയാ അങ്ങനെയാണേ നടുനൊരു ബെൽറ്റുവിട്ടോ.

വർക്കി അസ്വസ്ഥതയോടെ കൈകൊണ്ട് ആംഗ്യം കാട്ടി ഓട്ടോക്കാരനോട് മാറിപോകാൻ പറയുന്നു.
അയാൾ ആശുപത്രിയിൽ പോകാനുള്ള ഇഷ്ടക്കേടാണ് കാണിക്കുന്നത്.

നാട്ടുകാരിൽ മറ്റൊരാൾ : ഈ ബീഡിപ്പടക്കം കൊണ്ടൊന്നും കാര്യമില്ല.

ബീഡിയുടെ പുക ആഞ്ഞൊന്ന് വലിച്ച് നിലത്തിട്ട് ചവിട്ടിയശേഷം മെലിഞ്ഞ ആ മനുഷ്യൻ : വെടി തന്നെ പൊട്ടണം. കുട്ടച്ചൻ വരട്ടെ.

അതു കേട്ട സ്ത്രീ തെല്ല് പരിഭ്രമത്തോടെ മൊന്തയും വാങ്ങി വേഗത്തിൽ സ്ഥലം വിടുന്നു.
പെട്ടെന്ന് ആൾക്കാരുടെ തോളിൽ പിടിച്ച് വകഞ്ഞുമാറ്റി

മുന്നോട്ട് വന്ന ആന്റണി (ക്ഷുഭിതനായി): വെടി! ഇനി അവനേം കൂടി ഇങ്ങോട്ട് ഒലത്താത്ത കൊഴപ്പവേയൊള്ളൂ.

അത് ശരിവെയ്ക്കുന്ന രീതിയിൽ മൂളുന്ന ഒരു വൃദ്ധൻ.

ആദ്യം ക്ഷുഭിതനായ ആൾ: പക്ഷേ അവൻ വന്നാ ഒരു നീക്ക് നീക്കും.

സംശയത്തോടെ ബീഡി വലിച്ച ആൾ: പക്ഷേ വരുവോന്നാ അത്രയ്ക്കല്ലാരുന്നോ അവന് കൊടുത്തുവിട്ട പണി.

ഇതുവരെ മിണ്ടാത്ത ഒരാൾ ദേഷ്യത്തോടെ വർക്കിയുടെ മുന്നിലേക്ക് ആഞ്ഞ് കൈകൾ രണ്ടുവശത്തോട്ടാക്കി ചോദ്യം ചോദിക്കുന്ന പോലെ ആൾ: എന്താടോ പഴം വിഴുങ്ങിയ പോലിരിക്കുന്നെ.

അതിന് മറുപടി എന്നോണം ആന്റണിയെ നോക്കി പൊട്ടിത്തെറിച്ച്

വർക്കി: പോത്തിന്റെ വാലേപിടിക്കാൻപോലും കഴകത്തില്ലാത്തവനാ.
ഒറ്റാലിൽത്തപ്പി പൊടിമീൻപ്പിടത്തമല്ലിത്.
അവന്റെയൊരു കുണാരം. എരപ്പ്! കള്ളപ്പട്ടി.

നാട്ടുകാരുടെ മുന്നിൽ വെച്ച് വല്ലാതെ അപമാനിതനായ ആന്റണിയുടെ മുഖം ഇരുണ്ടു.

- Cut to-

**സീൻ–26**

**റോഡ്**

**Day/Ext**

വൈകുന്നേരം കിഴക്കേ മലയിൽ നിന്നും പ്രയാസപ്പെട്ട് കയറ്റം കയറി ഇറങ്ങിവരുന്ന നിറഞ്ഞ ജീപ്പ്.
ആ വണ്ടിയുടെ ബോണറ്റിന് മുകളിൽ കൈയ്യിൽ തോക്കും തോളിൽ ബാഗുമായി ഒരു കാൽ മടക്കി ഗൗരവത്തിൽ ഇരിക്കുന്ന കുട്ടച്ചൻ.
കുട്ടച്ചൻ മുൻവശത്ത് ഏതാണ്ട് നിറഞ്ഞ് ഇരിക്കുന്നതിനാൽ തല പുറത്തേക്കിട്ട് ആയാസപ്പെട്ടാണ് ഡ്രൈവർ വണ്ടി ഓടിക്കുന്നത്.

കരുത്തും ആരോഗ്യവുമുള്ള പരുക്കനായ ആളാണ് കുട്ടച്ചൻ.
മുകളിൽ നിന്ന്, താൻ ഓടിപ്പോയ നാട് കാണുന്ന കുട്ടച്ചന്റെ മനസ്.

- Cut to-

**സീൻ–26A**

**Day/Ext**

പഴയകാലങ്ങൾ അയാളുടെ മനസ്സിൽ ഒന്നു മിന്നി മറയുന്നു, കൈകൾ പിന്നിൽ കെട്ടിയ നിലയിൽ അവശനായി മുറ്റത്തേക്ക് തെറിച്ചു വീഴുന്ന കുട്ടച്ചന്റെ ദൃശ്യം.

ഒരു പോലീസുകാരൻ കൈമുട്ടിനു ഇടിക്കുന്ന കാഴ്ച.

ചിരിക്കുന്ന ചില പ്രമാണിമാരുടെ മുഖങ്ങൾ.

അവരുടെ ചിരിയുടെ അലകൾ.

നാട്ടുകാരുടെ ഉന്തിലും തള്ളിലും അവശതയോടെ കുട്ടച്ചൻ മുന്നോട്ടു നീങ്ങുമ്പോൾ ആ വഴിത്താരയിൽ ആളുകൾക്കിടയിൽ അതു കാണുന്ന സോഫി.

ആരുടേയോ ഒരടികൂടി അവന്റെ മേൽ പതിഞ്ഞു.

- Cut to-

**സീൻ–26 B Flash back**

**കാലന്റെ അറവുശാല**

**Day/Ext**

നാലഞ്ചു വർഷം മുമ്പ് ഇറച്ചിക്കടയിലെ ഉപകരണങ്ങൾ ഇപ്പോഴുള്ള സ്ഥാനങ്ങളിൽ അല്ല.

പഴയ മാതിരി കട്ടി വെച്ച് തൂക്കുന്ന ത്രാസാണുള്ളത്. ഇറച്ചിക്കട നിയന്ത്രിക്കുന്നത് കുട്ടച്ചനാണെന്ന് ശരീര ഭാഷയിൽ വ്യക്തം. അയാൾ കുറച്ചുകൂടി സുമുഖനാണ്.

ആന്റണി നിലത്തിരുന്ന് എല്ലിലെ ഇറച്ചി ചുരണ്ടുന്നുണ്ട്.
കുറച്ചുകൂടി പഴയ ദയനീയമായ രൂപവും മുഖവുമാണ് അവനുള്ളത്.

അവർക്ക് പിന്നിൽ അൽപം മാറി കസേരയിൽ ഇരുന്ന് ഇതൊന്നും ശ്രദ്ധിക്കാതെ ചാരായം മോന്തുന്ന കാലൻ വർക്കിയേയും കാണാം.

വലിയകഷണങ്ങൾ മുറിച്ചെടുത്ത് ത്രാസിലിട്ട് കടയിലെത്തിയ ആരോടോ ആയി

കുട്ടച്ചൻ : എന്താടാ പൊറത്താർക്കും കൊടുക്കുകേലല്ലേ. ഒറ്റത്തീറ്റിയാല്ലേ ....

കടയിലെത്തിയിരിക്കുന്ന സുന്ദരനായ യുവാവ് ചുമ്മാ എന്ന് കൈകൊണ്ട് ആംഗ്യം കാണിക്കുന്നു. ഈ സമയം വർക്കി ഒറ്റവലിക്ക് ഒരു ഗ്ലാസ് ചാരായം വലിച്ചടിച്ചു.
ശേഷം ഗ്ലാസ് നിലത്തേക്ക് വെയ്ക്കുന്നു.
ആ രുചി മാറ്റാൻ ഇടതു കൈയ്യിലിരിക്കുന്ന കൂഞ്ഞിൽ ചെത്തിയ ചക്ക കഷ്ണത്തിൽ നിന്ന് ഒരു ചുള എടുത്ത് ഒറ്റഞെക്കിന് കുരുപുറത്ത് ചാടിച്ച് ചുള തിന്നുന്നു.

മൃഗത്തിന്റെ വലിയൊരു ഇറച്ചിഭാഗം ആയാസപ്പെട്ട് ഇറച്ചിക്കടയുടെ കട്ടിയുള്ള ഇരുമ്പ് കോർമ്പലിൽ തൂക്കുന്ന കുട്ടച്ചൻ.

തൂക്കുന്നതിനിടെ അവൻ സോഫിയെ ശ്രദ്ധിക്കുന്നു. അവൾ നിലത്തു വെച്ച സ്റ്റീൽ ഗ്ലാസുകളിൽ മൊന്തയിൽ നിന്ന് ചായ പകരുകയാണ്.

അവളുടെ നിറഞ്ഞ മാറിടത്തിൽ
കണ്ണ് പായിക്കുന്ന കുട്ടച്ചൻ.
ഒരു കൈകൊണ്ട് അവൻ തൂക്കിയിട്ട ഇറച്ചിത്തുണ്ടത്തിൽ മൃദുവായി പിടിക്കുന്നു. അതിനിടെ ആ തൂക്കിയിട്ട ഇറച്ചിത്തുണ്ടം താഴെ വീഴുന്നു.

അതുകണ്ട് സോഫി വാ പൊത്തി കുടുകുടെ ചിരിക്കുന്നു.

പെട്ടെന്ന് കുട്ടച്ചൻ കളിയായി തന്റെ ചോരപറ്റിയ കൈകൊണ്ട് അവളുടെ ചന്തിക്ക് അടിക്കാനായി താഴേക്ക് കൈയ്യോങ്ങുന്നു.
എന്നാൽ അവൾചിരിച്ചുകൊണ്ട് പിറകോട്ട് മാറിയ ശേഷം ചുണ്ടത്ത് വിരൽ ചേർത്ത് 'ശ്' എന്ന് പറഞ്ഞ് വർക്കിയെ രഹസ്യമായി ചൂണ്ടിക്കാണിക്കുന്നു. മൂപ്പർ കഴുത്ത് വെട്ടുമെന്ന് അവൾ ആംഗ്യം കാണിക്കുന്നു.
ആന്റണി ചൂടുചായ വലിച്ചു കുടിച്ചുകൊണ്ട് രണ്ടു പേരേയും അസൂയ കലർന്ന ദേഷ്യത്തിൽ നോക്കുന്നുണ്ട്. ഈ സമയം കസേരയിൽ നിന്നെഴുന്നേറ്റ വർക്കി വേച്ച് കസേരയിൽ തന്നെ പിടിച്ച് അൽപ്പം ഉച്ചത്തിൽ വിളിച്ച് ചോദിക്കുന്നു.

വർക്കി : കുട്ടച്ചാ നാളെ നമ്മുക്ക് ഏലപ്പാറ വരെപോണം 350 കിലോയുള്ള എമണ്ടൻ സാധനാവാന്നൊക്കെയാ പറേന്നേ നോക്കാം....

സോഫിയെ നോക്കി ഒന്നു കണ്ണിറുക്കി മറുപടി പോലെ

കുട്ടച്ചൻ : വർക്കിച്ചൻ വിട്ടോ ഞാനില്ല. നാളെ ചെറിയൊരു ലൊടുക്കു പണിയൊണ്ട്

ഇറച്ചിക്കടയിൽ ആന്റണിയും കുട്ടച്ചനും മാത്രം. എല്ലിലെ ഇറച്ചി ചുരണ്ടുന്ന ആന്റണിയുടെ അടുത്തെത്തി രണ്ട് എല്ലിൻ കഷണങ്ങൾ കാലുകൊണ്ട് തട്ടിമാറ്റി

കുട്ടച്ചൻ : തടിപ്പണിയാടാ നല്ലപ്പ ഒത്തുവന്ന ചാലാ....

രണ്ട് കൈയിലേയും വിരലുകൾ കൂട്ടിപിണച്ച് തലയ്ക്കുമുകളിൽ ഞൊട്ട വിട്ട് (വീണ്ടും)

കുട്ടച്ചൻ : ഞാൻ നാളെ കൊറേ പാടുപെടും

പിന്നെ ഒരു ഡാൻസിംഗ് മൂവ്മെന്റോടെ മുണ്ട്
രണ്ട് കയ്യിലും മടക്കിപ്പിടിച്ച് ആന്റണിയെ നോക്കി
കുട്ടച്ചൻ ശൃംഗാരച്ചുവയോടെ പാടുന്നു. : ഇറുക്കും കാലുള്ള ഞണ്ടേ.......

സ്വയം വിലയിരുത്തുന്നതുപോലെ ഒരു വരികൂടി : കള്ളക്കണ്ണുള്ള വണ്ടേ .

എന്നുപാടി മുണ്ട് ഒരു ആഭാസരീതിയിൽ
മടക്കിക്കുത്തുന്നു.
ആന്റണി അമർഷം ഉള്ളിലൊതുക്കി
എല്ലിൻ കഷണങ്ങൾ ആഞ്ഞാഞ്ഞ് വെട്ടുന്നു.

- Cut to-

**സീൻ–27**

## ഓമനയുടെ വീടിന്റെ പുറം

**Day/Ext**

റോഡിന് കുറുകെ കടന്നുപോകുന്ന ഒരു വെള്ള
മൊഴുകുന്ന ചാൽ, അതിൽ വേഗം കുറഞ്ഞ്
ഇറങ്ങി കയറുന്ന ജീപ്പിന്റെ ചക്രങ്ങൾ.
വെള്ളം തെറിക്കുന്നു. അതിന് തൊട്ടുതാഴെയുള്ള
പറമ്പ്. അഴിച്ചുവിട്ട അഞ്ചാറ് കോഴികളെ തടുത്ത്
കൂട്ടിൽ കയറ്റാൻ ശ്രമിക്കുന്ന ഓമന.
ഉദ്ദേശം 45 വയസോളം തോന്നിക്കുന്ന മേദസുള്ള
സ്ത്രീയാണ്.
അവൾ കോഴിയെ ഓടിച്ചുകയറ്റുന്ന ശബ്ദമുണ്ടാ
ക്കുന്നു.

ജീപ്പിന്റെ ബോണറ്റിൽ ഇരിക്കുന്ന കുട്ടച്ചൻ വലിയ
ലോഹ്യം പോലെ ഉച്ചത്തിൽ വിളിക്കുന്നു. : ഓമനേ .....

തലയുയർത്തിനോക്കി വിടർന്ന ചിരിയോടെ

ഓമന : ആഹാ... ഇതെപ്പം വന്ന് ചാടി!

ഈ സമയം ജീപ്പിന് പിന്നിൽ തൂങ്ങി നിൽക്കുന്ന

സണ്ണിയുടെ ആത്മഗതം : ഇന്ന് കോഴി കൂട്ടീകേറും...

- Cut to-

**സീൻ–28**

## വർക്കിയുടെ വീടിന് മുൻവശം

**Day/Ext**

വർക്കിയുടെ വീടിന്റെ മുൻവശത്ത് നടയ്ക്കു താഴെ കുട്ടച്ചനും ജീപ്പും.
ചുറ്റും നാട്ടുകാർ കൂടിയിട്ടുണ്ട്.
സോഫി വീടിന്റെ പടിയിൽ നിന്നും നോക്കുന്നു.
കുട്ടച്ചൻ അവളെ മനപ്പൂർവം ഗൗനിക്കുന്നില്ല.
ഒരു പൂമാലക്കാരൻ അവനെ കൗതുകപൂർവം നോക്കുന്നുണ്ട്.

അടുത്ത് ചെന്ന് സ്നേഹത്തോടെ
തോളിൽ കൈവച്ച് — വർക്കി : കുട്ടച്ചാ...

പരിഹസിക്കുന്നതുപോലെ വിനയം അഭിനയിച്ചു
കുട്ടച്ചൻ : അയ്യോ, വെറും കുട്ടച്ചനല്ലേ,
കഞ്ചാവ് കുട്ടച്ചനാണേ...

ഗൗരവം വീണ്ടെടുത്ത് നാട്ടുകാരെയും ആന്റണിയെയും നോക്കി (ഘനഗാംഭീര്യമായ സ്വരത്തിൽ)
കുട്ടച്ചൻ : നീയൊക്കെ തല്ലിയോടിച്ച കഞ്ചാവ് കുട്ടച്ചൻ.

അതുകേൾക്കുമ്പോൾ പൂമാലക്കാരന്റെ മുഖത്തൊരു ബഹുമാനം.

പെട്ടെന്ന് ആന്റണി ചൂളിപ്പോകുന്നു.
അവന്റെ മനസിൽ തെളിയുന്ന കാര്യങ്ങൾ.

- Cut to-

**സീൻ–28 A**

**ഇറച്ചിക്കട**

**Day/Int**

എല്ലിൻ കഷണങ്ങളിൽ ആഞ്ഞുവെട്ടുന്ന
ആന്റണി.
പശ്ചാത്തലത്തിൽ കുട്ടച്ചന്റെ ശബ്ദം അൽപം
നേർത്ത് കേൾക്കാം: " ഇറുക്കം കാലുള്ള ഞണ്ടേ, കള്ളക്കണ്ണുള്ള...

- Cut to-

**സീൻ–28 B**

## പള്ളി മുറ്റം

**Day/Ext**

പള്ളിമുറ്റം - ഇറച്ചി പ്ലാസ്റ്റിക്ക് കൂടിൽ തൂക്കി വിഷണ്ണനായി നിൽക്കുന്ന ആന്റണി.
ചുറ്റുപാടും നോക്കി ആരെയും കാണാത്തത് കൊണ്ട് തൊട്ടടുത്ത് കണ്ട ഒരു മരത്തിന്റെ കൊമ്പിൽ അവൻ ഇറച്ചി തൂക്കുന്നു.
പിന്നിൽ നിന്ന് ഒരു ശബ്ദം അപ്പോൾ പള്ളിമേട യിൽ നിന്ന് ഇറങ്ങിവന്ന

അച്ചൻ : ചന്ദനമരത്തേലാണോടാ ഇറച്ചിതൂക്കുന്നേ?

- Cut to-

**സീൻ–28 C**

## വർക്കിയുടെ വീടിന്റെ മുൻവശം

**Day/Ext**

കുട്ടച്ചൻ മുഖത്തെ മുറിവ് തടവുന്നു. അതുകാണുമ്പോൾ നേരത്തെ പോത്തിനെ കണ്ട പോലെ ഭീതിയോടെ ഒരുവശത്തേക്ക് നീങ്ങുന്ന ആളുകൾ.

- Cut to-

**സീൻ–28D Flash back**

**അറവുശാല**

Night/Int

രാത്രി അറവുശാലയിൽ ഒരു ഗ്ലാസ് മദ്യം കഴിച്ച ശേഷം തിരിച്ചു ഗ്ലാസ് വെയ്ക്കുന്ന കാഴ്ച. അവിടെ ഒരു മഞ്ഞ ലൈറ്റ് കത്തി നിൽപ്പുണ്ട്. ചാരായം ഊറ്റി ഗ്ലാസിൽ ആന്റണി വീണ്ടും കുട്ടച്ചന്റെ മുന്നിലേക്ക് വെയ്ക്കുന്നു.

ഒരു കുറുക്കൻ ചിരിയോടെ

ആന്റണി : കുട്ടച്ചാ ഇടയ്ക്കൊക്കെ പള്ളീപ്പോണം.

അടുത്ത ഗ്ലാസ് അടിക്കുമ്പോഴുള്ള ചാരായ ത്തിന്റെ അരുചിയിൽ മുഖം ചുളിച്ച് ഇറച്ചിക്കട യുടെ തറയിൽ രണ്ട് മൂന്ന് തവണ തുപ്പിയ ശേഷം

കുട്ടച്ചൻ : പോടാ..... ഞാനെന്റെ മാമ്മോദിസയ്ക്ക്പോലും പള്ളീപ്പോയിട്ടൊണ്ടോ വാ ....

കൈകെട്ടി ഒരു ഭവ്യത പോലെയും
എന്തോ രഹസ്യം പറയാനെന്ന പോലെയും

ആന്റണി : പള്ളീപ്പോയാലും ചില ഗുണങ്ങളൊക്കെയുണ്ട്.

- Cut to-

**സീൻ–28 E Flash back**

## പള്ളിമുറ്റം

**Day/Ext**

അവിടെ അമ്പരന്നു നിൽക്കുന്ന ഇടവകക്കാരായ പത്തു പതിനഞ്ച് പേർ.
മുറ്റമടിക്കാൻ ചൂലുമായി നിൽക്കുന്ന ഒരു സ്ത്രീയുമുണ്ട്. ഒപ്പം രണ്ട് കന്യാസ്ത്രീകളും. എല്ലാവരും മുകളിലേക്ക് നോക്കി അമ്പരന്ന് നിൽക്കുകയാണ്. മുകളിലേക്കുള്ള ദൃശ്യത്തിൽ ചന്ദനമരത്തിന്റെ മുകൾഭാഗവും ചില്ലകളും കാണാം.
ദൃശ്യം താഴേക്ക് വരുമ്പോൾ മധ്യഭാഗത്തെ തടി കാണാനില്ല. ചന്ദനത്തടി മുറിച്ച കുറ്റിയിൽ കയറി നിന്ന് മുകളിലോട്ടും താഴോട്ടും അച്ചൻ പരിഭ്രമത്തോടെ നോക്കുന്നുണ്ട്.
ചന്ദനമരത്തിന്റെ മുകളിലെ ചില്ലകളിൽ നിന്ന് കയറുകൾ വിവിധ മരങ്ങളിലേക്ക് വലിച്ചുകെട്ടി അന്തരീക്ഷത്തിൽ നിർത്തിയിരിക്കുന്നു.

ഒരു കയർ പള്ളിക്കുരിശിലേക്ക് കെട്ടിയിരിക്കുന്നു. അത് നോക്കി അമ്പരന്നു നിൽക്കുന്ന ഒരു ആഢ്യത്വമുള്ള ഇടവകക്കാരൻ.

അയാളുടെ ആത്മഗതം : ഇയ്യോ, ഇതെന്നാ ചെയ്ത്താ....

അപ്പോൾ തൊട്ടടുത്ത് ചേർന്ന് നിൽക്കുന്ന ആന്റണി സ്വരം താഴ്ത്തി അയാളുടെ ചെവിയിൽ പറയുന്നു.

ആന്റണി : അല്ലേലും പള്ളിക്കെന്തിനാ ചന്ദനം. അമ്പലത്തിനാണേ പിന്നേം കൊള്ളാം.

അടുത്തു നിൽക്കുന്ന ആന്റണിയെ നോക്കി അവന്റെ സാമീപ്യം ഇപ്പോൾ മാത്രം മനസിലാക്കുന്ന പോലെ

അയാൾ : നിന്നെപ്പോലുള്ള ചാണകപ്പുഴുവിന് എന്ത് ചന്ദന മരം.

ഒന്നുകൂടി അയാളോട് ചേർന്ന് സ്വരം താഴ്ത്തി

ആന്റണി : ചന്ദനം കടത്താൻ ഈ കരേൽ ഒരാളേയുള്ളൂ.

- Cut to-

**സീൻ–28 F Flash back**

## കുട്ടച്ചന്റെ വീട്

**Day/Ext**

ടൊമ്പോയിലുള്ള ഒരു മ്യൂസിക്കൽ കട്ട് – അതിന്റെ തീവ്രതയിൽ ഈറ്റയും പനയോലയും കൊണ്ട് പണിത കുട്ടച്ചന്റെ ചെറിയ വീട്ടിലേക്ക് ഇരച്ചു ചെല്ലുന്ന ആളുകൾ.
പുല്ലു നിറഞ്ഞ മുറ്റം ഒരു നിമിഷം കൊണ്ട് വീടിന്റെ വാതിൽ ചവിട്ടി പൊളിക്കപ്പെടുന്നു.
പശ്ചാത്തലത്തിൽ മ്യൂസിക് തുടരുന്നു.
അടുക്കി വെച്ച ചന്ദനത്തടിയിൽ
തലവെച്ചുറങ്ങുന്ന കുട്ടച്ചൻ.
ആളുകളെ കണ്ട് പുറകുവശത്തെ വഴിയിലൂടെ പോകുവാൻ ശ്രമിക്കുന്നു.
അവിടെ ഒരുപാടു പേർ അവനെ വട്ടം പിടിക്കുന്നു. ആന്റണി അവിടെയുണ്ട്.
ആന്റണിയുടെ വിരലിലെ മോതിരം കൊണ്ട് അറിയാതെ കുട്ടച്ചന്റെ മുഖം കീറുന്നു.
അടിവസ്ത്രം മാത്രമിട്ട് കൈകൾ മുന്നോട്ട് ലുങ്കികൊണ്ട് കൂട്ടിക്കെട്ടിയ കുട്ടച്ചനെ മുറ്റത്ത് കുനിച്ച് നിർത്തി ഇടിക്കുന്ന പൊലീസുകാരൻ.
ഓരോ ഇടിക്കും സന്തോഷം കൊണ്ട് തലയാട്ടുന്ന ഇടവകക്കാർ, ആൾക്കൂട്ടത്തിന് പിന്നിൽ നിന്ന് പൊങ്ങി നോക്കുന്ന ആന്റണി.
പോലീസുകാരന്റെ ഇടി നിർത്തുമ്പോൾ മുന്നോട്ട് വന്ന് കുട്ടച്ചന്റെ കരണത്തടിക്കുന്ന
ലോട്ടറിക്കാരൻ വികലാംഗൻ.
പൊലീസുകാരന്റെ അടുത്ത് നിന്ന് തള്ളവിരൽ കൊണ്ട് വീടിനകത്തേക്ക് ആംഗ്യം കാണിക്കുന്ന ആന്റണി.

അടുക്കള വാതിൽ തള്ളിത്തുറന്ന് നോക്കുന്ന പൊലീസുകാരൻ നിലം കിളച്ച് വളർത്തിയിരിക്കുന്ന ഏതാനും കഞ്ചാവ് ചെടികൾ.
പൊലീസുകാരൻ മുകളിലേക്ക് നോക്കുമ്പോൾ മേൽക്കൂര ചതുരത്തിൽ മാറ്റപ്പെട്ടിരിക്കുന്നു.
അതിലൂടെ കാണുന്ന ആകാശം.

- Cut to-

**സീൻ–29**

## വർക്കിയുടെ വീടിന്റെ മുൻവശം

**Day/Ext**

ആകാശത്തു നിന്ന് കാഴ്ച താഴേക്ക് വരുമ്പോൾ മ്യൂസിക്കിന്റെ ടെമ്പോ തീരുന്നു.
കാഴ്ച താഴെ വർക്കിയുടെ വീടിനു മുമ്പിൽ എത്തുമ്പോൾ കുട്ടച്ചൻ തോക്ക് കയ്യിലെടുക്കുന്നു
ആളുകളുടെ മുഖത്ത് ആശങ്ക.
ആളുകളുടെ പിന്നിൽ കുട്ടച്ചന്റെ കാഴ്ചയ്ക്ക് അപ്പുറം വികലാംഗനായ ലോട്ടറിക്കാരൻ പേടിയോടെ ഏന്തിയേന്തി വേഗത്തിൽ ഒരിടുക്കു വഴിയിലേക്ക് കയറി അപ്രത്യക്ഷമാകുന്നു.

വർക്കി: കുട്ടച്ചാ വല്ലോം കഴിച്ച് വിയർപ്പാറ്റീട്ട് ഇറങ്ങാം

കുട്ടച്ചൻ: ഉണ്ടു തൂറാനും ഉണ്ണാക്കന്മാരെപ്പോലെ കോട്ടുവായിട്ട് സാറ്റ് കളിക്കാനുമല്ല കുട്ടച്ചൻ വന്നിരിക്കുന്നത്.

എന്നു പറഞ്ഞ് കുട്ടച്ചൻ കവലയിലുള്ള ഇറച്ചിക്കടയിലേക്ക് നടക്കുന്നു.
നടന്നു പോകുമ്പോൾ അവനു പിന്നാലെ ആളുകൾ കൂടുന്നു.
മുന്നോട്ട് പോകുന്തോറും ആളുകൾ കൂടിക്കൂടി വരുന്നു.

- Cut to-

**സീൻ–30**

**അറവുശാല**

**Day/Ext**

അറവുശാലയിലേക്ക് വന്ന് വീഴുന്ന കുട്ടച്ചന്റെ ബാഗ്. കനത്ത ചുവടുവെയ്പ്പോടെ വേഗത്തിൽ അറവുശാലയിലേക്ക് കയറുന്ന കുട്ടച്ചൻ. അതിന്റെ മൂലയിൽ വെള്ളം വെച്ചിരിക്കുന്ന ഇരുമ്പു തൊട്ടി യെടുത്ത് നിലത്തെ കല്ലിന്മേൽ ആഞ്ഞടിക്കുന്നു. അതിന്റെ കഠോരമായ ശബ്ദത്തിൽ നാട്ടുകാർ അമ്പരന്നു നിൽക്കുന്നുണ്ട്. തൊട്ടി അടിച്ചുപൊ ട്ടിച്ച് അതിന്റെ പിടി ഭാഗമെടുത്ത് ഇറച്ചിമുട്ട് തടി യിൽ വെച്ച് ഒരു കരിങ്കല്ല് കൊണ്ട് അടിച്ചു നിവർത്തുന്നു. പിന്നീട് ഇറച്ചി വെട്ടുന്നത് പോലെ അറവു കത്തി ഉപയോഗിച്ച് അതേ രീതിയിൽ ചെറുവിരലിന്റെ വലുപ്പത്തിൽ ചെറിയ ഇരുമ്പ് കഷ്ണം വെട്ടിയെടുക്കുന്നു. വർക്കിയും നക്സൽ പ്രഭാകരനും അമ്പരപ്പോടെ പരസ്പരം നോക്കു ന്നു.

കുട്ടച്ചന്റെ പ്രവർത്തി നിലത്തിരുന്ന് അത്ഭുത ത്തോടെ കാണുന്ന പൂമാലക്കാരൻ.

കൂട്ടച്ചൻ ഒരു ഭാഗത്തിരുന്ന് ആ ഇരുമ്പ് കഷ്ണം ചകിരിയും ചേർത്ത് ഇടിച്ച് തിര നിറയ്ക്കുന്നു.

അതുകാണുമ്പോൾ ആന്റണിയുടെ മുഖത്ത് ആശങ്ക.

കുട്ടച്ചന്റെ അരയിൽ കൂർത്ത രണ്ട് മരക്കമ്പുകൾ കാണാം.

ഭായിയും ആന്റണിയും ഇറച്ചിക്കടയ്ക്കടുത്ത് നിൽപ്പുണ്ട്.

ഭായി : യേ ക്യാഹേ.

ആശങ്കയോടെ ആന്റണി : കന്നുകാലികളുടെ മൂക്ക് തൊളയ്ക്കാനുള്ളതാ

- Cut to-

**സീൻ–30 A**

**അറവുശാല**

**Day/Ext**

നിറച്ച തോക്ക് കുട്ടച്ചൻ ആളുകൾക്കു
നേരെ കറക്കുന്നു.
കുട്ടച്ചൻ തോക്ക് ചൂണ്ടി കറക്കി വരുമ്പോൾ
ആന്റണിക്ക് നേരെ വരുന്നു.
ഒരു നിമിഷം തോക്ക് നിശ്ചലമായതുപോലെ.
ആന്റണിയുടെ മുഖത്തിനടുത്തായി ആ കുഴൽ
അങ്ങനെ എത്തിയപ്പോൾ പെട്ടെന്ന് ആന്റണി ആ
തോക്കിൻ കുഴലിൽ കയറിപ്പിടിക്കുന്നു.

ആന്റണി : കാട്ടുകള്ളൻ...വിടടാ മൈരേ...

തോക്കിൽപ്പിടിച്ച് രണ്ടു പേരുടെയും മുഖാമുഖ
മുള്ള ബലപരീക്ഷണം.
ആൾക്കൂട്ടം അവരെ പൊതിയുന്നു.
രണ്ടുപേരും വിട്ടുകൊടുക്കാതെ അങ്ങനെ
ബലാബലം നിൽക്കുന്നു.

നേരത്തെ അപ്പിയിടാൻ ഇരുന്നയാള് : നിങ്ങളിവിടെ കുണ്ടീം ചൊറിഞ്ഞു നിന്നോ. അവനാ തോടിന്റെ വളവിൽ അങ്ങോട്ടും ഇങ്ങോട്ടുമില്ലാതെ നില്പ്പൊണ്ട്.

അങ്ങോട്ട് വരുന്ന കാലൻവർക്കി ദേഷ്യത്തോടെ
ആന്റണിയെ തള്ളി മാറ്റുന്നു.

കാലൻ വർക്കി : മാറടാ.............

പിടിവിടുമ്പോൾ രണ്ടു മൂന്നുപേർ കുട്ടച്ചനെയും
വട്ടം പിടിക്കുന്നു.
അയാൾ തോക്കിന്റെ പാത്തികൊണ്ട്
അടിക്കുന്നതു പോലെ ഓങ്ങാൻ ശ്രമിക്കുന്നു.

കുട്ടച്ചൻ : തോല് പൊളിച്ച് ഞാൻ കെട്ടിത്തൂക്കും.

- Cut to-

**സീൻ–31**

**പറമ്പ്**

**Night/Ext**

ആകാശത്ത് പൂർണ്ണ ചന്ദ്രൻ.
കാഴ്ചയിൽ ആ ചന്ദ്രന്റെ വശം ചേർന്ന്
ഒരു തോക്കിൻ കുഴൽ ദൃശ്യം താഴെയാകുമ്പോൾ
ഉന്നം പിടിച്ച് നിലാവെളിച്ചത്തിൽ പതുക്കെ
മുന്നോട്ടു നീങ്ങുന്ന കുട്ടച്ചൻ.
അയാളുടെ പതുങ്ങിയ ചുവടുവെയ്പുകൾ.

- Cut to-

**സീൻ–32**

## കളക്ടറുടെ വസതി

**Night/Ext**

മുണ്ടുടുത്ത മറ്റൊരാളുടെ പതുക്കെയുള്ള ചുവടുവെയ്പുകൾ ഒരു ആഡംബര വീടിന്റെ ഭിത്തിയിലെ കോളിംഗ് ബെൽ അമർത്തുന്ന വിരലുകൾ.
പോളാണ്.
ജില്ലാകളക്ടറുടെ വസതി എന്ന ബോർഡിന്റെ താഴെയാണ് വിരൽ അമർത്തുന്നത്.
വാതിൽ തുറക്കുന്ന ഒരാൾ അൽപം ഈർഷ്യയോടെ

അയാൾ : കാര്യങ്ങളൊക്കെ മനസ്സിലായി.
അദ്ദേഹം വിശ്രമത്തിലാണ്.
തഹസീൽദാരോ എസ്.ഐ.യോ
റിപ്പോർട്ടുതരട്ടെ. വേണ്ടതു ചെയ്യും.

- Cut to-

**സീൻ–33**

**തോട്**

**Night/Ext**

തൂക്കുപാലത്തിലൂടെ ഇരുട്ടത്ത് പോത്ത് പായുന്ന കാഴ്ച.
വീതി കുറഞ്ഞ ഒരു തോട്ടിലെ വെള്ളത്തിൽ തോക്കുമായി നടക്കുന്ന കുട്ടച്ചൻ.
പിന്നാലെ പൂമാലക്കാരനുമുണ്ട്.

- Cut to-

**സീൻ–33 A Flash back**

**കാട്**

**Night/Ext**

ആന്റണിയുമൊന്നിച്ച് കാട്ടിൽക്കൂടി കുട്ടച്ചൻ നടക്കുന്ന കാഴ്ച.

ആന്റണി : കുട്ടച്ചാ.. നല്ല മുള്ളനെ കിട്ടുന്ന സ്ഥലമാ

കുട്ടച്ചൻ : പോട്ടെടാ അതിനേക്കെ ആർക്കുവേണം നമുക്ക് നല്ല മ്ലാവ് മതി.

- Cut back-

**സീൻ–33** - Cut back-

**തോട്**

**Night/Ext**

പൂമാലക്കാരനുമൊപ്പമുള്ള നടത്തം നിശബ്ദമായ നിമിഷം.

ഒരു ശബ്ദം കേട്ട് പൂമാലക്കാരൻ : വല്ല പന്നിയെലിയും ഓടിയതായിരിക്കും.

കുട്ടച്ചൻ : ഒന്നിനേം വിടരുത്. പുളവനും ഒത്തുകിട്ടിയാൽ കാലേൽ കടിക്കും.

പെട്ടെന്ന് നിന്ന നിൽപ്പിൽ തിരിഞ്ഞ് പിന്നോട്ട് നിറയൊഴിക്കുന്ന കുട്ടച്ചൻ.
പൂമാലക്കാരനെ ഉരുമ്മി വെടി പോത്തിന് കൊള്ളുന്നു.
അത് ഇരുവരേയും ഇടിച്ചു തെറിപ്പിച്ച് പായുന്നു.

- Cut to-

**സീൻ–34**

## വൃദ്ധന്റെ വീട്

**Night/Ext**

വെടി പൊട്ടിയശബ്ദം പ്രതിധ്വനിയോടെ മുഴങ്ങുന്നത് മരണാസന്നനായ വൃദ്ധന്റെ വീട്ടിലാണ്. അവിടെ മിന്നി മിന്നി നിൽക്കുന്ന ട്യൂബിന്റെ വെളിച്ചത്തിൽ ശ്വാസം വലിച്ചു കിടക്കുന്ന വൃദ്ധനേയും കട്ടിലിന് അപ്പുറവും ഇപ്പുറവുമായി താടിയ്ക്ക് കയ്യും കൊടുത്ത് ഉറക്കച്ചടവോടെ ഇരിക്കുന്ന രണ്ട് പുരുഷന്മാരേയും കാണാം.

അതിലൊരാൾ : പോത്തും ചത്തു.

- Cut to-

**സീൻ–35**

**തോട്**

**Night/Ext**

അൽപം നിരാശയോടെ കുട്ടച്ചൻ : വാലേലാ കിട്ടിയത്.

അത് പറഞ്ഞ് തിരിയുമ്പോൾ പൂമാലക്കാരനെ കണ്ട് അയാളെ ദേഷ്യത്തിൽ തള്ളിമാറ്റി മുന്നോട്ടുപോകാൻ തുടങ്ങുന്ന കുട്ടച്ചൻ

അപ്പോൾ പൂമാലക്കാരൻ : ഉണ്ട വെറുതെ പോയി.

നടക്കുന്നതിനിടയിൽ കുട്ടച്ചൻ : കുട്ടച്ചന് ഒരുണ്ടയല്ല ഒള്ളത്.

അയാളെ രൂക്ഷമായി നോക്കുന്ന കുട്ടച്ചൻ.

- Cut to-

**സീൻ–36**

**പറമ്പ്**

**Night/Ext**

പറമ്പിൽ നിരപ്പായ ഒരു സ്ഥലത്ത് നിലത്തേക്ക് ടോർച്ചു തെളിച്ചു പിടിച്ചിരിക്കുന്ന നക്സൽ പ്രഭാകരൻ. ഒരാളുടെ കൈയ്യിലെ കത്തി തട്ടിപ്പറിക്കുന്ന ആന്റണിയുടെ കൈകൾ.
അവിടെ നാലഞ്ചുപേരുണ്ട്, ആന്റണി നിലത്തേക്ക് കുനിഞ്ഞ് പിച്ചാത്തികൊണ്ട് പോത്തിനെ പിടിക്കാനുള്ള ആസൂത്രണം വരച്ചുകാണിക്കുന്നു. കുനിഞ്ഞും നിവർന്നും ആജ്ഞാപിച്ചുമുള്ള വിവരണമാണ്.

നിലത്തുവരച്ച ആന്റണി : ഇത് കളിപ്പ് തോമയുടെ റബ്ബർതോട്ടം.

തൊട്ടപ്പുറത്തുള്ള കുത്തിറക്കം നിലാവത്ത് കാണുമ്പോൾ ആന്റണിയുടെ ശബ്ദം മാത്രം

ആന്റണി : ഇതിനപ്പുറം അവൻപോകത്തില്ല... കുത്തിറക്കവാ..

എഴുന്നേറ്റു നിന്ന് പിച്ചാത്തിചൂണ്ടി ആന്റണി : പിന്നെ, കോട്ടായിതോട് നിറച്ചു വെള്ളമാ. അവിടെ രണ്ടുപേർ നിൽക്കണം.

ആന്റണി അടുത്ത വര നിലത്തു വരച്ചു. : ഇത് പാറമട.

ഇതിനിടയിൽ പെട്ടെന്ന് തോക്കുമായി വേഗത്തിൽ വരുന്ന കുട്ടച്ചൻ.
ഈ കാഴ്ച കണ്ട് ഒരു നിമിഷം നിൽക്കുന്നു.

ഒരു പുഞ്ചിരിയോടെ കുട്ടച്ചൻ : ഇതെന്നാ കിളിമാസ് കളിയോ

പക്ഷേ ആരും അത് ശ്രദ്ധിക്കുന്നില്ല. എഴുന്നേറ്റു നിൽക്കുന്ന ആന്റണി അതേ ഗൗരവത്തിൽ : ഞാൻ ഇവിടെ കാണും കല്ലടാന്തിക്കാരുടെ പറമ്പിൽ...

എല്ലാവരും കുതിച്ചു തുടങ്ങുന്നു.

പെട്ടെന്നൊരാൾ : അവിടെ ആ കല്ലുവെട്ടാംകുഴി.......

ആവേശത്തോടെ ആന്റണി : ഉം....

- Cut to-

**സീൻ–37**

**പറമ്പ്**

**Night/Ext**

ഒരാൾ പറമ്പിൽ എവിടെയോ നിന്ന് കൈ ചൂണ്ടോടു ചേർത്ത് ആഞ്ഞ് കൂവുന്നു.
ഒരു മെറ്റൽ കൂനയിൽ നിന്ന് കല്ലുകൾ പെറുക്കി തോർത്തുകളിൽ കെട്ടുന്ന കൈകൾ.
പറമ്പുകൾ താണ്ടി ആന്റണിയുടെ ഓട്ടം.
ഇല്ലിക്കൂട്ടത്തിന് അടുത്തു നിന്ന് കൂവുന്ന രണ്ടു പേർ

ഒരു കന്നാരതോട്ടത്തിൽ നിന്ന് മറുപടി പോലെ തോന്നിക്കുന്ന കൂവലുകൾ.
പിന്നെ അന്തരീക്ഷത്തിൽ ആസുത്രണം ചെയ്ത പോലെ പലഭാഗത്തുനിന്നുള്ള കൂവലുകൾ.

നല്ല ഒഴുക്കുള്ള ഒരു തോട്. ഒരു നിമിഷം ആന്റണി അതിലേക്ക് എടുത്ത് ചാടി. പിന്നാലെ ഓടിയെത്തിയവൻ ചാടാതെ അറച്ചുനിൽക്കുന്നു. പിന്നിൽ നിന്ന് നോക്കുമ്പോൾ അക്കരെ ഇരുട്ടിലേക്ക് നീന്തുന്ന ആന്റണിയുടെകാഴ്ച.

ചെടികൾ കൂടി നിറഞ്ഞ് കൂരിരുട്ടായ ഏതോ പറമ്പിൽ കൂടി പോത്ത് പായുന്ന സൂചന. അതിന്റെ കുളമ്പടി ശബ്ദം, ഇളകിമറിയുന്ന ചെടികൾ.

ആന്റണി അതിവേഗം ഓടുന്നു. ഓട്ടത്തിനിടയിൽ ശരീരചലനത്തിന് തടസ്സമുണ്ടാക്കുന്ന നനഞ്ഞ ബെനിയൻ ഊരിയെറിയുന്നു. ഊരിയെറിയുന്നതിനിടെ കാലൻ വർക്കിയുടെ വീടിന്റെ മുന്നിലൂടെയാണ് അവന്റെ ഓട്ടം.

അപ്പോൾ ആ വീട്ടിലെ വെളിച്ചത്തിൽ
പുറത്ത്നിന്ന് ബഹളം ശ്രദ്ധിക്കുന്ന സോഫിയെ ആന്റണി കാണുന്നു. അവൾ അൽപം സുതാര്യമായ നൈറ്റിയിട്ടാണ് നിൽപ്പ്. ഓട്ടത്തിനിടയിൽ ഒന്ന് നിന്ന്

ആന്റണി: കേറിപ്പോടി... അല്ലേ..അവൻ കേറികുത്തും.

ഇരുട്ടിൽ പോത്ത് പായുന്നതായി സൂചന,
പരിഭ്രാന്തിയോടെ രണ്ടുപേർ പിറകോട്ട് ഓടിയ ശേഷം നിൽക്കുന്നു. ഇപ്പോൾ അനക്കമില്ല.

പെട്ടെന്ന് വീണ്ടും കാടിളകുമ്പോൾ തോർത്തിൽ സൂക്ഷിച്ചിരുന്ന കല്ലുകൾ തുരുതുരാ അവർ അനക്കം കേട്ട ഇരുട്ട് ഭാഗത്തേക്ക് എറിയുന്നു. ചിലകല്ലുകൾ ലക്ഷ്യഭാഗത്ത് കൊണ്ടതായി ശബ്ദ ത്തിൽ നിന്ന് മനസ്സിലാകും.

വളർന്നു പൊങ്ങി നിൽക്കുന്ന തീറ്റപ്പുല്ലുകൾക്കിട യിൽ നിന്ന് തലപൊക്കി നോക്കുന്ന ആന്റണി.

ദൂരെ ഇരുട്ടിൽ നിന്നും കാടിളകുന്നു. വലിയ കൂവ ലുകളും. വലതുകൈയ്യിൽ മുളവടിയുമായി ഏതു നിമിഷവും അടിക്കാനെന്ന നിലയിൽ ഓങ്ങി നിൽക്കുന്ന ആന്റണി.
നിലാവെളിച്ചത്തിൽ അവന്റെ ക്രൂരമായ മുഖം.

അടുത്തുവരുന്ന ഒരു വലിയ ശബ്ദത്തിന് നേരേ ആഞ്ഞടിക്കുന്ന ആന്റണി. ഇരുട്ടിൽ ചിതറിത്തെ റിക്കുന്ന മുള. തെറിച്ചു വീഴുന്ന ആന്റണി. ആ വീഴ്ചയിൽ തീറ്റപ്പുല്ലുകൾ ഇളകുന്നു. അവനെ കടന്ന് ആ ഇരുണ്ട രൂപവും കുളമ്പടി ശബ്ദവും പാഞ്ഞ് പോകുന്നു.
ഒരു കൈയ്യിൽ തെളിയിച്ച ടോർച്ചുമായി ഓടിയെ ത്തുന്ന നക്സൽ പ്രഭാകരൻ. ആന്റണിയെ പെട്ടെന്ന് പിടിച്ചെഴുന്നേൽപ്പിക്കുന്നു ആളുകളുടെ ബഹളം ദൂരെ നിന്ന് അടുത്തേക്ക് കൂടികൂടി വരു ന്നത് കേൾക്കാം. എഴുന്നേൽക്കുന്നതിനിടയിൽ

ആന്റണി : വെച്ചപണി പാളി. ഇനിയവനെ കാട്ടീ നോക്കിയാ മതി.

പെട്ടെന്ന് എന്തോ വെള്ളത്തിൽ വീഴുന്ന മുഴക്ക മുള്ള ശബ്ദം ആന്റണിയും പ്രഭാകരനും പര സ്പരം നോക്കുന്നു

തീറ്റപ്പുൽ തോട്ടത്തിലെ അൽപം തുറന്ന സ്ഥല ത്തുള്ള പൊട്ടക്കിണർ.
നല്ല നിലാവെളിച്ചം. അങ്ങോട്ട് ടോർച്ചുമായി ഓടിയെത്തി
കിണറ്റിലേക്ക് ടോർച്ച് തെളിയിക്കുന്ന പ്രഭാകരൻ.
പോത്തിന്റെ അമറൽ കേൾക്കാം.

ജനങ്ങളുടെ ബഹളം. അടുത്തടുത്ത് വരുന്നതായി
കേൾക്കാം. അപ്പോൾ തൊട്ടുപിന്നിൽ നിൽക്കുന്ന

ആന്റണിയോട് പ്രഭാകരൻ : ഭാഗ്യം തുണച്ചു.

കിണറിനെ ചുറ്റിവന്ന് ആന്റണി പ്രഭാകരനോട്

ആജ്ഞാസ്വരത്തിൽ : ഭാഗ്യമല്ല. ആന്റണി.

പ്രഭാകരന്റെ മുഖം മാറുന്നു.

- Cut to-

**സീൻ–38**

## വൃദ്ധന്റെ വീട്

**Night/Int**

മരണാസന്നനായ വൃദ്ധന്റെ വീട്. വൃദ്ധൻ ശ്വാസം വലിക്കുന്നു. നേരത്തെ കണ്ട രണ്ട് കൂട്ടിരുപ്പുകാർ ഇപ്പോഴും അവിടെയുണ്ട്. വഴിയിൽ കൂടി ഓടി പ്പോകുന്ന രണ്ടോ മൂന്നോ പേരുടെ പരസ്പരം

കലർന്ന സംഭാഷണ ശകലം: പോത്തിനെ പിടിച്ചേ

പെട്ടെന്ന് പരസ്പരം നോക്കിയശേഷം ഇറങ്ങിയോടുന്ന കൂട്ടിരുപ്പുകാർ.

- Cut to-

**സീൻ–39**

**പൊട്ടക്കിണർ**

**Night/Ext**

പൊട്ടക്കിണറിന് ചുറ്റും പതിനഞ്ചോളം പേർ കൂടി നിൽക്കുന്നു. കുറേപുല്ലുകൾ ചവിട്ടിമെതിക്കപ്പെട്ടിരിക്കുന്നു. കിണറിനുടുത്തേക്ക് ഓടിയടുക്കുന്ന ചൂട്ടുകറ്റകളും പെട്രോൾമാക്സുകളും ആളുകളുടെ ആരവവും. കിണറിനകത്ത് നിന്ന് മുകളിലേക്കുള്ള കാഴ്ച. കിണറിന്റെ വൃത്തത്തിന് മുകളിൽ അകത്തേക്ക് എത്തിനോക്കുന്ന ആളുകളുടെ അവ്യക്തരൂപങ്ങളും ബഹളങ്ങളും. താഴേക്ക് പാഞ്ഞുവരുന്ന ചൂട്ടുകറ്റകൾ

## ഇടവേള

- Cut to-

**സീൻ–40**

## കുര്യച്ചന്റെ വീട്

**Night/Ext**

വീട്ടുമുറ്റം വെളിച്ചമുണ്ട്.
കുര്യച്ചൻ അസ്വസ്ഥതയോടെ മുരണ്ടും പിരണ്ടും മുറ്റത്തു കൂടി ഉലാത്തുന്നു.
ഇടയ്ക്ക് മൂക്ക് ചീറ്റുന്നു.

ഇറയത്തു നിന്ന് ഭാര്യയും അകത്തെ മുറിയിലുള്ള ജനല്വഴി മകളും അയാളുടെ നടത്തം ആശങ്കയോടെ കാണുന്നു.
ഭാര്യ ഒന്നിറങ്ങി വന്നു ആശ്വാസ വാചകങ്ങൾ പോലെ

ഭാര്യ : ഒന്ന് പോയി കിടന്നു ഉറങ്ങു മനുഷ്യാ...

പെട്ടെന്ന് ദേഷ്യത്തോടെ കാലുകൾ നിലത്തു ചവിട്ടിയിട്ടു

കുര്യച്ചൻ : എന്നാ ഒരു കാര്യം ചെയ്യ്, എന്നെ ഉറക്കീട്ട് ഇച്ചിരി പഞ്ഞിയെന്റെ മൂക്കിലോട്ടു കെട്ടി വെക്ക്.

ആ വലിയ ശബ്ദത്തിൽ മകൾ ഒന്ന് ഭയന്ന് പിന്നോട്ട് തിരിയുന്നു.

ഭാര്യ : പോത്തില്ലേലും കൊഴപ്പമോന്നും ഇല്ലെന്നേ... ടൗണിലെ കടെപ്പോയി പകർച്ച വാങ്ങിക്കാം.മുപ്പതു പേരുടെ കാര്യവല്ലേ ഒള്ളൂ...

ടർക്കി അടുത്ത തോളിൽ മാറ്റിയിട്ടുകൊണ്ട് കോക്രി കാണിക്കുന്നത് പോലെ കുര്യച്ചൻ

കുര്യച്ചൻ : കൊള്ളാം...കൊള്ളാവുന്ന സാധനവുമൊക്കെ ഇലേൽ വെളമ്പിയേച്ചു അറ്റത്തു അല്പം തീട്ടം കൂടി വിളമ്പിയാൽ നന്നായിരിക്കും.

അയാളുടെ വഷളൻ സംസാരത്തിൽ നിസ്സഹായ യായ ഭാര്യ ദേഷ്യത്തോടെ ഇറയത്തെക്കു കയറി അകത്തേക്ക് പോകാൻ ഒരുങ്ങുന്നു.
പെട്ടെന്ന് എവിടെയോ കോഴി കൂവുന്ന ശബ്ദം ദൂരെയെവിടെയോ കേൾക്കുന്ന

ഭാര്യ : ഈ മുതു പാതിരായ്ക്കാണോ കോഴി കൂവുന്നെ...?

ഭാര്യ വാതിലടയ്ക്കുന്ന ശബ്ദം. വേഗത്തിൽ നടന്നു കൊണ്ടിരിക്കുന്ന കുര്യച്ചൻ ഒരു നിമിഷം എന്തോ ആലോചിച്ചെന്ന പോലെ നില്ക്കുന്നു.
അയാളുടെ ആത്മഗതം.

കുര്യച്ചൻ : ഇച്ചിരി നാടൻ കോഴി പെരട്ടിയ എന്നാ കൊഴപ്പം..?

പെട്ടെന്ന് ഉത്സാഹത്തോടെ ഗേറ്റ് തുറന്നു അയാൾ വലത്തേക്ക് ഇരുട്ടിലേക്ക് നടക്കുന്നു. ഈ സമയം മകൾ പിൻവാതിലിലൂടെ ഒരു ബാഗും തൂക്കി ഇറങ്ങി വന്നു ഇടതുവശത്തെ ഇരുട്ടിലേക്ക് പോകുന്നു.

- Cut to-

**സീൻ–41**

**ഓമനയുടെ വീട്**

**Night/Ext**

ഓമനയുടെ വീടിന്റെ പിൻഭാഗം.
വീടിനുള്ളിൽ വെളിച്ചമുണ്ട്.
പതുങ്ങിയെത്തുന്ന സണ്ണി. വീടിന്റെ പിൻവാതിലിൽ മുഖം ചേർത്തു വെച്ച് സണ്ണി

സണ്ണി : ഓമനേ...

രണ്ടു മൂന്നു തവണ വിളിച്ചിട്ടും ഒരനക്കവും ഇല്ലാതാകുമ്പോൾ സണ്ണി വീടിന്റെ വശത്ത് കൂടി നടന്നു അല്പം തുറന്ന ജനൽ പാളിയിൽ കൂടി ഉള്ളിലേക്ക് ഒളിഞ്ഞു നോക്കുന്നു. ആ ചെറിയ ചതുരക്കഴ്ചയിൽ ഓമനയുടെ വീടിനകം.
അവിടെ നിൽക്കുന്ന ഓമനയും കുര്യച്ചനും.

ഓമന : നേരത്തെ പറഞ്ഞിരുന്നെ തരുവായിരുന്നല്ലോ..? ഇതിപ്പോ വല്ലാത്തൊരു നേരത്ത് ങ്ഹാ... കുര്യച്ചൻ ചേട്ടനെ എനിക്ക് ഒഴിവാക്കാൻ പറ്റുകേലല്ലോ...?

അകത്തു നിന്നുള്ള കാഴ്ചയിൽ
സണ്ണിയുടെ പരിഭ്രമിച്ച കണ്ണുകൾ.

– cut to –

പുറത്തു നിന്ന് ഈ സംഭാഷണം കേട്ട് വിറളി പിടിച്ച സണ്ണി മടക്കിക്കുത്തഴിച്ചു മുണ്ടിന്റെ കോന്തല കക്ഷത്തിലാക്കി മാന്യനെ പോലെ വീടിന്റെ മുൻഭാഗത്തെക്ക് പാഞ്ഞു വരുന്നു.

ആ സമയം വഴിയിൽ ആരോ താളത്തിൽ പാടുന്നത് കേട്ട് വഴിയിലേക്ക് കയറുന്നു.

പൂമാലക്കാരും ചില നാട്ടുകാരും അടങ്ങുന്ന കള്ളുസംഘത്തിന്റെ വരവാണ്.
പോത്തിനെ വീഴിച്ച സന്തോഷത്തിലുള്ള വരവാണ്.

അവരുടെ പാട്ട് : അയ്യോ വീണേ...പോത്തച്ചൻ വീണേ...

ഇപ്പോൾ അവർക്ക് മുന്നിലേക്ക് കൈവീശി ആവേശത്തോടെ ഓടിയെത്തുന്ന

സണ്ണി : പോത്തല്ല...ഒരു മൂരി കൂടി വീണു.

- Cut to-

**സീൻ–42**

## ഓമനയുടെ വീടിനകം

**Night/Ext**

പഴയ അലമാരയും ചില മുഷിഞ്ഞ തുണികൾ തൂക്കിയിട്ടിരിക്കുന്ന അയയും ഒക്കെയുള്ള സാധാരണ വീടിനകം.
കുര്യച്ചനെ ഒരു പൂമാലക്കാരൻ ഭിത്തിയിൽ ചേർത്തു കഴുത്തിനു ഞെക്കിപ്പിടിച്ചിരിക്കുന്നു.

വിരണ്ടു നിൽക്കുന്ന ഓമനയോട് ചേർന്ന് ഒരാൾ പട്ടി മണക്കുന്ന പോലെ മണക്കാൻ ചെല്ലുന്നു.
പിന്നോട്ട് മാറിപ്പോകാൻ ശ്രമിക്കുന്ന ഓമന.

ഫുൾ കൈ ഷർട്ടിട്ട പൂമാലക്കാരൻ ഓമനയുടെ നേരെ മോഹൻലാൽ സ്റ്റൈലിൽ കളിയായി അവളെ പിടിക്കാൻ ചുമ്മാ കൈ താഴേക്കു നീട്ടുന്നു.

പിന്നോട്ട് ചാടി മാറാൻ ശ്രമിക്കുന്ന ഓമന.
കൈനീട്ടി ശൃംഗാരത്തോടെ അയാൾ

അയാൾ : ഞങ്ങളിവനെ അങ്ങ് കൊണ്ടുപോകുവാ പെങ്ങളെ...

പൂമലക്കാരന്റെ പിടി അയയുമ്പോൾ കുര്യച്ചൻ തൊണ്ട ശരിയാക്കിക്കൊണ്ട്

കുര്യച്ചൻ : ഈശോയെ കോഴി...

കോഴിക്ക് അരിയിട്ട് കൊടുക്കുന്ന പോലെ കാണിച്ചുകൊണ്ട്

പൂമാലക്കാരൻ : അതേടാ...കോഴി തന്നെ...ബ ബ ബ ...

- Cut to-

**സീൻ–43**

**റോഡ്**

**Night/Ext**

പെരുവഴിയിലൂടെ പൂമാലസംഘം കുര്യച്ചനെ എഴുന്നള്ളിക്കുന്നതുപോലെ കൊണ്ട് വരികയാണ്. ടർക്കി തോർത്തു കുര്യച്ചന്റെ തലയിൽ കോഴിപ്പൂ പോലെ കെട്ടിയിരിക്കുന്നു. അണ്ടർവെയർ മാത്രമാണ് വേഷം.

സംഘത്തിൽ ഒരാൾ പാടുന്നു. മറ്റുള്ളവർ ഏറ്റു പാടുന്നു

ഓമനചേച്ചി കോഴി പിടിച്ചപ്പം
കൊട്ടേത്തടഞ്ഞത് മൂരിക്കുട്ടൻ...

പെട്ടെന്ന് ഫുൾകൈ ഷർട്ടിട്ട പൂമാലക്കാരൻ കുര്യച്ചന്റെ മുന്നിലേക്ക് കടന്നു നിന്ന് മറ്റൊരു താളത്തിൽ ഡാൻസ് കളിക്കുന്നു.
നല്ല മെയ്‌വഴക്കത്തോടുകൂടി.

താകൃതാളം...നല്ല താകൃതാളം...
താകൃതാളം...നല്ല താകൃതാളം...

- Cut to-

**സീൻ–44**

**റോഡ്**

**Night/Ext**

പാട്ട് നേർത്ത് കേൾക്കാം.
മറ്റൊരു വഴിയിൽ ബൈക്കിന്റെ ഹെഡ് ലൈറ്റ്.

ആധുനികമായ ഒരു ബൈക്ക് റോഡിൽ വളരെ സമീപത്തായി നിൽക്കുന്നു.
പിൻഭാഗം മുകളിലേക്ക് ഉയർന്നു നിൽക്കുന്ന ബൈക്കാണ്.

കുര്യച്ഛന്റെ മകൾ വേഗത്തിൽ അതിൽ കേറാൻ പാടു പെടുന്നു.

മകൾ : ശ്ശൊ...ഇതിൽ ഏണി വെച്ചു കയറണമല്ലോ..?

പാടുപെട്ടു അവൾ പൂർണ്ണമായി ഇരിക്കും മുമ്പ് പയ്യൻ ബൈക്ക് അൽപ്പം മുമ്പോട്ടു എടുക്കുന്നു.

അടുത്തു വരുന്ന പാട്ടിന്റെ ശബ്ദം.

താകൃതാളം...നല്ല താകൃതാളം...
താകൃതാളം...നല്ല താകൃതാളം...

പയ്യൻ പരിഭ്രമത്തോടെ ബൈക്ക് കറക്കിയെടുക്കുമ്പോൾ അത് മറിഞ്ഞു വീണു രണ്ടു പേരും നിലത്ത്.
വലിയ ശബ്ദം കേട്ട് തൊട്ടടുത്ത വീട്ടിൽ ലൈറ്റ് തെളിയുന്നു.

പയ്യൻ ബൈക്ക് പൊക്കി നേരെ വെയ്ക്കാൻ ധൃതിയിൽ ശ്രമിക്കുന്നു.

ഈ സമയം ലുങ്കി ഉടുത്തു ഷർട്ടിടാത്ത ഒരു കാർന്നോർ അവരുടെ അടുത്തെത്തുന്നു.
കാര്യം മനസ്സിലായ പോലെ കാർന്നോർ പയ്യനിട്ടു ഒരടി കൊടുത്തിട്ട്

കാർന്നോർ : അവന്റെ ഒരു പട്ടി നക്കിയ മുടി...
വീട്ടിപ്പോടാ ചെറുക്കാ...

പെൺകുട്ടിയെ ചെവിയിൽ പിടിച്ചു ബലമായി വലിച്ചു കൊണ്ടുപോകുന്നതിനിടെ

കാർന്നോർ : ഇങ്ങനാണെ കല്യാണം കഴിയുന്നതിനു മുമ്പേ പാ ചവുട്ടിക്കീറുവല്ലോടീ...

- Cut to-

**സീൻ–45**

## കുര്യച്ചന്റെ വീട്

**Night/Ext**

കുര്യച്ചന്റെ വീടിന്റെ പിറകുവശം.
പിൻഭാഗത്ത് കൂടി ബാഗും തൂക്കി പമ്മി എത്തുന്ന പെൺകുട്ടി

– cut to –

പിൻവാതിൽ തുറന്നു അകത്തു കയറുന്ന പെൺകുട്ടി. ഡൈനിംഗ് ഹാളിലെ ലൈറ്റിടുമ്പോൾ മുൻ വാതിൽ തുറന്നു അകത്തേക്ക് വരുന്ന കുര്യച്ചൻ. ടർക്കി തോർത്തും അണ്ടർ വയറും വേഷം. രണ്ടുപേരും പരസ്പരം നോക്കുന്നു.

- Cut to-

**സീൻ–46**

**പൊട്ടക്കിണർ**

**Night/Ext**

കിണറിനടുത്ത് തിക്കി തിരക്കുന്ന ജനം.
പെട്രോ മാക്സിന്റെയും ചില ചൂട്ടു കറ്റകളുടെ യും പ്രകാശം കൊണ്ട് അവിടെ പകൽ പോലെ തന്നെയാണ്.

രണ്ടു മൂന്നു പേരുടെ അകമ്പടിയോടെ നിറതോക്കുമായി ധൃതിയിൽ നടന്നടുക്കുന്ന കുട്ടച്ചൻ.
ചിലർ ചൂട്ടു കറ്റകളും മുഴുത്ത കല്ലുകളും കിണറ്റിലേക്കിടുന്നുണ്ട്.

അതിലൊരാളെ ദേഷ്യത്തിൽ തള്ളി മാറ്റിക്കൊണ്ട്

ആന്റണി : മാറെടാ...നീയെന്നാ കിണറു മൂടാൻ പോകുവാണോ...?

(മറ്റുള്ളവരോട് ആന്റണി)

മാറ്...ഹും...മാറ്...

ഇപ്പോൾ ആളുകളെ വകഞ്ഞു മാറ്റിയെത്തുന്നത് കുട്ടച്ചനാണ്.
എല്ലാവരും നിശബ്ദരായി അയാളെ ശ്രദ്ധിക്കുന്നു.

തോക്ക് കിണറ്റിൻ വക്കിൽ കുത്തി ചെറുതായി ഒന്ന് നിലത്തേക്കു തുപ്പി കുട്ടച്ചൻ നിസ്സാരഭാവത്തിൽ

കുട്ടച്ചൻ : ഓ...ഇത് പതിവാ...കന്നുകാലിയാണെ കിണറ്റിൽ വീഴും.

പിന്നിൽ നിന്ന് തിക്കിത്തിരയുന്നവരോട്

കുട്ടച്ചൻ : മാറിനിൽക്കെടാ...

നിസ്സാരഭാവത്തിൽ

കുട്ടച്ചൻ : ആ...തീർത്തേക്കാം...

അതും പറഞ്ഞു അയാൾ തോക്ക് കിണറ്റിലേക്ക് ഉന്നം പിടിക്കുന്നു.
എന്നാൽ ആന്റണി നിസ്സാരമായി തോക്ക് തട്ടി മാറ്റുന്നു.

ആന്റണി : പിടിക്കാൻ അറിയാമെങ്കിൽ കേറ്റിക്കൊണ്ടുപോയി വെട്ടാനും അറിയാം.

തോക്ക് പിന്നോട്ട് വലിക്കുന്ന കുട്ടച്ചൻ
(വിനീതഭാവത്തിൽ കളിയായി)

കുട്ടച്ചൻ : ഓ...ഹെന്നാൽ ശരി ആയിക്കോട്ടെ...

അല്പം മാറി ഒരു കല്ലിലിരുന്നു ബീഡി കത്തിക്കുന്ന കുട്ടച്ചൻ അലസമായി പുക ഊതി വിട്ടു അവരുടെ പരാക്രമങ്ങൾ തെല്ലു പുച്ഛത്തോടെ കാണുന്നു.

മരക്കൊമ്പിൽ കല്ലുകെട്ടി ചുറ്റി വീഴുന്ന വടങ്ങൾ. പോത്തിനെ കയറ്റാനുള്ള ഒത്തൊരുമിച്ചുള്ള ശ്രമങ്ങൾ.

ആന്റണി നേതൃസ്ഥാനത്തുണ്ട്.
കിണറിനു ഇരുവശവും ബലമുള്ള തടികൾ കുഴിച്ചിട്ടു ഉറപ്പിക്കുന്നു.

അതിനെ രണ്ടും ബന്ധിപ്പിക്കുന്ന ഉറപ്പുള്ള തടിക്കഷണങ്ങൾ കയർ ഉപയോഗിച്ചു കെട്ടുന്നു.

പെശകൻ ശങ്കു : പൊക്കിയാ പിന്നെ വെച്ചോണ്ടിരിക്കരുത്. അപ്പൊ തീർത്തേക്കണം.

അതിഷ്ടപ്പെടാതെ കയർ മുറുക്കിക്കെട്ടുന്ന വർക്കി കുഴി കുത്തുന്ന പണിക്കിടെ ആന്റണി

ആന്റണി : അത് നീയാണോ തീരുമാനിക്കുന്നെ..? പാക്ക് പിച്ചാത്തിയായിട്ടു പോത്തിനെ കൊല്ലാൻ ഇറങ്ങിയേക്കുന്നു.

ആന്റണിയുടെ ഭാവമാറ്റം ശ്രദ്ധിക്കുന്ന വർക്കി.

ആൾക്കൂട്ടത്തിൽ ആരോ : പെശകാ...മണ്ണ് പറ്റിപ്പോകുമേ....

തടിബന്ധത്തിൽ പാടുപെട്ടു കിണറിന്റെ വക്കിൽ കുത്തി നിന്ന് വലിയ കപ്പികൾ ഉറപ്പിക്കുന്നവർ.

കിണറ്റു വക്കത്ത് ഉള്ളിലേക്ക് വളർന്നു നിൽക്കുന്ന ചെടികൾ വെട്ടിത്തെളിയിക്കുന്നവർ.

മരക്കൊമ്പിൽ എറിഞ്ഞു പിടിപ്പിച്ച വടം കപ്പിയിൽ ഉറപ്പിക്കാനായി കയ്യിലെടുക്കുന്ന ആന്റണി.

അവൻ അതിന്റെ ബലം പരിശോധിക്കുന്ന പോലെ കൈ കൊണ്ട് വലിച്ചു നോക്കുന്നു. അതിനിടെ അവിചാരിതമായി അവന്റെ കണ്ണുകൾ പിന്നിലേക്ക് പോകുന്നു.

ആന്റണിയുടെ കണ്ണുകൾ ഒന്ന് കൂടി ചുറ്റും പരതുന്നു.
അവന്റെ കാഴ്ചയിൽ കുട്ടച്ചൻ ഇരുന്ന സ്ഥലം ഇപ്പോൾ ശൂന്യം.
പെട്രോമാക്സിൽ എയർ അടിച്ചു കയറ്റുന്ന കാഴ്ച്ച.
ആന്റണിയുടെ മുഖത്ത് ദേഷ്യവും ആശങ്കയും കലർന്ന ഭാവം.
കയർ ബലം നോക്കി എല്ലാവരോടും പറയുന്ന പോലെ

ആന്റണി: തൂങ്ങിച്ചാവാൻ പോലും കൊള്ളാത്ത കയറാ, ഇതിലൊന്നും സാധനം നിക്കുകേല...

ദേഷ്യത്തിൽ നിലത്തോട്ട് അതെറിഞ്ഞിട്ടു ആൾക്കാരെ തട്ടിമാറ്റി പുല്ലുകൾ ചവിട്ടി മെതിച്ചു കുതിക്കുന്ന ആന്റണി.

- Cut to-

**സീൻ–47**

## കാലൻ വർക്കിയുടെ വീട്

**Night/Int**

മുൻവശത്തെ ഇരുപാളികളും ശക്തിയിൽ തള്ളിത്തുറക്കുന്നു. ആ വലിയ ഹാളിൽ കിടന്ന കട്ടിലിൽ ഇരുന്ന സോഫി ചാടിയെഴുന്നേറ്റു.
വാതിൽ തുറന്നു ആന്റണി.
രണ്ടുപേരും പകപ്പോടെ പരസ്പരം നോക്കുന്നു.
ആന്റണി ഒരു നിമിഷം ആ മുറിയിൽ കണ്ണോടിക്കുന്നു.
ഇടത്തരം വലിയ ഹാളാണ്. മുറിയുടെ ഒരു വശത്ത് പത്തായപ്പെട്ടി. ഒരു കട്ടിൽ. പുണ്യാളന്റെ ചിത്രവും അതിനു താഴെ മെഴുകു തിരിക്കാലും.
കാര്യം എന്തെന്ന് മനസ്സിലാകാത്ത സോഫിയുടെ മുഖം.

ആന്റണി പെട്ടെന്ന് ജനല് വഴി ഭിത്തിയിൽ പിടിച്ചു ഒരു ഉടുമ്പിനെ പോലെ മുകളിലേക്ക് കയറി മുഴുത്ത ഒരു വടവുമായി തിരിച്ചു ചാടുന്നു.
ആ പ്രവർത്തിയിൽ അവന്റെ ശാരീരികമായ കരുത്തുണ്ട്.
ചുറ്റിയ വടം തോളിലിട്ടു ആന്റണി തിരിയുമ്പോൾ വോൾട്ടേജ് മങ്ങിയ വെളിച്ചത്തിൽ സോഫി അതി സുന്ദരിയായി കാണപ്പെട്ടു.
അപ്രതീക്ഷിതമായി ആന്റണി അവളെ ചേർത്തു പിടിച്ചു ചുംബിക്കുന്നു.
അവളുടെ കൈകൾ ചെറിയ എതിർപ്പുകൾ കാണിക്കുന്നുണ്ട്.
പക്ഷെ ബലമായി ആ ചുംബനം നൽകിയ ശേഷം കയറുമായി മുന്നോട്ടു കുതിക്കുന്നതിനിടെ ഒന്ന് തിരിഞ്ഞു നിന്ന് ആന്റണി.

ആന്റണി: കതകു കുറ്റിയിട്ടേരെ...സാധനത്തെ ഞാൻ വീഴിച്ചിട്ടുണ്ട്...

തിരിഞ്ഞ് പുറത്തേക്കിറങ്ങുന്ന ആന്റണി.
പിന്നിൽ നിന്നും അവന്റെ തോളിൽ പിടിക്കുന്ന സോഫി.
എന്തോ പ്രതീക്ഷയോടെ നോക്കുന്ന ആന്റണി.

സോഫി: വാരിയെല്ലിന്റെ ഭാഗം രണ്ട് പങ്ക് എടുത്തോ. രാവിലെ നമുക്ക് കപ്പയിട്ട് വേവിക്കാം.

ആന്റണി മുറ്റത്തേക്കിറങ്ങുമ്പോൾ അവനെ അസൂയയോടെ നോക്കുന്ന ഭായിയുടെ കണ്ണുകൾ.

- Cut to-

**സീൻ–48**

**പറമ്പ്**

**Night/Ext**

വലിയ പലകകൾ തോളിൽ അടുക്കിവെച്ചു ഒരു ഇടവഴിയെ വേഗത്തിൽ വരുന്ന ആളുകൾ.

- Cut to-

**സീൻ–48 A**

**Night/Ext**

വണ്ണമുള്ള വടത്തിന്റെ ഒരു വലിയ കുരുക്ക് കിണറ്റിലേക്ക് ഇറക്കുന്നു.
അതിൽ ഒരു കരുത്തനായ മനുഷ്യൻ തൂങ്ങിയിറങ്ങുന്നു. കപ്പിയിട്ട വടത്തിന്റെ മറ്റേ അറ്റം വലിച്ചു പിടിച്ചിരിക്കുന്ന കുറച്ചു പേർ. കിണറ്റിനടിയിലേക്ക് കുടുക്ക് അയാൾ വീശി അനക്കുന്നുണ്ട്.
ഉള്ളിൽ വെള്ളം ഇളകുന്ന ശബ്ദം കേൾക്കാം.

വീണ്ടും മറ്റൊരാൾ കൂടി തൂങ്ങിയിറങ്ങുന്നു. വലിക്കുന്നവരോട് തൂങ്ങിയിറങ്ങുന്ന ഒരാൾ ദേഷ്യത്തോടെ

ഒരാൾ : ഒന്ന് പതുക്കെ താക്കെടോ...
തൊട്ടിയെടുക്കാനല്ല ഇറങ്ങുന്നെ..

ആന്റണി ഓടിച്ചെന്നു ആ വലിയ മരത്തിന്റെ ചുവട്ടിൽ വടം മുറുക്കി ചുറ്റുന്നു.
മറ്റു മരങ്ങളിലും വടം ചുറ്റുന്നവരെ കാണാം.

ഇപ്പോൾ മൂന്നാലു വടങ്ങൾ മരത്തെ ചുറ്റിവലിക്കുന്ന ദൃശ്യം.

ആൾക്കൂട്ടങ്ങൾ : ഏലസ്സാ...ആഞ്ഞുപിടിച്ചേ...തള്ളിക്കേറ്റടാ...
ഏലസ്സാ...ഉന്തിക്കേറ്റടാ...

വടം പിന്നിൽ കെട്ടി ഇരപ്പിച്ചു മുന്നോട്ടു വരുന്ന ദൈവസഹായം ഓട്ടോ. അതോടിക്കുന്ന ഭായി ആയാസപ്പെട്ട് ആക്സിലേറ്റർ കൊടുത്തു വടം വലിക്കുന്ന ശ്രമത്തിലാണ്.

ആ വണ്ടിയുടെ വെളിച്ചത്തിൽ മാറി നില്ക്കുന്ന കുട്ടച്ചനെ കാണാം. തോക്ക് തോളിൽ വെച്ച് അയാൾ വെറുതെ നിൽക്കുകയാണ്.
– cut to-

**സീൻ–48 B**

**കപ്പപ്പറമ്പ്**

**Night/Ext**

ഇരുട്ടത്ത് ഒരു ചുവട് കപ്പ പിഴുതെടുക്കുന്ന ഒരു പെണ്ണിന്റെ കൈകൾ.

- Cut Back-

ഒരു നിമിഷം എല്ലാവരുടെയും കണ്ണുകൾ കിണറിനു മുകളിലേക്ക്. ഒരു മുക്ര. കിണറിനു മുകളിൽ വടത്തിന്റെ കുരുക്കിൽ പൊങ്ങി നിൽക്കുന്ന പോത്ത്.
അതിന്റെ ശക്തമായ കിതപ്പ് നിശബ്ദതയെ ഭേദിക്കുന്നത് ഇപ്പോൾ ആ കിതപ്പ് മാത്രമാണ്.

- Cut to-

**സീൻ–49**

## വൃദ്ധന്റെ വീട്

**Night/Int**

മരണാസന്നനായ വൃദ്ധൻ.
അയാൾ തനിച്ചാണ്.
അയാളുടെ ശ്വാസം വലി കൂടിക്കൂടി
മൂർദ്ധന്യത്തിലെത്തുന്ന പോലെ.
വൃദ്ധന്റെ വീടിന്റെ മുറ്റത്തു പൊടിത്തലപ്പുകൾ
ഇളകുന്ന കാറ്റ് കടന്നു പോകുന്നു.

- Cut to-

**സീൻ–50**

**പൊട്ടക്കിണർ**

**Night/Ext**

കിണറിന്റെ മുകളിൽ പൊങ്ങി നിൽക്കുന്ന പോത്ത്.
ചില ഗോത്രവർഗ്ഗക്കാരുടെ പ്രവർത്തികൾ ഓർമ്മിപ്പിക്കും വിധം പോത്തിനെ ചുറ്റും നിന്ന് ഉപദ്രവിക്കാൻ ശ്രമിക്കുന്ന ആളുകൾ.
ചിലർ കമ്പ് കൊണ്ട് കുത്താൻ ശ്രമിക്കുന്നു. കിണറിനു ചുറ്റും ഓടി നടന്നു എല്ലാവരെയും തടയുന്ന ആന്റണി.

ആന്റണി : പിന്നേം വെകിളിയെടുപ്പിക്കാതെടാ... കളി മാറുവേ...

കിണറിനു മുകളിൽ വളരെ വേഗത്തിൽ പലകകൾ നിരത്തുന്നു.
ആൾക്കാർ ഓരോന്നോരോന്നായി വെച്ചു കൊടുക്കുന്നത് കാണാം.
പിടി അയച്ചു അയച്ചു പതുക്കെ പലകയിൽ പോത്തിനെ നിർത്താനുള്ള ശ്രമം.

ഒരാൾ : പയ്യെ...പയ്യെ...സൂക്ഷിച്ച്...വിട്ടുപോകരുത്.

പിടി അയക്കാതെ ആ നിമിഷം വീണ്ടും പൂർണ്ണ നിശബ്ദത. പെട്ടെന്ന് ദൂരെ നിന്ന് ഒരു ഇരമ്പൽ. ആൾക്കാപർ തിരിഞ്ഞു മുകളിലേക്ക് നോക്കുന്നു. വീണ്ടും ഇരമ്പൽ. അത് കൂടിക്കൂടി വരുന്നു.

വടം പിടിച്ചിരിക്കുന്ന ഒരാൾ നിലത്തു നിന്ന് ഒരു പിടി മണ്ണ് ഒരു കൈകൊണ്ടു എടുത്തു അയാൾ

അയാൾ : മഴ വരുന്നെടാ...മണ്ണു കൂട്ടിപ്പിടിയെടാ...

അപ്പോഴേക്കും പെയ്തു വീഴുന്ന മഴ.
അപ്പോൾ തന്നെ നീളം കുറഞ്ഞ പലക താഴേക്ക് പോകുന്നു.
പോത്ത് ഒന്ന് വേച്ചു പോകുമ്പോൾ പിടി അയഞ്ഞു കയർ വിട്ടു പോകുന്ന കാഴ്ച. മഴയത്ത് അന്തരീക്ഷത്തിലെ പെട്രോമാക്സ് വെളിച്ചങ്ങൾ കുറയുന്നു.

ഒരു മുക്ര.
വർക്കിയും ഒരു പെട്രോമ്ക്സും തെറിച്ചു വീഴുന്ന കാഴ്ച.

ആൾക്കാരുടെ നിലവിളികളും പോത്തിന്റെ
അമറലും ഒന്നിച്ചായിരുന്നു.
ഇരുട്ടിൽ അന്തരീക്ഷത്തിൽ തെറിക്കുന്ന
ആളുകളും വെളിച്ചങ്ങളും.

കിണറ്റിലേക്ക് പലകകളോടൊപ്പം വീഴുന്ന ഒരാൾ.
കയറുകൾ അന്തരീക്ഷത്തിൽ പറക്കുന്നു.
അലച്ചു പെയ്യുന്ന മഴ. കുളമ്പടി ശബ്ദം.

-cut to-

നിലത്തു വീണു കിടക്കുന്ന പ്രഭാകരൻ
എഴുന്നേൽക്കാൻ ശ്രമിക്കുന്നു.
വീണ്ടും വീണു പോകുന്ന അയാളെ വീണ്ടും
ചവിട്ടി കടന്നു പോകുന്ന മനുഷ്യരുടെയും
മൃഗത്തിന്റെയും കാലുകൾ ആളൊഴിഞ്ഞ
കിണറ്റിങ്കര.

പ്രഭാകരൻ മാത്രം വെള്ളത്തിലും ചെളിയിലും
കുതിർന്നു കിടക്കുന്ന ദയനീയ ചിത്രം.

- Cut to-

**സീൻ–51**

## പ്രഭാകരന്റെ വീട്

**Night/Ext**

കൂടി നിൽക്കുന്ന ആളുകൾ.
കുറച്ചാളുകൾ അങ്ങോട്ട് വരുന്നു.
തേയ്ക്കാത്ത ഭിത്തിയിൽ ആ ജപ്തി നോട്ടിസ് കാണാം.
ഓടിലൂടെ തോർന്ന മഴയുടെ തുള്ളികൾ ഇറ്റിറ്റു വീഴുന്നു.
വട്ടത്തിൽ പ്ലാസ്റ്റിക് പാകിയുണ്ടാക്കിയ കസേരയിൽ മുറ്റത്തു ചുരുണ്ട് എങ്ങിക്കരയുന്ന ഒരു വൃദ്ധ.

തൊട്ടടുത്തു തുറന്ന തിണ്ണയിൽ ഇരിക്കുന്ന രണ്ടു സ്ത്രീകളും ഒരു കൊച്ചുപെങ്കുട്ടിയും.

- Cut to-

**സീൻ–52**

## ആന്റണിയുടെ വീട്

**Night/Ext**

ഇപ്പോൾ ഓടിവന്നത് പോലെ അണച്ചു കൊണ്ട് ആന്റണി അയയിൽ കിടക്കുന്ന കറുത്ത മുണ്ടിനു നനവുണ്ടോ എന്ന് ഞെക്കിനോക്കുന്നു.

കാഴ്ചയിൽ അവനു നേരത്തെ ഉടുത്തിരുന്ന മുണ്ട് നഷ്ടപ്പെട്ടതായി കാണുന്നു.
അയയിൽ നിന്ന് കറുത്ത മുണ്ട് ധൃതിയിൽ എടുത്തു ഉടുക്കുന്നു.
പശ്ചാത്തലത്തിൽ ആൾക്കാരുടെ നേർത്ത ബഹളങ്ങളും ഒരു വണ്ടിയുടെ ശബ്ദവുമൊക്കെ കേൾക്കാം .
മുണ്ട് ചുറ്റി ആന്റണി കൈവിരലുകൾ കൊണ്ട് മുടി ഒന്ന് കോതി വെള്ളം കളഞ്ഞുകൊണ്ട് ധൃതിയിൽ പുറത്തേക്കിറങ്ങുന്നു.

അല്പം അകലെ കാലൻ വർക്കിയുടെ വീടും ജനലിലൂടെ വെളിച്ചവും കാണാം.

പുറത്തിറങ്ങി ആന്റണി വഴിയിലേക്ക് ഇറങ്ങുമ്പോൾ മുന്നിൽ ഇരച്ചു വന്നെത്തുന്ന ഓട്ടോറിക്ഷയിൽ നിന്ന് ചാടിയിറങ്ങുന്ന മൂന്നു നാല് ആളുകൾ.
ഇറങ്ങിയപാടെ അതിൽ ഒരാൾ (60 വയസ്സ് പ്രായം) ആന്റണിയുടെ ചങ്കിൽ തള്ളി നീക്കിക്കൊണ്ട് ഒരു തെങ്ങിൽ ചേർത്തു നിർത്തി മുട്ടുകാലിനു ഇടിക്കുന്നു.
അയാൾ (കരച്ചിലും ദേഷ്യവുമുള്ള ശബ്ദത്തിൽ)

അറുപതുകാരൻ : കൊന്നു കളഞ്ഞല്ലോടാ...
എന്റെ അമ്മേടെ കൂടെ അവനെ ഒള്ളായിരുന്നു...

പിന്നാലെ വന്നവർ ആ അയാളെ വട്ടം പിടിച്ചു പിറകോട്ടു കൊണ്ട് പോകുന്നു.
പിടിച്ചു കൊണ്ടുപോകുന്നവരിൽ ഒരാൾ പെട്ടെന്ന് പിടിവിട്ടു മുന്നോട്ടു വന്നു ആന്റണിയുടെ തൊട്ടടുത്തു വന്ന് വിരൽ ചൂണ്ടി മുന്നറിപ്പ് പോലെ.

അയാൾ : ഒറ്റ വെടിക്ക് തീർക്കേണ്ട സാധനാ...
നീ ഒറ്റ ഒരുത്തൻ കാരണവാ..

സ്റ്റാർട്ടാക്കി നിർത്തിയ ഓട്ടോയിൽ നിറഞ്ഞിരി
ക്കുന്ന മനുഷ്യർ. ഓട്ടോ ഇരപ്പിച്ചു കൊണ്ട്

ഓട്ടോറിക്ഷക്കാരൻ : ഇനിയിപ്പോ...?

ഒരാൾ : എങ്ങോട്ടേലും വിട്. അവൻ നാളെ നേരം വെളുപ്പിക്കുകേലാ...
നാട്ടുകാർക്ക് തിന്നാനും കിട്ടുകേല്ലാ...
കൊത്തിയരിഞ്ഞു പട്ടിക്കിട്ടു കൊടുക്കും.

വന്നവർ ചാരി നിർത്തിയപോലെ തെങ്ങിൽ ചാരി നിൽക്കുന്ന ആന്റണി പതുക്കെ കഴുത്തു തിരിക്കുമ്പോൾ കാലൻ വർക്കിയുടെ ജനലിലെ വെട്ടത്തിൽ സോഫിയുടെ രൂപം നിഴലുപോലെ. അകന്നു പോകുന്ന ഓട്ടോറിക്ഷയുടെ ശബ്ദം പശ്ച്ചാത്തലത്തിൽ.

- Cut to-

**സീൻ–53**

**ഇടവഴി**

**Night/Ext**

ഇരച്ചുപോകുന്ന ദൈവസഹായം പെട്ടി ഓട്ടോ.
അതിനു പിറകിൽ കാലൻ വർക്കി.
വഴിയിലെ വീടുകളിലെല്ലാം ലൈറ്റ് തെളിഞ്ഞിട്ടുണ്ട്. മുറ്റത്തെക്കും വഴിയിലേക്കും ഇറങ്ങി നില്ക്കുന്ന ആളുകൾ.

- Cut to-

**സീൻ–54**

## ഒരു വീടിന്റെ അകം

**Night/Int**

നേരത്തെ അനൌൺസ്മെന്റ് തുടങ്ങിയ സമയത്ത് അകത്തുകയറി കുറ്റിയിട്ട തടിമാടൻ രോഷാകുലനായി അടുപ്പിന് മുകളിലെ തട്ടിൽ നിന്ന് ഒരു വലിയ ഉരുണ്ട തടിക്കഷണം വലിച്ചൂരിയെടുത്ത് വാതിൽ തുറന്നു പുറത്തേക്ക് പായാൻ ആയുന്നു.

ഭാര്യ : വേണ്ടെന്നേ...വേണ്ട...ഇവിടെങ്ങാനും ഇരിക്ക്.

അയാൾ കൈ തട്ടിമാറ്റി ഇരുട്ടിലേക്ക് കുതിക്കുന്നു.

- Cut to-

**സീൻ–54 A**

**ഒരു വീടിന്റെ അകം**

**Night/Ext**

നിലാവെളിച്ചത്തിലും ടോർച്ചിന്റെ വെട്ടത്തിലും ഒരു തടി മില്ലിൽ നിന്നും പല രീതിയിലുള്ള തടിക്കഷ്ണങ്ങളും വിറകുകളും വേഗത്തിൽ പെറുക്കിയെടുക്കുന്ന കൈകൾ. ഏതോ കൈ അറക്കവാളും എടുക്കുന്നു.

- Cut to-

ഏതോ വീടിന്റെ മൂലയിൽ ചാരിയ പാര ആരുടെയോ കൈകൾ പെട്ടെന്ന് എടുക്കുന്നു.

- Cut to-

പുരയുടെ പിൻഭാഗത്തെ ഉത്തരത്തിൽ തൂക്കിയി ട്ടിരിക്കുന്ന കോടാലി വലിച്ചെടുക്കുന്ന കൈ.

- Cut to-

ഇറയത്തു കെട്ടിത്തൂക്കിയിട്ടിരിക്കുന്ന മുളകൾ ഊരിവരുന്ന കാഴ്ച.

- Cut to-

തൂമ്പായിൽ ചവിട്ടിപ്പിടിച്ച് അതിന്റെ നീളത്തി ലുള്ള കൈ ഇളക്കിയെടുക്കാൻ ശ്രമിക്കുന്ന ഒരാളുടെ ദൃശ്യം.

- Cut to-

**സീൻ–55**

**കവല**

**Night/Ext**

കവലയിൽ കത്തി നിൽക്കുന്ന ഹാലജൻ ബൾബ്.
പോലീസ് ജീപ്പ് ഇരപ്പിച്ചു നിർത്തിയിട്ടിരിക്കുന്നു.

ആ വണ്ടി ഇപ്പോൾ വന്നേയുള്ളൂ എന്ന് സൂചന.

അതിന്റെ ഹെഡ് ലൈറ്റ് കത്തി നിൽക്കുന്നു.
കവലയിൽ അവിടിവിടെ നിന്നിരുന്ന ആളുകൾ പോലീസ് ജീപ്പിനു നേരെ ആക്രോശവുമായി പാഞ്ഞടുക്കുന്നു.
എസ് ഐ ജീപ്പ് നിർത്തിയിറങ്ങുന്നു.

(ഏറ്റവും മുന്നിൽ ഓടി എത്തുന്ന ആൾ അശ്ലീലമായി കൈ പെൻഡുലം പോലെ തളർത്തി ആട്ടിക്കാണിച്ചു)

അയാൾ : റേ...തോക്കും ലാത്തിയുമൊക്കെ ഇങ്ങനെ തൂക്കിയിട്ടു നടന്നാ മതിയോ.....?

ഓടി വന്ന മറ്റൊരാൾ ജീപ്പിന്റെ ബോണറ്റിൽ ആഞ്ഞടിക്കുന്നു.

അയാൾ : താനൊക്കെ എല്ലാ ഒന്നാം തീയതിയും മേടിച്ചു ഞണ്ണിയാൽ പോരാ...

(കൈകൊണ്ട് വായിൽ ആംഗ്യം കാണിക്കുന്നു) നേരം വെളുക്കുമ്പോൾ വള്ളിക്കൊട്ടേമായിട്ട് പോര്...ശവം പെറുക്കാം...

കൂടുതൽ ആൾക്കാർ ജീപ്പിലിടിക്കുകയും ബഹളം ഉണ്ടാക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു.

ഒരു പോലീസുകാരൻ : മാറി നിൽക്കെടാ...ജീപ്പീന്നു കൈയ്യെടുക്കെടാ...

ആദ്യം ഓടി എത്തിയ ആൾ : ജീപ്പിലല്ലെടാ...നിന്റെ നെഞ്ചത്ത്...

എന്നിട്ട് പോലീസുകാരന്റെ കോളറിനു കയറി പിടിക്കുന്നു.
ഈ സമയം ദേഷ്യം നിയന്ത്രിച്ചു മുഖം വലിഞ്ഞു മുറുകി

എസ് ഐ : പ്ലീസ്...നിങ്ങൾ ഞാൻ പറയുന്നതൊന്നു മനസ്സിലാക്കൂ...ഇപ്പൊ ഉത്തരവിറങ്ങും... മൃഗഡോക്ടറെ വിളിക്കാൻ വണ്ടി പോയിട്ടുണ്ട്.

ബഹളം കൂടുന്നു. ജീപ്പുലയുന്നു. ആരെക്കെയോ പിടിച്ചു വണ്ടി കുലുക്കുന്നു. ഈ സമയം ആൾക്കൂട്ടത്തിനിടയിൽ നിന്നും തിക്കിത്തിരക്കി മുന്നോട്ടു വന്നു ഇരു കൈകളും മുകളിലേക്ക് ഉയർത്തി ആജ്ഞാ സ്വരത്തിൽ പ്രസംഗ ശൈലിയിൽ

സഖാവ് : എല്ലാവരും ശാന്തരാകൂ...മിണ്ടാതിരിക്കാൻ...

ഒരു നിമിഷം എല്ലാവരും നിശബ്ദരാകുന്നു.

വീണ്ടും പ്രധാന സഖാവ് : കാരണം ഒന്ന്...

അത് പറയുന്നതിനിടെ തൊട്ടടുത്തു നിൽക്കുന്ന ആളിന്റെ കയ്യിൽ നിന്ന് ഇരുമ്പുവടി വാങ്ങി പോലീസ് ജീപ്പിന്റെ ചില്ലു അടിച്ചു തകർക്കുന്നു.

ചിതറി നിൽക്കുന്ന ആളുകൾക്കിടയിൽ നിന്ന്

സഖാവ് : വാടാ പിള്ളേരെ...നമ്മുടെ ചെറുക്കൻ ചത്തു കിടക്കുമ്പോഴാ അവന്റെയൊക്കെ വകുപ്പ് പറച്ചിൽ...

മുന്നിൽ സഖാവും പിന്നിൽ ആളുകളുമായി സ്ലോമോഷനിൽ നടന്നുപോകുന്നു.

- Cut to-

എസ് ഐയുടെ ഫോൺ ശബ്ദിക്കുന്നു. ഫോൺ ചെവിയോട് ചേർത്തു സങ്കടവും ദേഷ്യവും കലർന്ന ശബ്ദത്തിൽ എസ് ഐ.

എസ് ഐ : നീയെന്നാ നിന്റെ വീട്ടീ പോടീ പോത്തെ...

അതുപറഞ്ഞു അയാൾ ഫോൺ വേഗത്തിൽ കട്ട് ചെയ്യുന്നു.

അടുത്തു നിൽക്കുന്ന പോലീസ് ഡ്രൈവർ : സാറേ നമ്മുടെ ജീപ്പ്...

എസ് ഐ : കൊണ്ട് പോടോ...

അതുംപറഞ്ഞു എസ് ഐ ജീപ്പിനുള്ളിലെ ഒരു പ്ലാസ്റ്റിക് കൂട്ടിൽ നിന്നും ഒരു ലുങ്കിയെടുത്തു അന്തരീക്ഷത്തിൽ ചുറ്റിയശേഷം ഉടുക്കുന്നു.

തന്റെ പാന്റൂരി പൊട്ടിയ ജീപ്പിന്റെ ചില്ലിലൂടെ അകത്തേക്ക് എറിയുന്നു.
പോലീസ് യൂണിഫോമായ ഷർട്ടുമിട്ട് ലുങ്കിയും മടക്കിക്കുത്തി എസ് ഐയും ആളുകൾ പോയ വഴിയെ സ്ലോമോഷനിൽ നീങ്ങുന്നു.

- Cut to-

**സീൻ–55 A**

**ഗ്രാമം**

**Night/Ext**

ഗ്രാമത്തിന്റെ മുകൾ കാഴ്ച.
ആ നാട് വെളിച്ചങ്ങളും ആരവങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നു.

- Cut to-

**സീൻ–56**

**പറമ്പ്**

**Night/Ext**

ദൃശ്യത്തിൽ കൂരിരുട്ട്.
എന്തോ ശബ്ദം. അങ്ങോട്ട് ഒന്നിച്ചു തെളിയുന്ന അഞ്ചാറു ടോർച്ചുകൾ.
ഇരുട്ടത്ത് തിളങ്ങുന്ന മൃഗത്തിന്റെ രണ്ടു കണ്ണുകൾ.
ഒരു നിമിഷം മൃഗം ഓടുന്ന ശബ്ദം.

- Cut to-

**സീൻ–56 A**

**നടപ്പുവഴി**

**Night/Ext**

ദൃശ്യത്തിൽ തീയാളുന്നു. വഴിയടച്ചു കൂനകൂട്ടി തീയിട്ടയാൾ. ചൂട്ടുമായി പിന്നോട്ട് ഓടുന്ന കാഴ്ച്ച.

- Cut to-

കുട്ടച്ചൻ ആളുകളെ പലവഴി തിരിച്ചുവിടുന്ന കാഴ്ച.

**സീൻ–56 B**

**Night/Ext**

നിലാവെളിച്ചത്തിൽ ഒരു കുന്നിൻമുകൾ.
സാമാന്യം വലിയ പാറക്കല്ലിന്റെ അടിയിൽ കമ്പിയിട്ട് താഴേക്കു ഉരുട്ടാൻ ശ്രമിക്കുന്ന കുട്ടച്ചനും മറ്റു രണ്ടു മല്ലന്മാരും.
മറ്റൊരാൾ ചൂട്ടുകറ്റ വീശുന്നുണ്ട്.
അത് മറിയുന്നതിന്റെ ആയത്തിനനുസരിച്ചുള്ള അപശബ്ദങ്ങൾ.
ബലം പിടുത്തം കൂടി വന്നപ്പോൾ കുട്ടച്ചൻ ഒഴികെ രണ്ടുപേരും പിന്നോട്ട് മാറുന്നു.
കല്ലുരുളുന്നു. ഒരു ഇടവഴി അടച്ചു വീഴുന്ന കല്ല്.

- Cut to-

**സീൻ–56C**

**റോഡ്**

**Night/Ext**

ഒരു കയ്യാല തകർന്നുണ്ടായ നടപ്പുവഴി. അവിടെ ആളുന്ന തീ. നാലഞ്ചുപേർ അവിടെയുണ്ട്.

- Cut to-

**സീൻ–56 D**

**പുഴക്കര**

**Night/Ext**

പുഴക്കരയിലേക്ക് ഇറങ്ങിനിൽക്കുന്ന രണ്ടുമൂന്നു മരങ്ങളെ തമ്മിൽ മുള്ള് കമ്പി കൊണ്ട് വലിച്ചു മുറുക്കുന്ന ആന്റണിയും മറ്റൊരാളും. അയാളുടെ ഹെഡ് ലൈറ്റിന്റെ വെളിച്ചത്തിൽ ചുറ്റിചുറ്റി വെച്ചിരിക്കുന്ന മുള്ളുകമ്പി കാണാം

അയാൾ : രണ്ടടി പോക്കിക്കെട്ടിയാ മതിയോ...?

പെട്ടെന്ന് ആന്റണി ജാഗ്രതയായി മറ്റെയാളോട് മിണ്ടാതിരിക്കാൻ ആംഗ്യം കാണിക്കുന്നു.
രണ്ടുപേരും ഇടതുവശത്തേക്ക് തിരിഞ്ഞു ഉത്കണ്ഠയോടെ നോക്കുന്നു. പക്ഷെ അവർക്ക് പിന്നിലെ തൂക്കുപാലത്തിലാണ് ശബ്ദമുണ്ടായത്.

പെട്ടെന്ന് വെട്ടിത്തിരിഞ്ഞ് നോക്കിയതും അയാളുടെ ഹെഡ് ലൈറ്റിന്റെ വെളിച്ചത്തിൽ തൂക്കുപാലം ഭീതിദമായി ഇളകുന്ന കാഴ്ച.

അയാൾ : അവൻ കടന്നു.

അത് പറഞ്ഞു തീരും മുന്നേ പുഴ വക്കത്ത് കൂടി തൂക്കു പാലത്തിനടുത്തെക്ക് ആന്റണി ഓടുന്നു.

- Cut to-

**സീൻ–56 E**

**പറമ്പ്**

**Night/Ext**

ദൃശ്യത്തിൽ കറങ്ങുന്ന മെഷീൻ കട്ടർ.
അത് കൊണ്ട് മരം മുറിക്കുകയാണ്.
പെശകൻ ശങ്കുവാണ് മുറിക്കുന്നത്.
എസ് ഐ ആണ് ടോർച്ചടിക്കുന്നത്.
മരത്തിന്റെ കട്ടികാരണം മെഷിൻ വിറച്ചു
ശങ്കു അത് ഓഫ് ആക്കുന്നു.

എസ് ഐ : ചെരിച്ചു ഒരു പൂള് മുറിക്കെടാ...

വീണ്ടും മെഷിൻ പ്രവർത്തിക്കുന്ന ശബ്ദം.
ചെരിഞ്ഞു വരുന്ന മരം. അത് തോള് കൊണ്ട്
തള്ളി വഴിയിലേക്ക് മറിക്കുന്ന കുട്ടച്ചൻ.
മരം വന്നു വഴി അടഞ്ഞു കിടക്കുന്ന ദൃശ്യം.

- Cut to-

**സീൻ–56 F**

**വഴി**

**Night/Ext**

പാഞ്ഞു വരുന്ന ദൈവസഹായം ഓട്ടോ.
പെട്ടി ഓട്ടോയുടെ വെളിച്ചത്തിൽ വഴി വിളങ്ങി
കെട്ടിയിരുന്ന നൈലോൺ വല.
പെട്ടി ഓട്ടോയുടെ പിന്നിൽ മുകളിൽ വർക്കി.
ഭായി ആണ് വണ്ടി ഓടിക്കുന്നത്.
മുന്നിലെ വല വഴി തടസ്സപ്പെടുത്തിയതിൽ
അരിശപ്പെട്ടു

വർക്കി : മരങ്ങോടന്മാരു എട്ടുകാലിവല കെട്ടിയേക്കുന്നു.

ഇതേ സമയം ഭായി ഓട്ടോ ഇടത്തോട്ടു തിരിച്ചു
ഉയർന്ന പറമ്പിലേക്ക് കയറ്റാൻ നോക്കുന്നു.
ആക്സിലേറ്റർ കൊടുത്തിട്ടും ഫലിക്കാതെ
വന്നപ്പോൾ ഭായ് പോക്കറ്റിൽ നിന്നും
പാൻമസാല ഒരു നുള്ള് എടുത്തു
കൈ വെള്ളയിൽ തിരുമ്മി ചുണ്ടിൽ വെക്കുന്നു.
ശേഷം ആക്സിലേറ്റർ കൊടുക്കുമ്പോൾ വണ്ടി
അനായാസം കയറ്റം കയറുന്നു.
പെട്ടെന്നുള്ള ആഘാതത്തിൽ വണ്ടിയിൽ
തലകുത്തി വീഴുന്ന വർക്കി.

- Cut to-

**സീൻ–56 G**

## കപ്പപറമ്പ്

**Night/Ext**

ഒരു കപ്പപ്പറമ്പ്. ചെരിഞ്ഞ പ്രദേശത്തു തേങ്ങയും, പാക്കുകുലകളുമൊക്കെ ഊർത്തിയിറക്കാൻ കെട്ടിയിരിക്കുന്ന ഒരു നീണ്ട കമ്പി.
മുകളിൽ നിന്ന് കമ്പി വഴി ഊർത്തി വിടുന്ന തോർത്തു കൊണ്ട് കെട്ടിയ കോടാലി.
അതിനു പിന്നാലെയായി തോളിൽ തോക്കുമായി കമ്പിവഴി തോർത്തുമായി ഊർന്നിറങ്ങുന്ന കുട്ടച്ചൻ.

- Cut to-

**സീൻ–56 H**

## റബ്ബർഷീറ്റ് പുര

**Night/Ext**

ഒരു റബ്ബർ ഷീറ്റ് പുര. അതിന്റെ വാതിൽ തടഞ്ഞു നിൽക്കുന്ന ഉടമസ്ഥനെ ആജ്ഞാ രൂപത്തിൽ പിടിച്ചു മാറ്റുന്നതിനിടയിൽ മറ്റുള്ളവരോട്

എസ് ഐ : ചുമന്നു മാറ്റെടാ...

- Cut to-

**സീൻ–56 I**

## റബ്ബർഷീറ്റ് പുര

**Night/Ext**

രണ്ടുപേർ ചേർന്ന് നിരനിരയായി നിലത്തു ഒരു തുറന്ന സ്ഥലത്ത് റബ്ബർ ഷീറ്റുകൾ നിരത്തിപ്പോകുന്നു.

- Cut to-

**സീൻ–56 J**

**കപ്പപറമ്പ്**

**Night/Ext**

കപ്പപറമ്പിലൂടെ തോക്കുമായി
അടി വെച്ചു നീങ്ങുന്ന കുട്ടച്ചൻ.

- Cut to-

**സീൻ–56 K**

**Night/Ext**

ഒരു നേർ രേഖ പോലെ റബർ ഷീറ്റിൽ
തീ പടരുന്നു.

- Cut to-

**സീൻ–56 L**

**പറമ്പ്**

**Night/Ext**

ഒരു ചെറിയ പറമ്പിൽ നിറഞ്ഞോടുന്ന ആളുകൾ. അവർ കല്ലുകളും വടികളും മുന്നോട്ടു വലിച്ചെറിയുന്നുണ്ട്. പോത്ത് മുന്നിലുണ്ടെന്ന് സൂചന.
ആളൊപ്പം വളർന്ന ചെടികളും പുല്ലുകളുമുള്ള പറമ്പിലെ കാടിളകുന്നു.
അതിന്റെ വലിയ ഇളക്കം മുന്നോട്ടു നീങ്ങിപ്പോകുന്നു. ഈ സമയം കത്തിച്ച റബർ ഷീറ്റുകളിൽ നിന്ന് ആ കാട്ടിലേക്ക് തീ പടരുന്ന ദൃശ്യം.

കാടിന്റെ ഒരു വശം ഒന്നാളിക്കത്തുന്നു.
ഈ സമയം മുന്നോട്ടു പോയ മൃഗത്തിന്റെ അനക്കം ഇടതുവശത്തേക്ക് ആകുന്നു.
ഇടതുവശത്തേക്ക് അത് ഓടുന്ന വഴി, ചെടികളുടെ അനക്കത്താൽ മനസ്സിലാക്കാം.

ആൾക്കൂട്ടം ഓടി വരുന്നു.
ഏറ്റവും മുന്നിലോടുന്ന ആൾ കൈകൾ ഇരുവശത്തേക്കും വിടർത്തി നിൽക്കാൻ സൂചന നൽകുന്നു. കൈ വിടർത്തി ആൾക്കൂട്ടത്തോട് നിക്കാൻ പറയുന്നത് നേരത്തെ കാണിച്ചിട്ടുള്ള തടിമാടൻ ആണ്.

തടിമാടൻ : നിക്കടാ...തീർന്നെടാ.
അവൻ അവിടെ പെട്ടടാ...

അന്തരീക്ഷത്തിൽ പോത്തിന്റെ ഉച്ചത്തിലുള്ള അമറൽ കേൾക്കാം.
പടരുന്ന തീ. അതിൽ നിന്നും കാഴ്ച മുകളിലേക്ക്.
ആകാശം ചുവന്നു വരുന്നു.
നേരം പുലരുകയാണ് .

- Cut to

**സീൻ–57**

**പറമ്പ്**

**Night/Ext**

കാഴ്ച താഴേക്കു വരുമ്പോൾ അന്തരീക്ഷത്തിൽ തലകുത്തി മറിഞ്ഞു പോകുന്ന മുറം പോലെ ഒരു ചുവടു ചേന.
ചുവട്ടിൽ നിന്നും തെറിക്കുന്ന പച്ചമണ്ണ്.
ആൾക്കാരുടെ ആരവം.

കാഴ്ച താഴെക്കെത്തുമ്പോൾ പോത്ത്
തല കൊണ്ട് മറ്റൊരു ചേമ്പ് കുത്തിമറിക്കാനുള്ള ശ്രമത്തിലാണ്.
ചുറ്റും അത് മെതിച്ചിട്ട വിളകൾ കാണാം.

വിളകളോടൊപ്പം പോത്തിന്റെ പിൻഭാഗം ഇരുളും വെളിച്ചവും നിറഞ്ഞ പറമ്പ്.
കൊക്കോയും വാഴയും മറ്റു ഇടവിളകളുമുണ്ട്.
ആ പറമ്പിന്റെ അല്പം തുറസ്സായ സ്ഥലത്താണ് പോത്തിന്റെ പരാക്രമം.

വീണ്ടും പോത്ത് മുന്നോട്ടു കുതിക്കുന്ന പിൻഭാഗ ദൃശ്യം. ആൾക്കൂട്ടത്തിൽ കുറച്ചുപേർ പിന്നാലെ പായുകയാണ്.
ദൃശ്യത്തിൽ മൂന്നു ഭാഗങ്ങളും പോത്തിന് ഓടിക്കയറാൻ പറ്റാത്ത രീതിയിലുള്ള ഉയർന്ന കയ്യാല പ്രദേശം.
അതിന്റെ മുകളിലും അവിടവിടായി
കുറച്ചു ആളുകൾ.
അവരുടെ കൈയും കാലും ഇളക്കിയുള്ള
ആംഗ്യങ്ങൾ കാണാം.

പോത്തിന് പിന്നാലെ പാഞ്ഞു വന്ന ആൾക്കാർ പെട്ടെന്ന് പിടിച്ചു കെട്ടിയത് പോലെ നിൽക്കുന്നു.
പോത്ത് തിരിഞ്ഞതായി സൂചന.

തിരിഞ്ഞു നിന്ന പോത്തിന്റെ കാഴ്ചയിലുള്ള പറമ്പും ആൾക്കൂട്ടവും. കറുപ്പും വെളുപ്പുമുള്ള ദൃശ്യത്തിലാണ് ആ ആൾക്കൂട്ടവും പ്രദേശവും കാണുന്നത്.

- Cut to-

**സീൻ–57 A**

**റോഡ്**

**Night/Ext**

കാലൻ വർക്കിയേയും കൊണ്ട് ഓട്ടോ ഇരച്ചു വരുന്നത് കാണാം.

- Cut to-

**സീൻ–57 B**

**പറമ്പ്**

**Night/Ext**

വീണ്ടും പോത്തിന്റെ കാഴ്ച. ആ ദൃശ്യത്തിൽ ആന്റണി, പെശകൻ ശങ്കു തുടങ്ങി മിക്കവരെയും മുൻ നിരയിൽ കാണാം. പോത്തിന്റെ കാഴ്ചയിൽ നിന്നും തന്നെ പോത്ത് ജനക്കൂട്ടത്തിനു നേരെ കുതിക്കുന്നതായി മനസ്സിലാക്കാം.
ആ കാഴ്ചയിൽ ചിതറിയോടുന്ന ആൾക്കൂട്ടം.

- Cut to-

**സീൻ–57 C**

**പറമ്പ്**

**Night/Ext**

വസ്ത്രങ്ങൾ ഒക്കെ പറിഞ്ഞു പ്രാണനും കൊണ്ട് തിരിഞ്ഞോടുന്ന കുറച്ചുപേർ. ഏറ്റവും മുന്നിൽ പെശകൻ ശങ്കു നിലവിളിച്ചു ഓടുന്നു.
ഓടുന്നതിനിടെ വീഴുന്ന ചിലർ.
മരത്തിൽ കയറി രക്ഷപ്പെടുന്ന ഒരാൾ.

- Cut to-

**സീൻ–57 D**

**പറമ്പ്**

**Night/Ext**

പോത്തിന്റെ ആക്രമണത്തിൽ അന്തരീക്ഷത്തിൽ ഒന്നിച്ചു തെറിക്കുന്ന കുറച്ചുപേർ. അതിൽ ആന്റണിയുമുണ്ട്. പോത്തിന്റെ കുളമ്പിന്റെ ചവിട്ടേറ്റു ഒടിഞ്ഞു പോകുന്ന തോക്കിന്റെ കാഴ്ച. കയ്യാലകളിലും കൊക്കൊകളിലും ഇടിച്ചു വീഴുന്ന ആളുകൾ.

- Cut to-

**സീൻ–57 E**

**റോഡ്**

**Night/Ext**

പരിക്ക് പറ്റിയ രണ്ടുമൂന്നു പേരെയും പിന്നിലിട്ടു പാഞ്ഞു പോകുന്ന പെട്ടി ഓട്ടോ.

- Cut to-

**സീൻ–57 F**

**പറമ്പ്**

**Night/Ext**

പോത്തിന്റെ മുതുകിൽ വട്ടം പിടിക്കുന്ന ഒരു കരുത്തൻ. ചുറ്റും ആളുകൾ. ബഹളം. കല്ലും മരത്തടിയും വലിച്ചെറിയുന്നവർ. കുളമ്പിന്റെ കാഴ്ചയിൽ പോത്ത് കറങ്ങി വരുന്നതായി സൂചന. വട്ടം പിടിച്ചയാളെ പോത്ത് കൊമ്പിൽ കോർത്തു എറിയുന്നു.

പറമ്പിൽ പലവഴി തലങ്ങും വിലങ്ങും പായുന്ന പോത്ത്. ആളുകൾ പലവഴിക്ക് ചിതറിയും തിരികെ വന്നും മൃഗത്തെ പിന്തുടരുന്നു.

ഒരു കയ്യാല വക്കിൽ നിൽക്കുന്ന ആന്റണി പോത്ത് വരുന്നത് കണ്ടു താഴത്തെ പറമ്പിലേക്ക് എടുത്തു ചാടുന്നു.

- Cut to-

**സീൻ–58**

**പറമ്പ്**

**Night/Ext**

ചുറ്റും കൊക്കോ നിറഞ്ഞ കാടുപോലെയുള്ള സ്ഥലം. അതിന്റെറ അല്പം തെളിഞ്ഞ സ്ഥലത്താണ് ആന്റണി. തൊട്ടു മുന്നിൽ ഇപ്പോൾ കുട്ടച്ചൻ മാത്രം. ആരും അവരെ കാണുന്നില്ല. ജനങ്ങളുടെയും പോത്തിന്റെയും ബഹളം മാത്രം കേൾക്കാം. ഒരു നിമിഷം പരസ്പരം നോക്കിയ ശേഷം

കുട്ടച്ചൻ : എല്ല് ചൊരണ്ടിച്ചൊരണ്ടി എന്റെ ആറാം വാരിയ്ക്ക് കേറ്റിയല്ലേടാ...

കുതിച്ചു വന്നു ആന്റണിയുടെ നെഞ്ചിൽ ചവുട്ടി വീഴിക്കുന്ന കുട്ടച്ചൻ. വീണ അവന്റെ മുകളിലേക്ക് ചാടി വീഴുന്ന കുട്ടച്ചൻ.
ഇരുവരും പല്ലും നഖവും ഉപയോഗിച്ചുള്ള മൃഗീയമായ പോരാട്ടം.
ആർക്കാണ് മേൽക്കൈ എന്ന് പറയാൻ ആകുന്നില്ല.
കാലു കൊണ്ടുള്ള കുട്ടച്ചന്റെ ഒരു വെട്ടിൽ ആന്റണി മറിഞ്ഞു വീഴുന്നു.
അവന്റെ വയറിനു ഇരുവശവും മുട്ടുകാലിനു അമർത്തിപ്പിടിച്ചു അരയിലെ മൂർച്ചുയുള്ള കമ്പുകളെടുത്തു നെഞ്ചിൽ ചേർത്തു വെക്കുന്ന കുട്ടച്ചൻ.

കുട്ടച്ചൻ : നിന്നേം...പോത്തിനേം ഞാൻ പൂശും...പിന്നെ...അവൾ...

ഈ സമയം വലിയ ശബ്ദം. കൊക്കോ കമ്പുകൾ ഒടിഞ്ഞു പറിഞ്ഞു താഴേക്കു വരുന്ന കാഴ്ച. കമ്പുകൾ, ചില്ലകൾ എന്നിവ വന്നു അവരെ പൊതിയുന്നു. മലർന്നു വീഴുന്ന കുട്ടച്ചൻ.

ആന്റണി പിടഞ്ഞെഴുന്നേറ്റു നോക്കുമ്പോൾ പോത്തുമായി കൊമ്പിൽ പിടിച്ചു ബലാബലം നിൽക്കുന്ന കുട്ടച്ചൻ.
ഒടിഞ്ഞു പറിഞ്ഞ കൊക്കോ കൊമ്പുകൾ കാണാം.
ഒരു നിമിഷം തുടരുന്ന ബലാബലത്തിൽ കുട്ടച്ചനു മേൽക്കൈ കിട്ടിയത് പോലെ.
പോത്തിന്റെ ശരീരവും തലയും ഒരു വശത്തേക്ക് ചരിഞ്ഞു വരുന്നു.

പോത്തിന്റെ പിൻഭാഗ ദൃശ്യം. ചരിഞ്ഞു വരുന്ന കാലുകൾ ആന്റണി കാണുന്നു.
ഈ സമയം കുട്ടച്ചൻ ആന്റണിയെ നോക്കുന്നു. ഒന്ന് സഹായിച്ചാൽ പോത്തു മറിഞ്ഞു വീഴുമെന്ന സാധ്യതയാണ് ആ നോട്ടത്തിൽ.
ഒട്ടും പരിഭ്രമിക്കാതെ ഒരു നിമിഷം അത് നോക്കിയ ശേഷം കുട്ടച്ചന്റെ പിന്നിലേക്ക് നടന്നു ചെന്ന് ആന്റണി താഴെ കൊക്കോ ഇലകൾക്കിടയിൽ കിടന്ന കുട്ടച്ചന്റെ മൂർച്ഛയുള്ള കമ്പുകൾ കൈക്കലാക്കി കുട്ടച്ചന്റെ പിന്നിലെത്തി ഒട്ടും സമയം കളയാതെ ഇരു വശത്ത് നിന്നും കുത്തുന്നു.
പെട്ടെന്ന് നിലത്തേക്കു വീഴുന്ന ആന്റണി.
അവനെ കടന്നു പോകുന്ന പോത്തിന്റെ കുളമ്പുകൾ.

- Cut to-

**സീൻ–59**

**പറമ്പ്**

**Night/Ext**

പറമ്പിന്റെ നിരപ്പായ ഭാഗത്തേക്ക് ആൾക്കാർ ഓടിക്കൂടുന്നു. മുറിവേറ്റ കുട്ടച്ചനെ നിലത്തു കിടത്തിയിരിക്കുന്നു.
അയാൾക്ക് അനക്കമില്ല.
അനക്കമില്ലാത്ത കുട്ടച്ചനെ കൗതുകത്തോടെ നിലത്തിരുന്ന് നോക്കുന്ന പൂമാലക്കാരൻ.
ആളുകൾ തട്ടി വിളിക്കുന്നുണ്ട്.
ഒരു വലിയ കാൽ ആ മുറിവിൽ തട്ടി നോക്കുന്നു.

വർക്കി : ഇത് പോത്തിന്റെ കുത്തല്ല.

മുറിവിൽ ചവിട്ടിയപ്പോൾ കുട്ടച്ചനു ഞെരുക്കം. ഒരാൾ കുട്ടച്ചന്റെ കരണത്തിന് അങ്ങോട്ടും ഇങ്ങോട്ടും അടിച്ചു നോക്കുന്നു.

അയാൾ : എന്നാ പറ്റിയതാ കുട്ടച്ചാ...? എന്നാ പറ്റി..?

കണ്ണ് തുറന്നു കുട്ടച്ചൻ എല്ലാവരെയും ഒന്ന് ഓടിച്ചു നോക്കുന്നു. ഞെരുക്കത്തോടെ

കുട്ടച്ചൻ : പോത്ത് പണിതതാ...

- Cut to-

**സീൻ–60**

**പറമ്പ്**

**Night/Ext**

പോത്ത് കുതിക്കുന്ന വശത്ത് നിന്നുള്ള കാഴ്ച. അല്പം അകലെ എസ് ഐയുടെ നേതൃത്വത്തിൽ നിലം പറ്റെ ഒരു വടം വലിച്ചു പിടിച്ചിരിക്കുന്നു. പോത്തിന്റെ കുതിപ്പ് അങ്ങോട്ടാണ്. കയറിന്റെ ഒരറ്റം എസ് ഐയും മറ്റേ അറ്റം അഞ്ചാറു പേരും ചേർന്ന് പിടിച്ചിരിക്കുന്നു.

- Cut to-

**സീൻ–61**

**പറമ്പ്**

**Night/Ext**

ഒരു തടി കൊണ്ടുപോകും പോലെ കുട്ടച്ചനെ കമിഴ്ത്തിയെടുത്തു ചുമന്നു കൊണ്ടുപോകുന്ന നാലുപേർ. കുട്ടച്ചന്റെ ദേഹത്തുനിന്നും രക്തം ഒഴുകുന്നുണ്ട്. ഈ സമയം നിലത്തുനിന്നു വലിയ മുള എടുക്കുന്നതിനിടയിൽ അങ്ങോട്ട് നോക്കുന്ന ആന്റണി. അതേ സമയം കുട്ടച്ചൻ മെല്ലെ തല പൊക്കി ആന്റണിയെ നോക്കുന്നു. അവരുടെ കണ്ണുകൾ ഇടയുന്നു. കുട്ടച്ചൻ നീങ്ങുകയാണ്.

- Cut to-

**സീൻ–62**

## പറമ്പിന്റെ മറ്റൊരു ഭാഗം

**Night/Ext**

എസ് ഐയും കൂട്ടരും ജാഗ്രതയോടെ വടം വലിച്ചു പിടിച്ചു കാത്തിരിക്കുന്നു. മറ്റുള്ളവരോട് എസ് ഐ.

എസ് ഐ : മരത്തെ ചുറ്റെടാ..

അങ്ങോട്ടേക്ക് തന്നെ കുതിക്കുന്ന പോത്തിന്റെ പിൻഭാഗം.

ഈ സമയം ജാവലിൻ ഏറുകാരനെ പോലെ വശത്ത് നിന്നും ഓടിവരുന്ന ആന്റണി.
മുള പോത്തിന്റെ കാലുകൾക്കിടയിലേക്ക് എറിയുന്നു.
വടത്തിൽ തട്ടുന്ന പോത്തിന്റെ കാലുകൾ.
മുന്നോട്ടു ആഞ്ഞു വീഴുന്ന എസ് ഐ. അയാളെ നിലത്തിട്ടു കുത്തുന്ന പോത്തിന്റെ കൊമ്പുകൾ.

ഈ സമയം ആന്റണി എറിഞ്ഞ മുള തിരിച്ചു തെറിച്ചു മുന്നോട്ടു വന്നു ആന്റണിയുടെ നെറ്റിക്ക് അടിക്കുന്നു.
കുതിച്ചെത്തിയ പോത്ത് ഒരു വെട്ടിയിട്ടിരിക്കുന്ന മരത്തിന്റെ തടിയിൽ തടഞ്ഞു നിൽക്കുന്നു ശേഷം അത് വലത്തേക്ക് തിരിയുന്നു.

വലതു വശത്ത് ഒരു വെട്ടു വഴിയുടെ കാഴ്ച. പോത്ത് അങ്ങോട്ട് തിരിയുന്നത് കണ്ടു അങ്ങോട്ടേയ്ക്ക് ആയുധങ്ങളുമായി ഓടിയടുക്കുന്ന ആളുകൾ.

- Cut to-

നെറ്റിയിൽ നിന്ന് ചോര ഒലിക്കുന്ന ആന്റണിയുടെ ദൃശ്യം. അവന്റെ കാഴ്ചയ്ക്ക് മങ്ങലു പോലെ. ആ മങ്ങിയ കാഴ്ചയിൽ അവൻ പോത്ത് ഉഴുതു മറിച്ച പറമ്പ് കാണുന്നു.
എസ് ഐയും നാലഞ്ചു പേരും അവിടവിടെയായി വീണു കിടപ്പുണ്ട്.
വടവും തടിക്കഷണങ്ങളും അവിടവിടെയായി വീണു കിടപ്പുണ്ട്.

ചെടികളും മരങ്ങളും ഒടിഞ്ഞു തകർന്നിരിക്കുന്നു.
ആന്റണിയുടെ കാഴ്ചയിൽ തിരിയുന്ന പോത്ത്.
വഴി അടഞ്ഞു നിൽക്കുന്ന ആൾക്കൂട്ടം.

ആന്റണി: വഴിമാറെടാ...എവിടേലും പോട്ടെടാ...

ആളുകൾ ചിലർ മാറുന്നു. ചിലർ ഓടി മാറുന്നു. ദൃശ്യത്തിൽ പെട്ടി ഓട്ടോയുടെ മുകളിൽ നിൽക്കുന്ന വർക്കിയുടെ മുഖം വല്ലാതെയാകുന്നു.

പോത്ത് കുതിച്ചോടുന്നത് മുകളിൽ നിന്നുള്ള കാഴ്ചയിൽ.

- Cut to-

വശത്ത് നിന്നുള്ള കാഴ്ചയിൽ പിന്നാലെ ഓടുന്ന ആന്റണി.
പശ്ചാത്തലത്തിൽ നിശ്ചലരായ ആളുകൾ.
പോത്തിന് പിന്നാലെ ആന്റണി മാത്രം.

- Cut to-

**സീൻ–63**

## പുഴയ്ക്കു സമീപം

**Day/Night/Ext**

പുഴവക്കത്തു കുതിച്ചെത്തി പോത്തിനെ കാണാതെ പെട്ടെന്ന് നിൽക്കുന്ന ആന്റണി.
വെള്ളവും എക്കൽ ചെളിയും അടിഞ്ഞ തീരം.
പൂർണ്ണ നിശബ്ദതയിൽ അവന്റെ കണ്ണുകൾ ചുറ്റും പരതുന്നു.
ആന്റണി പതുക്കെ വന്ന വഴിയിലേക്ക് തിരിഞ്ഞു നോക്കുന്നു.
പൊക്കമുള്ള തിട്ടപോലെയാണ് ആ തീരം.

അപ്പോൾ ദൂരെ നിന്നും പാഞ്ഞു വരുന്ന ആളുകളും അവരുടെ ആക്രോശങ്ങളും.

പെട്ടെന്ന് പിന്നിൽ പുഴയിൽ നിന്നും ഒരനക്കം. ചെളിയിൽ ഇളകുന്ന പോത്തിന്റെ ശരീരവും ചെളിക്ക് മുകളിൽ തലയും. നിരായുധനായ ആന്റണി പോത്തിന്റെ മുകളിലേക്ക് എടുത്തു ചാടുന്നു. പുറത്തിരുന്നു അതിന്റെ കൊമ്പിൽ പിടിക്കുന്നു. തല കൊണ്ട് വെട്ടി പോത്ത് ആന്റണിയെ ചെളിയിലേക്ക് തെറിപ്പിക്കുന്നു.
ചെളിയിൽ വീഴുന്ന ആന്റണിക്ക് നേരെ
തലയിളക്കി വീണ്ടും പോത്ത്,
അവരുടെ ഉരുട്ടിപ്പിടുത്തങ്ങൾ.

ആളുകൾ തീരത്തെ പൊക്കമുള്ള തിട്ടയിൽ ഒരു വലയം പോലെ പലയിടങ്ങളിൽ നിന്ന് ആ കാഴ്ച കാണുന്നു. പോത്തിന്റെ ശക്തി കൂടിയിരിക്കുന്നു. അത് അല്പം മുകളിലേക്ക് വന്നു. ആന്റണി ഒരു ചെളിപുരണ്ട ശിൽപം പോലെ വെള്ളമുള്ള ഭാഗത്തേക്ക് ആയാസപ്പെട്ട് നീന്തിക്കടക്കുന്നു. ചെളിയിൽ പുതഞ്ഞ രൂപം പോലെ പോത്തും പിന്നാലെയുണ്ട്.
അതും വെള്ളത്തിലേക്ക് എത്തുന്നു. ഒഴുക്കുവെള്ളത്തിൽ മുങ്ങിപ്പൊങ്ങുമ്പോൾ രണ്ടുപേരുടെയും ചെളിനീങ്ങി പഴയ രൂപമാകുന്നു. പോത്ത് ആന്റണിയെ വെള്ളത്തിലിട്ടു കുത്തിമറിക്കുന്നു. അവരുടെ പോരാട്ടം മുറുകുന്നു. മുകളിൽ നിന്ന് ആരോ എറിഞ്ഞു കൊടുത്ത കത്തി പുഴയിലേക്ക് പതിച്ചു ഒരു വെള്ളി മീൻ പോലെ മിന്നി വെള്ളത്തിലേക്ക് ആണ്ടുപോകുന്നു.

ആന്റണിക്ക് അത് പിടിച്ചെടുക്കുവാൻ ആകുന്നില്ല. പോത്ത് ആന്റണിയെ തളർത്തിത്തുടങ്ങി.
പിന്നോട്ട് കൈകൾ തുഴഞ്ഞു മാറുന്ന ആന്റണി. അവന്റെ നേർക്ക് പോത്ത്.
വെള്ളത്തിൽ മുങ്ങിയ ആന്റണി ജലം തെറുപ്പിച്ചു ഉയർന്നു പൊങ്ങുന്നു.
താൻ ഉടുത്തിരിക്കുന്ന മുണ്ട് പോത്തിന്റെ മുഖത്ത് കെട്ടുന്ന ആന്റണി.
ഇപ്പോൾ പോത്തിന്റെ മുഖം തൂക്കിലേറ്റാൻ കൊണ്ടുപോകുമ്പോൾ മുഖം മറച്ച പോലെ.
ലക്ഷ്യമില്ലാതെ ആ മൃഗം തലങ്ങും വിലങ്ങും വെട്ടുകയാണ്.
ആന്റണി ഒന്നുകൂടി മുങ്ങി.
ജലപ്പരപ്പിൽ പോത്തിന്റെ മുഖം മൂടിയുള്ള പാരാക്രമം മാത്രം.
കരയ്ക്കുള്ള ജനങ്ങൾ ആശങ്കയിൽ.
ആന്റണിയിപ്പോൾ അല്പം അകലെ പൊങ്ങി.
അവൻ കൈകൾ തുഴഞ്ഞു കരയിലേക്ക് കയറുകയാണ്.

കരയ്ക്ക് കയറി നടന്നു നീങ്ങുന്ന ആന്റണിയുടെ പിന്നിൽ നിന്നുള്ള ദൃശ്യം.
അവന്റെ അരയ്ക്കു താഴെ മങ്ങിയ ദൃശ്യം.
അതിൽ നിന്നും അവൻ പൂർണ്ണ നഗ്നൻ ആണെന്ന് വ്യക്തം.
ജനങ്ങളുടെ ഇടയിൽ നിന്നും ആരവങ്ങളും നിലവിളികളും ഉയർന്നു .

അവന്റെ വലതുകൈ മുകളിലേക്ക് ഉയരുന്നു. മങ്ങിയ ഭാഗത്ത് നിന്ന് കൈ മുകളിലേക്ക് വരുമ്പോൾ ആ കൈയിൽ നേരത്തെ എറിഞ്ഞു കൊടുത്ത അറവുകത്തി കാണാം.
അതിൽ ചോരമയം.
ആന്റണി ആ കത്തി മണ്ണിൽ കുത്തി നിർത്തി തീരത്തിന്റെ താഴെ ഭാഗത്ത് തളർന്നു വീണ് പുഴയിലേക്ക് നോക്കിക്കിടക്കുന്നു.
അവന്റെ കാഴ്ചയിൽ തിട്ടയിൽ നിന്നും താഴേക്കു ചാടി ആറ്റിലേക്കു പായുന്ന ആളുകൾ.

ദൃശ്യത്തിൽ ആറ്റിൽ ചെളിയിൽ പുരണ്ടുകിട
ക്കുന്ന ആളുകൾ അവർ ഉയർന്ന പോത്തിനെ
ആക്രമിക്കുന്നു.
പോത്തും മനുഷ്യരും ചെളിയിൽ പിരണ്ട ശില്പ
ങ്ങൾ പോലെ.

- Cut to-

**സീൻ–64**

## മരണാസന്നനായ വൃദ്ധന്റെ വീട്

Day/Int

നേരിയ വെളിച്ചം ആ മുറ്റത്തുണ്ട്. വൃദ്ധന്റെ ശ്വാസം വലി കൂടി പരമാവധിയിൽ എത്തുന്നു.

മുറ്റത്തെ ഒരനക്കം അയാളുടെ ചെവികൾ പിടിച്ചെടുക്കുന്നു.
എഴുന്നേൽക്കാൻ വേണ്ടി സമീപത്തു തൂക്കിയിട്ടിരിക്കുന്ന കയറിൽ പിടിച്ചു അയാൾ അത്ഭുതകരമായി പതുക്കെ നിവരുന്നു.
മങ്ങിയ വെളിച്ചത്തിൽ മുറ്റത്തു ശാന്തനായ പോത്ത്.
അയാൾ കയറിൽ നിന്ന് കൈ വിട്ടു രണ്ടു കയ്യും കൂപ്പി എന്തോ മന്ത്രിക്കുന്നു.
ആ വൃദ്ധൻ പിന്നിലേക്ക് മറിഞ്ഞു വീണു മരിക്കുന്നു.

- Cut to-

**സീൻ–65**

**കവല**

**Day/Ext**

ആദ്യ ബസ്സിൽ വന്നിറങ്ങുന്ന പോൾ.
അയാളുടെ വസ്ത്രം അല്പം മുഷിഞ്ഞിരിക്കുന്നു.
കണ്ണുകളിൽ ഉറക്കച്ചടവ്.
കയ്യിൽ ഒരു കവറുണ്ട്.
ചായ നീളത്തിൽ ഊറ്റുന്ന കടക്കാരൻ.
ഊറ്റുന്നത്തിനിടയിൽ

ചായക്കടക്കാരൻ : പോത്തിനെ കൊല്ലാനുള്ള ഓർഡറോ...?
ആൾക്കാളരതിനെ പങ്കു വെച്ച് തീരാറായി.
പിടീന്നു ചെന്നാ രണ്ടു കിലോ ഓസിനു കിട്ടും.

ഒന്ന് ആലോചിച്ച ശേഷം പെട്ടെന്ന് വഴിയിലേക്ക്
ചാഞ്ഞു നിൽക്കുന്ന തേക്കിന്റെ രണ്ടിലകൾ
പറിച്ചു വേഗത്തിൽ നടന്നു പോകുന്ന പോൾ.

- Cut to-

**സീൻ–66**

**കാലൻ വർക്കിയുടെ വീട്**

**Day/Int**

മുറ്റത്തു നിന്ന് കുലഞ്ഞിൽ കൊണ്ട് പല്ല് തേക്കുന്ന വർക്കി. ദേഹത്ത് ചില പരിക്കുകൾ വെച്ചു കെട്ടിയിട്ടുണ്ട്. പെട്ടന്നയാൾക്ക് പ്രായം കൂടിയ ഭാവം.
അയാൾ വാ കഴുകി നീട്ടിത്തുപ്പി മുണ്ടിന്റെ അറ്റം കൊണ്ട് മുഖം തുടച്ചു തിണ്ണയിലേക്ക് കയറുന്നു.

- Cut to-

**മുറിക്കകം.**

കട്ടിലിൽ പാതിയഴിഞ്ഞ വസ്ത്രങ്ങളുമായി തിരിഞ്ഞു കിടന്നുറങ്ങുന്ന സോഫി.
അവളോട് ചേർന്ന് കിടന്നിരുന്ന ആന്റണി എഴുന്നേറ്റു മുണ്ട് യഥാവിധം ഉടുക്കുന്നു.

- Cut to-

തിണ്ണയിലേക്ക് ഇറങ്ങുന്ന ആന്റണി ആരോടെന്നില്ലാതെ

ആന്റണി : വണ്ടിയിപ്പം വരും എരുമയാ...ആ...

അതും പറഞ്ഞു മുണ്ട് നെഞ്ച് വരെ മടക്കിക്കുത്തി അധികാര ഭാവത്തിൽ അവൻ പുറത്തേക്ക് വേഗത്തിൽ നടന്നു പോകുന്നു.
അയയിൽ കിടന്ന തോർത്ത് കുടഞ്ഞു തോളിലിട്ടു വർക്കിയും വിഷമിച്ചു പിന്നാലെ പോകാൻ ഓങ്ങുന്നു.
അപ്പോൾ തിണ്ണയിലേക്ക് വരുന്ന സോഫി ദേഷ്യത്തിൽ

സോഫി : ഇച്ചായനവിടെ ചുമ്മാതിരി. ആകാവുന്നവര് ചെയ്യട്ടെ.

അത് പറഞ്ഞു നടന്നിറങ്ങിപ്പോകുന്ന അവനെ നോക്കി അവളുടെ മുഖത്ത് ഒരു കുസൃതിച്ചിരി.

വാഴത്തോപ്പുകൾക്കിടയിലൂടെ ദൃഢമായ കാൽവെപ്പോടെ നടന്നു നീങ്ങുന്ന ആന്റണിയെ നോക്കി വർക്കി സ്വയം പറയുന്നു ‘കാലൻ’.

- Cut to-